III. LEGISLATIVE BUSINESS.

The Kerala Agrarian Relations Bill, 1957—(*contd.*)

(The number within brackets shown against the amendments denotes the number in the list of amendments)

Mr. Speaker: Smt. Gouri, have you given notice of your amendment to sub-clause (47) of Clause 2, which you promised yesterday?

Smt. K. R. Gouri: Sub clause 2 (47) may be held over for the time being, but sub-clause (50) of Clause 2 may be taken up now.

Mr. Speaker: Have you to say anything more by way of reply to the amendment moved by Mr. Viswanathan yesterday to sub-clause (50) of Clause 2 ?

ശ്രീമതി കെ. ആർ. ഗൗരി: സർ, 'to hold land' means to be in possession of land as owner or as tenant or as usufructuary mortgagee or partly as owner, partly as tenant and partly as usufructuary mortgagee.

ഇതാണ് Mr. Viswanathan-ന്റെ ഭേദഗതി. അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിച്ചാൽ possession, mortgagees-ന്റെ കൂടി അംഗീകരിക്കേണ്ടിവരും. Possession owner ന്റെയും Tenant-ന്റെയും മാത്രമേ അംഗീകരിക്കുന്നുള്ളൂ. സർ, സീലിംഗ് സംബന്ധിച്ച പ്രശ്നം വരുമ്പോൾ മാർട്ട്ഗേജ് കൂടി ceiling ൽ ചേർക്കണമെങ്കിൽ അവിടെ explanation ചേർത്താൽ മതി. ആ നിലയിൽ ഇവിടെ എഴുതിച്ചേർക്കേണ്ട ആവശ്യം ഇല്ല എന്നാണ് തോന്നുന്നത്. "ഹോൾഡ്" എന്ന വാക്ക് പല സ്ഥലത്തും വന്നിട്ടുണ്ട്. ഇവിടെ ഡെഫനിഷൻ മാററുകയാണെങ്കിൽ പല ക്ലാസ്സുകളേയും അതു ബാധിക്കും. ഹോൾഡ് എന്നുള്ളത് അവിടെത്തന്നെ നിശ്ചയിക്കുകയും, സീലിംഗ് വരുമ്പോൾ മാർട്ട്ഗേജ് ഉൾപ്പെടുത്തണമോ വേണ്ടയോ എന്നുള്ളത് ആലോചിക്കാവുന്നതുമാണ്. അതുകൊണ്ട് ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. അങ്ങനെ ചേർക്കണമെങ്കിൽതന്നെ സീലിംഗിൽ those lands in possession of mortgagees will also be taken into consideration in the calculation of ceiling എന്നോ മറേറാ എഴുതിച്ചേർത്താൽമതി.

The amendment (No. 232) to Clause 2 (50) of Shri K. K. Viswanathan was put and lost.

Clause 3 (contd.)

Mr. Speaker: Mr. Narayana Kurup, you may now move your amendment to amendment No. 264 to Clause 3 (v).

Shri M. Narayana Kurup: Instead of that amendment, the Minister has now propo ed a new amendment. I propose to move my amendment to that amendment. I shall move my amendment after the Minister has moved her amendment.

Mr Speaker: There can be an amendment to amendment; but there cannot be an amendment to an amendment to amendment.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: When the Minister moves her amendment, the other is to be taken as withdrawn. It has to be construed in that light. When the Minister moves an amendment to substitute another amendment, the Minister's amendment becomes the original amendment. If, under the circumstances, I am not allowed to move an amendment to the Minister's amendment, then another Member will have to file another amendment and the Minister will have to bring in a new amendment to that amendment.

Mr. Speaker: Well, the whole thing is only technical. It is strictly an amendment. You can move your amendment to amendment of the Minister. But let the Minister move that amendment first.

Smt. K. R. Gouri: Sir, I move:

In the amendment of Shri E. P. Gopalan (No. 264) to clause 3 (v) substitute the following proviso:

> "Provided that nothing in this Clause shall apply to tenancies created by mortgagees in possession, in respect of lands situate in that portion of Malabar where the Malabar Tenancy Act, 1929 was not in force immediately before the commencement of this Act, if the tenants were in continuous possession for a period of five years ending with the 14th day of April, 1959."

സർ, ഇതു് ശ്രീ. ഇ. പി. ഗോപാലൻെറ അമെൻഡ്മെൻറ് ഒന്നു മോഡിഫൈ ചെയ്തു ശരിയാക്കിയിരിക്കുകയാണു്.

In clause 3, second proviso says:

> "Provided that nothing in clauses (ii) to (vii) shall affect the rights of persons who have obtained fixity of tenure under the Malabar Tenancy Act, 1929, or the Cochin Verumpattomdars Act VIII of 1118, or section 7 of the Hindu Succession Act, 1956."

സർ, ഇതോടൊപ്പംതന്നെ മലബാർ ടെനൻസി ആക്റ്റ് പ്രകാരം മോർട്ട്ഗേജിയുടെ ടെനൻസിക്കും ഫിക്സിററി നേരത്തെ കിട്ടിയിട്ടുണ്ടെങ്കിൽ അവർക്കും കൊടുത്തിട്ടുണ്ടു്. അതുപോലെ കാസർകോട്ട് ഏരിയായിൽ ടെനൻസി ആക്റ്റില്ലാത്തതുകൊണ്ടു് 5 കൊല്ലക്കാലം തുടർച്ചയായിട്ട് പൊസ്സെഷൻ ഉള്ളവർക്ക് ഫിക്സിററി കൊടുക്കണമെന്ന ഭേദഗതി സ്വീകാര്യമാണു്. ബാക്കിയുള്ള ഏരിയായെ സംബന്ധിച്ചിടത്തോളം മോർട്ട്ഗേജിയുടെ ടെനൻറിനു് ഫിക്സിററി കൊടുക്കരുതെന്നാണു് തീരുമാനിച്ചിട്ടുള്ളതു്. അതുകൊണ്ടാണു് വിവേചനമായിട്ട് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നതു്.

I also move:

In clause 3, sub-clause (i) the following proviso shall be added:

> "Provided that leases over lands escheated to the Government shall not be deemed to be leases of land belonging to or vested in the Government if such leases subsisted at the time of the escheat and continued to be in force at the commencement of this Act."

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

ശ്രീ. സി. എച്ച്. കണാരന്റെ ഭേദഗതി കുറച്ചുകൂടി ഭേദപ്പെട്ട നിലയിൽ ഇവിടെ മാററിയിരിക്കുകയാണ്. ഗവണ്മെന്റ് ലാൻഡ് എന്ന നിലയിൽ അല്ല, എസ്ചീററ് ലാൻഡ് എന്നുള്ള നിലയിലും ഈ ആക്ട് പ്രകാരം എല്ലാ ആനുകൂല്യങ്ങളും പാട്ടക്കാർക്ക് ലഭിക്കത്തക്കവിധം ഇത് ശരിപ്പെടുത്തിയിരിക്കുകയാണ്.

I also move:

In clause 3 in the proviso occurring after sub-clause (vii), for "clauses (ii) to (vii)" substitute "clauses (i) to (vii)"

സർ, മി. അച്യുതൻ തന്റെ ഭേദഗതികളെ, കൊടുങ്ങല്ലൂർ കോവിലകം എസ്റ്റേററിനെ സംബന്ധിച്ചു അവതരിപ്പിച്ചിട്ടുണ്ട്. ഗ്രാന്റ് കിട്ടിയിട്ടുള്ള വസ്തുക്കളാണെങ്കിൽ, അന്നത്തെയായിരുന്ന റൈററ് ഇനിയും കിട്ടണമെന്നുള്ള നിലയിൽ അവതരിപ്പിച്ചിട്ടുള്ളതാണവ. അതിലെ വാചകം അത്രമാത്രം ശരിയായിട്ടുള്ളതല്ലായിരുന്നു. അത് പരിശോധിച്ചതിൽ കൊടുങ്ങല്ലൂർ കോവിലകം വക വസ്തുക്കൾ നാട്ടികയിലും, ചാവക്കാട്ടും ഉണ്ടെന്നു മനസ്സിലായി. അതുപോലെതന്നെ കൊച്ചി രാജകുടുംബത്തിന്റെ വക വസ്തുക്കൾ പാലക്കാട്ട ഡിസ്ട്രിക്ടിലും കുറെ ഉണ്ടെന്നു കാണുന്നു. ഇതു രണ്ടും മലബാർ ടെനൻസി ആക്ടിന്റെ അടിസ്ഥാനത്തിൽ ഫിക്സിററി ലഭിച്ചിരുന്നതാണ്. ആ നിലയിൽ അതിനെ കുടിയാന്മാർക്ക് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടരുത് എന്ന വിധത്തിൽ എഴുതിച്ചേർത്തിരിക്കുകയാണ്.

Shri M. Narayana Kurup: Sir, I move that in the amendment now moved by the Minister, the words "of Malabar" may be deleted.

When I say this, I wish to ....

Mr. Speaker: Please wait. Let the other amendments also be moved. Shri T. A. Thomman, you can move your amendment.

Shri T. A. Thomman: Sir, I move:

In clause 3 (i), add after "the Government of Kerala" the following "which should be reserved for Government or public purposes."

Sir, along with my amendment the provision would read thus:

> "(i) leases of land or of buildings or of both belonging to or vested in the Government of Kerala *which should be reserved for Government or public purposes* or the Government of any other State in India or the Government of India or a local authority or any other authority notified by the Government in this behalf"

Mr. Speaker: You can speak on the amendment later. Now, Mr. Kanaran has tabled an amendment.

Shri C. H. Kanaran: I move:

To sub-clause (i) of clause 3, the following proviso shall be added:—

> "Provided where the State Government has acquired property by escheat and there are tenants on the land at the time of vesting of the estate in the Government and

LIBRARY ARCHIVES Kerala Legislative Assembly

such tenants continue in possession at the commencement of this Act, such tenants shall be entitled to all the rights under this Chapter as if the property continued to be owned by the same owner from whom it escheated to Government''.

Shri M. Narayana Kurup: Sir, the two amendments which I wish to move now are—

(i) delete the words 'of Malabar' in the Amendment of the Minister and

(ii) add the words "or surrendered" after the word "escheated" in the next amendment of the Minister.

ശ്രീ. കെ. എസ്സ്. അച്യുതൻ: സർ, എന്റെ ഭേദഗതിയെ സംബന്ധിച്ച് എനിക്ക് എടുത്തുപറയാനില്ല. ഞാൻ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്, മലബാർ ടെനൻസി ആക്റ്റ് പ്രകാരം ഫിക്സിറ്റി ലഭിച്ചിട്ടുള്ള കുടിയാന്മാർക്ക് ഈ നിയമംമൂലം തകരാറുണ്ടാകരുതെന്നാണ്. അതിന്റെ അന്തരാർത്ഥം ബഹുമാനപ്പെട്ട റവന്യൂമന്ത്രി അംഗീകരിച്ച് ഭേദഗതി സ്വീകരിച്ചിരിക്കുന്നതിൽ സന്തോഷമുണ്ട്. ഗവൺമെന്റിനു നേരിട്ടും യാദൃച്ഛികമായും ഭൂമി കൈവശത്തിൽ വന്നുചേരാറുണ്ട്. ഇതുരണ്ടും വ്യത്യസ്തനിലയിൽതന്നെ കണക്കാക്കണം. ഏതു പ്രദേശത്തെ സംബന്ധിച്ചായാലും ശരി. ഗവൺമെന്റിന് നേരിട്ടുകിട്ടുന്ന ഭൂമിയുടെ കാര്യത്തിലും യാദൃച്ഛികമായി കിട്ടുന്ന ഭൂമിയെ സംബന്ധിച്ചും കുടിയായ്മയുടെ കാര്യത്തിൽ വിവേചനം ഉണ്ടായിരിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഈ നിയമത്തിന്റെ ഗുണം വളരെ അധികം കുടിയാന്മാർക്കും ലഭിക്കാതെപോകും. ഇതിന്റെ തത്വം മനസ്സിലാക്കി ഈ ഭേദഗതി സ്വീകരിച്ചിരിക്കുന്നസ്ഥിതിക്കു കൂടുതൽ ഇതിനെപ്പറ്റി സംസാരിക്കുന്നില്ല. ഈ ഭേദഗതിയുടെ തത്വം സ്വീകരിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു.

Shri T. A. Thomman: In clause 3, leases of land belonging to Government are exempted from the provisions regarding tenancies. The object of my amendment is to see that leases of land belonging to Government also come within the purview of Chapter 2. There are very many cases in which Government have given lands on Kuthakapattom and those tenants are in possession of the property for the last so many years. They have effected valuable improvements; they have constructed residential houses and they are living in them. They have converted the land into yielding properties; most of them are now garden lands. We are very particular to see that permanency of tenure is given to tenants, of lands belonging to individuals, companies, institutions etc. The number of tenants under the Government is big. The extent of land is also considerably large. So, if the biggest landlord, the Government of Kerala is not prepared to give tenancy rights to its tenants it will be very very hard. So, it is with the object of conferring tenancy rights over Government lands that I have moved this amendment. Of course, I am not unaware that under the Land Assignment Rules there are provisions for the registry of land on Kuthakapattom etc. But what I would wish to submit is that under the Land Assignment Rules only a portion of the whole property in the possession of the tenants will be registered in the name of

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

the tenant and not the entire holding. That will be creating great hardship to a large section of the people, especially in areas like Udumbanchola, Peermede, and Devicolam taluks and eastern portions of Muvattupuzha and Thodupuzha taluks. Rule 11 of the Land Assignment Rules state:

"11. (1) Before granting registry, Government shall cause to be prepared lists of the lands which should be reserved for Government or public purpose in each village and lists of the lands which may be made available for assignment in each village.

(2) Lands to be reserved for Government or public purposes shall include, among others, as may be found necessary:

(i) Porambokes as defined in the Kerala Land Conservancy Act, except those which may be assigned without detriment to Government or public interest;

(ii) Lands required for Government or public purposes other than those covered by the definition of porombokе in the Kerala Land Conservancy Act;

(iii) Lands required or likely to be required by local bodies;

(iv) Lands likely to be required for the present or future Government or public purposes."

So my submission is that it would become necessary that some lands given on Kuthakapattom tenure should be assumed for Government purposes or public purposes and that such lands should be excluded from the operation of this Bill. Even after such assumption by Government for Government or public purposes considerable tracts will be left and they should come within the purview of this chapter. Those persons who are in occupation of lands which as such are not necessary for Government or public purposes, should be given permanency of tenure under the Kerala Agrarian Relations Bill, chapter 2, but not under the Land Assignment Rules. Under the Land Assignment Rules a person is entitled to get one acre of wet land, or three acres of dry lands in the plains or five acres in the hilly tracts. So even if a person is in possession of more than the area prescribed under the Land Assignment Rules he is entitled to get only either one acre of wet land, or three acres of dry land or five acres in the hilly area. The rest of the property which he has converted into valuable lands will be taken away from him and that will be vested in Government and he will be given no compensation for his improvements. The purpose of this amendment is to see those tenants who have improved the land, those who are in actual possession of land under Kuthakapattom

LIBRARY ARCHIVES Kerala Legislative Assembly

tenure are given permanency of tenure. Otherwise it will work very great hardship on persons who have really improved the land and who are really living on the property. So it is with that object that I have moved my amendment.

Sir, I have moved another amendment regarding clause 3(1) viz. to delete "or any other authority notified by the Government in this behalf". I don't understand the implication of "authority". "Leases of land or buildings or of both belonging to or vested in the Government of Kerala or the Government of any other State in India or the Government of India or a local authority or any other authority notified by the Government in this behalf;". I would be greatful if some inkling is given by the Revenue Minister as to what all authorities are contemplated under "any other authority". I am at a loss to know it. An illustration or example will be sufficient.

Smt. K. R. Gouri: Cochin Port authority.

Shri T. A. Thomman: Then it would be better if it is provided here. Why should power be conferred on the Government to exempt lands as they like? Why not it be provided here?

Smt. K. R. Gouri: Sir, I will explain. ഇതിൽ മുമ്പ് എഴുതിയിരുന്നതു് പോർട്ട് അതോറിട്ടീസ് എന്നു തന്നെയായിരുന്നു. സെലക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്തപ്പോഴാണു് വേറെ ഏതെങ്കിലും ഉണ്ടോ എന്നു നോക്കണമെന്നു് അഭിപ്രായമുണ്ടായതു്. ആ നിലയിലാണു് ഇങ്ങനെ മാററം വന്നിട്ടുള്ളതു്. ഇതു സംബന്ധിച്ചുള്ള ക്ലാസ് സഭയിൽ വരുമ്പോൾ ഓരോ ക്ലാസായി ഡിസ്കസ് ചെയ്തു മാററങ്ങൾ വരുത്തുകയായിരിക്കും നല്ലതു്.

Shri M. Narayana Kurup: These are not rules which will be placed on the table. These are Government notifications which need not be placed on the table. What the Minister stated is not at all correct.

Shri T. A. Thomman: There is clause 86 in the Agrarian Relations Bill. "The Government may make rules to carry out all or any of the purposes of this Act. In particular and without prejudice to the generality of the foregoing power such rules may provide for the following matters". As Mr. Kurup pointed out it is not a rule but it is a notification by the Government and as far as I can see, Sir, the notifications of Government need not at all be placed on the table of this House. The Government are given complete powers, to issue notifications etc. The Legislature is delegating full powers on Government and the Government need not at all place these rules before this House. That is why I object to that power. Let us understand, Sir, that when we are enacting a legislation, whatever be the Government, whether the Congress or the Communist or the P. S. P. or any other Government, no Government should be given powers like this. So, Sir, I would submit that it is better that it is specified here.

ശ്രീ. സി. എ. മാത്യു: കൃഷിഭൂമിയെ സംബന്ധിച്ചിടത്തോളമുള്ള പരിപൂർണ്ണ അവകാശങ്ങളും കൃഷിചെയ്യുന്ന കർഷകനുതന്നെ നൽകണമെന്നുള്ള അടിസ്ഥാനതത്വത്തെ ആദരിച്ചുകൊണ്ടു് എഴുതിയിട്ടുള്ള ഈ ബില്ലിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

കർഷകന് കൃഷിഭൂമി ലഭിക്കുന്ന കാര്യത്തിൽ വളരെയധികം തടസ്സങ്ങളും അഥവാ ഒഴിവാക്കലുകളും ഉണ്ടാകുന്ന ക്ലാസ് ചേർക്കുന്നതു് ശരിയായിരിക്കുകയില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. ഈ മൂന്നാമത്തെ ക്ലാസിൽ ഏതെല്ലാം കുടിയാന് കൃഷിഭൂമിയെ സംബന്ധിച്ചിടത്തോളം സ്ഥിരാവകാശത്തിന് അർഹതയില്ലെന്ന് എടുത്തു പറഞ്ഞിരിക്കുകയാണ്. ഈ ക്ലാസിന്റെ വ്യാപ്തി അല്പം അധികമായിപ്പോയി. ഈ രാജ്യത്തെ ഒരു വലിയ ശതമാനം കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, 'കർഷകന് കൃഷിഭൂമി'യെന്നുള്ള ആ തത്വംവച്ച് നോക്കുമ്പോൾ ഒരിക്കലും ഉപകരിക്കാത്ത രീതിയിലുള്ള നിർദ്ദേശങ്ങളാണ് മൂന്നാം ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. ചില ലക്ഷ്യങ്ങളെ മുൻനിറുത്തി, അതുപോലെതന്നെ പൊതുവായി എല്ലാ ആളുകൾക്കും യോജിക്കാവുന്നതും ഉപകരിക്കാവുന്നതുമായ ലക്ഷ്യങ്ങളെ മുൻനിറുത്തി, ഭൂമിയിൽ കർഷകന് സ്ഥിരാവകാശം കൊടുക്കുന്നതു് കുറെയൊക്കെ നിയന്ത്രിക്കുന്നതു് അനുകൂലിക്കത്തക്കതാണെങ്കിലും ഈ വകുപ്പിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ കുറെ അധികമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഇതിന് നാലഞ്ചു ഭേദഗതികൾ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. അവ കൃഷിക്കാരന് കൃഷിഭൂമിയിൽ സ്ഥിരാവകാശം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണ്. പൊതു ആവശ്യങ്ങൾക്ക് നീക്കിവയ്ക്കപ്പെട്ടതും നീക്കിവയ്ക്കപ്പെടേണ്ടതുമായ സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം കൃഷിക്കാരന് സ്ഥിരാവകാശം നൽകുന്നതു് ശരിയായിരിക്കയില്ലെങ്കിലും പല കാര്യങ്ങളും ഈ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതു് ഒരിക്കലും അനുകൂലിക്കത്തക്കതല്ലെന്നാണ് എന്റെ അഭിപ്രായം.

എന്റെ ഒന്നാമത്തെ ഭേദഗതി 247 ആണ്. അതിന് അല്പം ചില വൈകല്യങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറയുകയുണ്ടായി. 'or' എന്ന പദം മാററിയാൽ കുഴപ്പമൊന്നുമില്ലെന്നാണ് തോന്നുന്നതു്. ക്ലാസ് 3(1)-ൽ കേരള ഗവൺമെന്റിന്റെയോ, ഇൻഡ്യയിലെ മററു സ്ഥാപനങ്ങളുടെയോ, അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെന്റിന്റെയോ, അല്ലെങ്കിൽ ഒരു ലോക്കൽ അതോറിററിയുടെയോ വകയായിട്ടുള്ള ഭൂമികളെ സംബന്ധിച്ച് കുടിയാന് സ്ഥിരാവകാശം കിട്ടുകയില്ലെന്നാണ് പറയുന്നതു്. ഈ ഭൂമികളെ ടെനൻസിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ വകയായുള്ള സ്ഥലത്തേയും ഇതര ഗവൺമെന്റ് സ്ഥലത്തേയും, ഇങ്ങനെ മൊത്തത്തിൽ ടെനൻസിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതു് മൊത്തത്തിൽ ശരിയായിരിക്കുകയില്ല. ഗവൺമെന്റാണ് ഈ രാജ്യത്തെ ഏററവും വലിയ ജന്മി. ആ ജന്മിയെ സംബന്ധിച്ച് സ്ഥിരാവകാശം ലഭിക്കത്തക്ക വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്ന് ഇവിടെ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. കുത്തകപ്പാട്ടത്തെ സംബന്ധിച്ച് ഇനിയും ഞാൻ ഇവിടെ എടുത്തുപറയുന്നതു്, ഒരധികപ്പററാണെന്നുവരാം. അതുകൊണ്ട് ഞാനിതിനെപ്പററി വിവരിക്കുന്നില്ല. ഏതായാലും മററുള്ള കുടിയാന്മാരെപ്പോലെ, തുല്യപരിഗണനയ്ക്ക് അർഹരാണ് കുത്തകപ്പാട്ടകൃഷിക്കാർ എന്നുള്ളതിനു സംശയമില്ല. ലാൻഡ് അസൈൻമെന്റ് റൂൾ അനുസരിച്ച് കുത്തകപ്പാട്ടകൃഷിക്കാർക്ക് ചില വ്യവസ്ഥകളെല്ലാം ചെയ്തുകൊടുത്തിട്ടുണ്ടെങ്കിലും, മററു കുടിയാന്മാർക്ക് ലഭിക്കുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ കുത്തകപ്പാട്ടക്കാർക്ക് ലഭിക്കുന്നില്ലെന്നു കാണുമ്പോൾ, തികച്ചും വിവേചനാപരമായ ഒരു നിലപാടാണ്, ഇക്കാര്യത്തിൽ ഗവൺമെന്റ് കൈക്കൊള്ളുന്നതെന്നു പറയേണ്ടിയിരിക്കുന്നു.

ഇനി വേറെ ഏതെങ്കിലും അതോറിററികളും ഈ നിയമത്തിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കപ്പെടേണ്ടതായിട്ടുണ്ടോ എന്നു തീരുമാനിക്കുവാൻ ഗവൺമെന്റിനു കൊടുത്തിട്ടുള്ള അധികാരത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെയൊരധികാരം ഗവൺമെന്റിനു കൊടുക്കേണ്ടതായ ആവശ്യമുണ്ടോ? അഥവാ കൊടുക്കുകയാണെങ്കിൽത്തന്നെയും, ലോക്കൽ അതോറിററി

കളുടെ സ്ഥലത്തു് കുടിവച്ചു് താമസിച്ചു് കൃഷിചെയ്തുവരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അങ്ങനെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനു മുമ്പു് അവരുടെ അവകാശങ്ങളെ സംബന്ധിച്ചു് ഗവൺമെൻറു് വേണ്ട രീതിയിൽ വിലയിരുത്തുവാനുള്ള മനോഭാവം പ്രദർശിപ്പിക്കണമെന്നുള്ളതാണു് എൻെറ ആദ്യത്തെ ഭേദഗതിയുടെ ഉദ്ദേശം. ഏതെങ്കിലും സ്ഥലത്തു് കൃഷി ചെയ്യുന്ന ഒരു കുടിയാനു് അവിടെ സ്ഥിരാവകാശം ലഭ്യമാകുന്നില്ലെങ്കിൽ, ആ കുടിയാൻെറ ആവശ്യങ്ങളും അവകാശങ്ങളും ഗവൺമെൻറിൻെറ മുമ്പിൽ വയ്ക്കുവാനുള്ള അവസരം അയാൾക്കു് കൊടുക്കേണ്ടതാണു്. ഇന്നത്തെ നിലയിൽ, ഈ കുടിയാനു് ആ അവകാശം നോട്ടിഫിക്കേഷൻ വന്നതിനുശേഷമേ ഉണ്ടായിരിക്കുകയുള്ളു. ബഹുമാനപ്പെട്ട മന്ത്രിതന്നെ റബ്ബർബോർഡു്, കാപ്പി ബോർഡു്, മുതലായ സ്ഥാപനങ്ങളുടെവക സ്ഥലങ്ങൾകൂടി ലോക്കൽ അതോറിററികളുടെ ഗണനയിൽപ്പെടുമെന്നു പറയുന്നതുകൊണ്ടു് വളരെയധികം കുടിയാന്മാരെ ബാധിക്കുന്ന ഒരു വ്യവസ്ഥയാണിതെന്നു കാണാം. ആ നിലയിൽ ഈ കുടിയാന്മാർക്കു് ഗവൺമെൻറിൻെറ മുൻപാകെ, ഇതേസംബന്ധിച്ചു് നിവേദനം നടത്താനുള്ള ഒരവകാശമെങ്കിലും ഉണ്ടായിരിക്കേണ്ടതാണു്. ആ ഉദ്ദേശത്തോടുകൂടിയാണു് അവർക്കെന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ അതുകൂടി കേട്ടതിനുശേഷമേ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാവൂ എന്നൊരു ഭേദഗതി ഞാൻ കൊണ്ടുവന്നതു്.

രണ്ടാമത്തെ ഭേദഗതി, രണ്ടാം ഉപവകുപ്പിനെ സംബന്ധിച്ചുള്ളതാണു്. ആ വകുപ്പിൽ വീടും സൈററുമുണ്ടെങ്കിൽ അതും ലാൻഡു്, ഗാർഡൻ മുതലായവയും ഒഴിവാക്കിയിരിക്കുകയാണു്. അതിൻെറകൂടെ with or without the garden or land appurtenant thereto എന്നുകൂടി ചേർത്തിരിക്കുകയാണു്. ഗാർഡൻ എന്നു പറയുമ്പോൾ, തെങ്ങു്, കമുകു്, കൊടി മുതലായവ കൃഷി ചെയ്യുന്ന സ്ഥലങ്ങൾ എന്നാണുദ്ദേശിച്ചിരിക്കുന്നതു്. വീടും സൈററും ഒഴിവാക്കുന്നതിൽ ആർക്കും വിരോധമില്ല. പക്ഷെ അതിൻെറകൂടെ തെങ്ങിൻതോട്ടമോ മററോ ഉണ്ടെങ്കിൽ, അതിൽ താമസിക്കുന്ന കുടിയാന്മാർക്കു് സ്ഥിരാവകാശം നൽകാതിരിക്കുവാൻകൂടിയാണു് ഈ ഉപവകുപ്പിൽ അതെഴുതിച്ചേർത്തിരിക്കുന്നതെങ്കിൽ, ആ ഭാഗം അംഗീകരിക്കുവാൻ നിവൃത്തിയില്ല. ലാൻഡിനെപ്പററി പറയുന്ന നിർവചനംതന്നെ ഇവിടെ അംഗീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : Garden-നെപ്പററി പറയുന്നതു്, 'any land used principally for growing cocoanut trees, arecanut trees or both or used principally for growing pepper vine' എന്നാണു്. തെങ്ങുണ്ടെങ്കിൽ, അതു ഗാർഡനാണു്. വീടും വീടിരിക്കുന്ന സ്ഥലവുമാണു് സൈററു്. അപ്പോൾ അതിലെന്താണു് വിഷമം ?

ശ്രീ. സി. എ. മാത്യു : വീടിനെപ്പററി ആക്ഷേപമൊന്നുമില്ല. അതിൻെറ സൈററു് എന്നു പറയുന്നതും മനസ്സിലാക്കാം. എന്നാൽ അതിൽ കൂടുതൽ വരുന്ന സ്ഥലങ്ങളെ സംബന്ധിച്ചു് ആക്ഷേപമുണ്ടു്. അവിടെ ഒരു ഗാർഡനുണ്ടെങ്കിൽ, ആ ഗാർഡനിൽ കുടിയാന്മാരുണ്ടെങ്കിൽ, അവർക്കു് അവിടെ സ്ഥിരാവകാശം കൊടുക്കാതിരിക്കേണ്ട കാര്യമില്ല. അതിനുവേണ്ടിയാണു് ഞാനെൻെറ രണ്ടാമത്തെ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

മൂന്നാമത്തെ ഭേദഗതികൊണ്ടു് ഞാനുദ്ദേശിക്കുന്നതു്, സബ്ബ് ക്ലോസ് 3-ൽ കാണുന്ന ഒരു വൈകല്യത്തെ നീക്കം ചെയ്യുകയെന്നതാണു്. ഏതെങ്കിലും വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി, കൊടുത്തിട്ടുള്ള ഭൂമി, അങ്ങനെ കൊടുത്തു എന്നതുകൊണ്ടുമാത്രം ഈ ബില്ലിൻെറ വ്യാപ്തിയിൽ നിന്നും ഒഴിവാക്കേണ്ടയാവശ്യമില്ല. ലാൻഡു് ട്രിബ്യൂണലിൻെറ അഭിപ്രായത്തിൽ, ആ വക വ്യവസായങ്ങളവിടെ നടക്കുന്നുണ്ടെന്നു ബോദ്ധ്യമായതിനുശേഷമേ ആ വക സ്ഥലങ്ങൾ ഒഴിവാക്കാവൂ. ഇൻഡസ്ട്രിയൽ or കമേഴ്സ്യൽ പർപ്പസ്സിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ഏ. മാത്യു]

വേണ്ടി കൊടുത്തുപോയി എന്നതുകൊണ്ടു് ആ സ്ഥലം ഒഴിവാക്കേണ്ടയാവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. യഥാർത്ഥത്തിൽ അവിടെ വ്യവസായം നടക്കുന്നുണ്ടായിരിക്കണം. എങ്കിൽമാത്രമേ ഒഴിവാക്കാവൂ.

ശ്രീ. എൻ. രാജഗോപാലൻ നായർ: വ്യവസായാവശ്യത്തിനു് വിട്ടുകൊടുക്കുകയും എന്നാൽ വ്യവസായം നടത്താതിരിക്കുകയും ചെയ്യുന്ന ആളുകൾക്കു് ആ സ്ഥലം കൊടുക്കരുതു് എന്നാണോ പറയുന്നതു്?

ശ്രീ. സി. ഏ. മാത്യു: ആ സ്ഥലത്തുള്ള കുടിയാനു് ഈ ബില്ലിന്റെ ഗുണം ലഭിക്കണമെന്നാണു് പറയുന്നതു്.

Mr. Speaker: That is an absurd position. Suppose a man takes some land on lease alleging that it will be used for industrial purpose. But he refused to use that for industrial purpose.

ശ്രീ. സി. ഏ. മാത്യു: അങ്ങനെയുള്ളവർക്കു് കിട്ടരുതെന്നാണു പറയുന്നതു്. എന്റെ അമൻഡുമെന്റു് വായിച്ചാൽ അതു് വ്യക്തമാകും.

'Which in the opinion of the Land Tribunal, bona fide carries on any industrial or commercial operations' അങ്ങനെയുള്ളവനേ കൊടുക്കാവൂ എന്നാണു് പറയുന്നതു്.

Mr. Speaker: You think over and then speak.

കൃഷിചെയ്യാൻ കൊടുക്കുകയാണെങ്കിൽ എക്സ്ക്ലൂഡു് ചെയ്യണം എന്നല്ലേ പറഞ്ഞിരിക്കുന്നതു്?

ശ്രീ. സി. ഏ. മാത്യു: കൃഷിചെയ്താൽ കൊടുക്കണമെന്നാണു് പറയുന്നതു്.

എന്റെ നാലാമത്തെ ഭേദഗതി പ്രൈവററു ഫാറസ്റ്റിനെ സംബന്ധിച്ചുള്ളതാണു്. പ്രൈവററു് ഫാറസ്ററുകളധികവും മലബാറിലാണുള്ളതു്. അവിടെ അവയെ ആകപ്പാടെ ഒഴിവാക്കുകയാണെങ്കിൽ, അനേകം കുടിയാന്മാർക്കു് ഈ ബില്ലിന്റെ ഗുണം ലഭിക്കാതെ പോകും. അതുകൊണ്ടു് പ്രൈവററു് ഫാറസ്റ്റിലെ കുടിയാന്മാരെ എക്സ്ക്ലൂഡു് ചെയ്യേണ്ടയാവശ്യമില്ല.

അഞ്ചാമത്തെ ഭേദഗതി എക്സംപ്ഷൻ ക്ലാസിൽ, 'In clause 3, add as sub-clause (xi):—"lands held or leased by such cooperative societies as are approved by the Government which have for their objects the improvement of the economic and social conditions of peasants or ensuring the full and efficient use of land for agricultural or allied purposes" എന്നുവേണമെന്നാണു്. അതായതു, ഗവൺമെന്റിന്റെ അഭിപ്രായത്തിൽ കൃഷി കാര്യങ്ങൾക്കു് പ്രാധാന്യം കൊടുത്തുകൊണ്ടു് സ്ഥാപിച്ചിട്ടുള്ള കോവാപ്പറേററീവു് സൊസൈററികളുടെ സ്ഥലങ്ങളെയും എക്സംപ്ഷനിൽപ്പെടുത്തണം എന്നാണു്. ആ ആശയമാണു് എന്റെ 259-ാം നമ്പർ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. [illegible] ബാവാ: സർ, ഈ വകുപ്പിലെ നിർവ്വചനം അനുസരിച്ചു് കുത്തകപ്പാട്ടത്തിനു കൊടുത്തിരിക്കുന്ന വസ്തുക്കളിൽ താമസിക്കുന്ന കുടിയാന്മാർക്കു് സംരക്ഷണാവകാശം ലഭിക്കുവാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. പരമ്പരാഗതമായി കൃഷിഭൂമി കൈവശം വച്ചു് അനുഭവിച്ചുകൊണ്ടിരിക്കുന്നവർ ധാരാളം ഉണ്ടു്. മുമ്പു് കുത്തകപ്പാട്ടം ഭൂമി കൃഷിചെയ്യാൻ ലേലം ചെയ്തുകൊടുക്കുകയാണു് പതിവു്. ആ ഭൂമിയിൽ പ്രവേശിക്കുന്നവർ അദ്ധ്വാനിച്ചു് കൃഷി ചെയ്യുകയും, കൃഷിയിൽ വളരെയധികം ഇംപ്രൂവ്മെൻറസ് ഉണ്ടാക്കുകയും ചെയ്യുന്നുണ്ടു്. ഇതിനു ആ ററിന്നുതന്നെ ലേലം ചെയ്തുകൊടുക്കും. അവരെ അതിൽ സ്ഥിരമായി കൃഷി ചെയ്യുകയുമാണു് പതിവു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Not less than five days discussion has taken place in regard to kuthagapattom leases.

ശ്രീ. ടി. ഒ. ബാവാ: ഒരുത്തന് വാരം കൃഷി ചെയ്യാൻ കൊടുക്കുന്ന നിലം കൃഷിചെയ്യുന്നയാളിനു് ആ നിലം വിലയ്ക്കു വാങ്ങുവാനും, സ്ഥിരാവകാശമായി വച്ചുകൊണ്ടിരിക്കുവാനുമുള്ള അവകാശവും, സൗകര്യവും കൊടുത്തിരിക്കുന്ന ഈ ബില്ലിൽ ഗവണ്മെന്റിന്റെ വക ഭൂമി, ഗവണ്മെന്റിനു് ആവശ്യമില്ലാത്തതും ഒന്നിനും കൊള്ളാത്തതുമായതു് കൃഷിചെയ്തു് ആദായം എടുക്കുന്നവർക്കു് ആ ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുകയില്ല എന്നു പറയുന്നതു് ഒരിക്കലും നീതീകരിക്കാവുന്നതല്ല. ഇത്തരം ഭൂമി കുടിയാന്മാർ കൈവശം വച്ചനുഭവിച്ചുകൊണ്ടിരിക്കുന്നതായി എല്ലാ താലൂക്കുകളിലും നോക്കിയാലും കാണാൻ കഴിയുന്നതാണു്. പണ്ടു് റോഡിനും, കുളത്തിനും, തോടിനും മാററിയിട്ടിരുന്ന ഭൂമി, പിന്നീടു് ആവശ്യമില്ലാതെവന്നപ്പോൾ ഗവണ്മെന്റു് കുത്തകപ്പാട്ടത്തിനു ലേലം ചെയ്തു കൊടുക്കും. അത്തരം ഭൂമി വളരെക്കാലമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന കുടിയാന്മാരുമുണ്ടു്. ഈ കുടിയാന്മാർക്കു് ആ വക പുറമ്പോക്കുകളുടേയും, നിലങ്ങളുടേയും ഓണർഷിപ്പു കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. അപ്രകാരം കൈവശമുള്ള ഭൂമി സീലിംഗു് വരെ ഈ കുടിയാന്മാർക്കു് കൊടുക്കേണ്ടതു് കേവലം ന്യായം മാത്രമാണു്. അതുകൊണ്ടു് ആ വക ഭൂമി കൂടി ഈ വകുപ്പിൽ ഉൾപ്പെടുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: സർ, മൂന്നാമത്തെ വകുപ്പിനെപ്പററി അതിപ്രധാനമായ രണ്ടു കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അതുതന്നെ പലപ്പോഴും ഇവിടെ പറഞ്ഞു, കുത്തകപ്പാട്ട ഭൂമിയെപ്പററിയുള്ള ചർച്ചകൾ വേണ്ടതിലധികമായി എന്നു്. എന്നാൽ കുത്തകപ്പാട്ടഭൂമി പലതരത്തിലുണ്ടു്. അവയെപ്പററി ഗവണ്മെന്റു് വേണ്ടപോലെ ശ്രദ്ധിച്ചിട്ടുണ്ടോ, എന്നെനിക്കു് അറിഞ്ഞുകൂടാ. അവ ഓരോന്നിനെയും പററി ഈ നിയമസഭയിലുണ്ടായ ചർച്ചകളിൽ വന്നിട്ടില്ല. വളരെ ചുരുക്കമായി ഇതുസംബന്ധിച്ച ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്.

ഉദാഹരണം പറയാം; ഇടപ്പള്ളി ചീഫിനു് ഈ രാജ്യത്തു് വസ്തുക്കൾ ഉണ്ടായിരുന്നു. കല്ലുപ്പാറ പകുതിയിൽ ഉണ്ടായിരുന്ന വസ്തുക്കൾ, അദ്ദേഹത്തിനു മററുള്ള വസ്തുക്കൾ പോലെ കുടിയാന്മാർ പൂർണ്ണാവകാശം സമ്പാദിച്ചും, അല്ലാതെയും കൈവശം വച്ചനുഭവിച്ചുവന്നിരുന്നു. അക്കാലത്തുണ്ടായ ഒരു സർവ്വേയുടെ ഫലമായി ഇടപ്പള്ളി ചീഫിന്റെ വക കുറെ വസ്തുക്കൾ സർക്കാരിന്റേതാണെന്ന ഒരവകാശവാദം സർക്കാർ കൊണ്ടുവന്നു. ഈ അവകാശവാദം ശരിയല്ലെന്നു സ്ഥാപിച്ചുകിട്ടാൻവേണ്ടി ഇടപ്പള്ളി ചീഫ് കേസ് കൊടുത്തു. കോട്ടയം ജില്ലാക്കോടതിയിൽ കേസ് ചീഫിനു ഗുണമായി വിധിച്ചു.

അതിനുശേഷം ഗവണ്മെന്റു ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അങ്ങനെയിരിക്കുമ്പോൾ, ഇടപ്പള്ളി ചീഫും, ഗവണ്മെന്റും തമ്മിൽ കേസ് രാജിയായി. അങ്ങനെ കേസ് രാജിയായതിന്റെ ഫലമായി ഇടപ്പള്ളി ചീഫിന്റെ വകയായിരുന്ന കുറെ അധികം ഏക്കർ ഭൂമി ഗവണ്മെന്റിനു വിട്ടുകൊടുത്തു. അങ്ങനെ ഇടപ്പള്ളി ചീഫിന്റെ കീഴിൽ കുടിയാന്മാരായിരുന്ന ആളുകൾ ഗവണ്മെന്റിന്റെ കീഴിൽ കുടിയാന്മാരായിത്തീർന്നു. പത്തറുപതുകൊല്ലമായി ഇടപ്പള്ളി ചീഫിന്റെ കീഴിലായിരുന്ന കുടിയാന്മാർ അവിടെ കൃഷിചെയ്തുവരികയാണു്. അവർ കൃഷിചെയ്തു ഉണ്ടാക്കിയ തെങ്ങുകളെല്ലാം ഇന്നു കൊന്നതെങ്ങുകളായി മാറിയിട്ടുണ്ടു്. ആ ഭൂമികൾ ഇന്നു സർക്കാരിന്റേതാക്കിവച്ചു പുതിയ പതിവിനു നടപടികളെടുത്തുകൊണ്ടിരിക്കുകയാണു്. കുറെ ആളുകൾ ആ ഭൂമി കുത്തകപ്പാട്ടത്തിനു വാങ്ങിയിട്ടുണ്ടു്. പല ആളുകളും പതിവിനുവേണ്ടി ഹർജിയും മററും കൊടുത്തതിന്റെ ഫലമായി പതിവിനുള്ള നടപടികളും മററും ഇന്നു സ്വീകരിച്ചിട്ടുണ്ടു്. തറവിലയും,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

തറവിലയും പല വർഷങ്ങളിലെ കുടിശ്ശിക നികുതിയും മററും ഇന്നു കണക്കാക്കി സംഖ്യ കെട്ടിവയ്ക്കുന്നവക്കു് അതു പതിച്ചുകൊടുക്കുന്നതിനു നടപടികളെടുക്കുന്നുണ്ടു്. കൃഷിക്കാരാരും അറിയാത്ത, കൃഷിക്കാർ കക്ഷികളല്ലാത്ത ഒരു കേസിൽ ചീഫിൻെറ വകയായിരുന്ന വസ്തുക്കൾ സക്കാരിനു വിട്ടുകൊടുത്തു. ആ വിട്ടുകൊടുത്ത ഏർപ്പാടുകൾ ആ കുടിയാന്മാരെ ബാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ചെറിയ ചെറിയ വസ്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന കുടിയാന്മാരാണു് അതിലധികവും. ഇന്നവർ കെട്ടിവയ്ക്കുന്ന പണം ആ വസ്തുവിൻെറ വിലയുടെ ഇരട്ടിവരും. ഇങ്ങനെയുള്ള കുടിയായ്മ സ്വഭാവമുള്ള വസ്തുക്കളെ ഒഴിവാക്കേണ്ടതല്ലേ എന്നു ഗവണ്മെൻറ ആലോചിക്കണം.

അതുപോലെ വഞ്ചിപ്പുഴ ചീഫിൻെറ വസ്തുക്കളിലും ഇങ്ങനെയുണ്ടു്. അനേകായിരം കുടിയാന്മാരെ ബാധിക്കുന്ന ഒരു പ്രശ്നമാണതു്. കണ്ടുകൃഷി ഭൂമിയെ സംബന്ധിച്ച ഗവണ്മെൻറ എടുത്തിട്ടുള്ള നിലപാടു ശരിയല്ല. കണ്ടുകൃഷി ഭൂമി സ്വകാര്യഭൂമിയായിരുന്നു. അതു് സ്വകാര്യഭൂമിയായി ദീർഘകാലം ഇരുന്നതിൻെറ ഫലമായി അതിൽ കുടിയാന്മാരും ഉണ്ടായി, രാഷ്ട്രീയമായ കാരണങ്ങൾകൊണ്ടു് ആ സ്വകാര്യഭൂമി ഇന്നു സക്കാരിൻേറതായിത്തീന്നു. സക്കാരിൻേറതായിത്തീന്ന ആ ഭൂമിയിൽ അതു സ്വകാര്യഭൂമിയായിരുന്ന കാലത്തു് കുടിയാന്മാക്കുണ്ടായിരുന്ന അവകാശങ്ങൾ സക്കാർ അവസാനിപ്പിച്ചുകളയുക എന്നു വയ്ക്കുന്നതു വലിയൊരു അനീതിയായിരിക്കും. മററു കുടിയാന്മാക്കു കിട്ടുന്ന എല്ലാ അവകാശങ്ങളും അടുത്തകാലം വരെ സ്വകാര്യ കുടിയാന്മാരായിരുന്ന കണ്ടുകൃഷി കുടിയാന്മാക്കും ലഭിക്കേണ്ടതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കണ്ടുകൃഷി ഭൂമി ഇപ്പോൾ പതിച്ചുകൊടുക്കുന്നില്ലേ?

ശ്രീ. പി. ടി. ചാക്കോ: പതിച്ചുകൊടുക്കുന്നോ, ഇല്ലയോ എന്നാണോ ഇവിടത്തെ പ്രശ്നം. പതിച്ചുകൊടുക്കുന്ന കാര്യമാണോ നാം ആലോചിക്കുന്നതു്? അതല്ല ഇവിടത്തെ പ്രശ്നം. കുടിയായ്മ അവകാശം കൊടുക്കുന്നതിനെപ്പററിയാണു് നാമിന്നു ആലോചിക്കുന്നതു. കുടിയാന്മാർക്കുണ്ടായിരുന്ന അവകാശങ്ങൾ രാഷ്ട്രീയമായ കാരണം കൊണ്ടു് ഉടമസ്ഥാവകാശം മാറി അതു സക്കാരിൻെറ കയ്യിൽ വന്നുവെന്ന കാരണം കൊണ്ടു് സ്വകാര്യ കുടിയാന്മാരെന്നുള്ള നിലയിൽ അവക്കു കിട്ടുമായിരുന്ന അവകാശങ്ങളെല്ലാം ഇന്നു നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇന്നും പഴയപോലെ സ്വകാര്യഭൂമിയായി അതു ഇരുന്നിരുന്നെങ്കിൽ ആ കുടിയാന്മാക്കും സ്ഥിരാവകാശം കിട്ടുമായിരുന്നു. കണ്ടുകൃഷി ഭൂമി എങ്ങനെയാണു പതിച്ചുകൊടുക്കേണ്ടതു് എന്നു ഗവണ്മെൻറ തീരുമാനിച്ചു അതു പതിച്ചുകൊടുക്കുകയാണു്. അതു് വേറെ ഒരു കാര്യമാണു്. അങ്ങനെയാണെങ്കിൽ ഇടപ്പള്ളി ചീഫിൻെറ കുടിയാന്മാക്കും, വസ്തു പതിച്ചുകൊടുക്കും. അവർ അതിനു വില കൊടുക്കണമെന്നേയുള്ളു. അതല്ല ഇവിടത്തെ പ്രശ്നം. അവരുടേതായ കുററം കൊണ്ടല്ലാതെ, അവരുടെ പ്രവൃത്തിയുടെ ഫലമായിട്ടല്ലാതെ, സക്കാർചെയ്ത പ്രവൃത്തിയുടെ ഫലമായി അവരുടെ കുടിയായ്മാവകാശം നഷ്ടപ്പെടുത്തുന്നതു തെററാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കണ്ടുകൃഷി ഭൂമിയുടെ കാര്യത്തിൽ ഇന്നു ഗവണ്മെൻറ എടുത്തിരിക്കുന്ന നടപടിയെക്കാൾ നല്ല ഒരു നടപടിയാണോ ഇതെന്നു് ആലോചിക്കേണ്ടതാണു്. കണ്ടുകൃഷി കുടിയാന്മാർ കൊടുത്തിരുന്ന പാട്ടത്തിൻെറ ഏട്ടും മൂന്നിലൊന്നും വിലകൊടുത്താൽ അവക്കു് ആ വസ്തുവിൻെറ ഉടമസ്ഥന്മാരായിത്തീരും. അവരെ ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ വസ്തു സ്വന്തമാകണമെങ്കിൽ ഇന്നത്തെ പാട്ടത്തിൻെറ പതിനാറിരട്ടി കൊടുക്കേണ്ടതായി വരും. അപ്പോൾ അവക്കു് ദോഷമായിരിക്കുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ ദോഷകരമായി ബാധിച്ചേക്കുമെന്നു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പാർലമെന്ററി പാർട്ടിസെക്രട്ടറിക്കു ബോദ്ധ്യമുണ്ടെങ്കിൽ അതു ദോഷകരമായി വരാത്തവിധത്തിൽ വേണ്ട വ്യവസ്ഥകളും ചെയ്യാവുന്നതാണ്. അവർ കൈവശംവച്ചു ദീർഘകാലം കൃഷിചെയ്തിരുന്ന ഭൂമികളുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടുതരം ഭൂമികളും ഇതിലുണ്ട്. പത്തൊൻപതിനായിരം ഏക്കർ പട്ടയം ഉള്ളതും തൊള്ളായിരം ഏക്കർ തനതുള്ളതുമാണ്. തനതു ഭൂമി കുത്തകപ്പാട്ടം പോലെയുള്ള ഭൂമിയായതുകൊണ്ട് പത്തേക്കർ വീതം കൈവശക്കാർക്ക് കൊടുക്കുവാനും, ബാക്കിയുള്ളത് അവർക്ക് പതിച്ചുകൊടുക്കുവാനും, പാട്ടത്തിന്റെ എട്ടും മൂന്നിലൊന്നും വില കൊടുത്താൽ സ്വന്തമാക്കാനും, പിന്നെയും ബാക്കിയുള്ളത് തനതാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ: തനതാക്കുക എന്നു പറഞ്ഞാൽ ....?

ശ്രീമതി കെ. ആർ. ഗൗരി: ഒരു കൊല്ലം പാട്ടത്തിനു കൊടുത്തിട്ട് അടുത്തകൊല്ലം ലേലം വിളിച്ചു കൊടുക്കുന്നതാണ് തനത്. അത് എട്ടും മൂന്നിലൊന്നും കൊല്ലത്തെ പാട്ടം കൊടുത്ത് വിലയ്ക്ക് വാങ്ങുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ: അത് വളരെ അനുകൂലമായ ഒരു വ്യവസ്ഥയാണെന്നു സമ്മതിക്കുവാൻ നിവൃത്തിയില്ല. തനത് എന്നു പറയുന്ന കണ്ടുകൃഷി കുടിയാന്മാർ, വളരെ വർഷങ്ങളായി ആ ഭൂമിയിൽ കൃഷി ചെയ്തിരുന്ന ആളുകളാണ്. മന്ത്രി പറയുന്നതുകേട്ടാൽതോന്നും, അവർ ഓരോ കൊല്ലവും മാറി മാറി കൃഷി ചെയ്യുന്നവരാണെന്ന്.

ശ്രീമതി കെ. ആർ. ഗൗരി: അവർക്ക് എട്ടും മൂന്നിലൊന്നും കൊല്ലത്തെ പാട്ടസംഖ്യ കൊടുത്തു വസ്തു വാങ്ങാമെന്നും, പത്തേക്കർ അവർക്ക് കൊടുക്കാമെന്നും അവസാനം തനതു പിടിച്ച ആളുകൾക്ക് പത്തോ, ഇരുപതോ ഏക്കർ കൊടുക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പത്തോ, ഇരുപതോ ഏക്കർ മാത്രമാണ് തനതുഭൂമി. ഇങ്ങനെ 900 ഏക്കർ ഭൂമിയെയുള്ളു.

ശ്രീ. പി. ടി ചാക്കോ: 900-ത്തിൽ ചില്വാനം ഏക്കറുള്ള ഈ ഭൂമിയെ സംബന്ധിച്ച് ഇങ്ങനെ റസ്ട്രിക്റ്റു ചെയ്യുന്നതു ശരിയല്ല. വാരക്കാർക്കാണെങ്കിൽ ഒന്നും നോക്കാതെ ഫിക്സിറ്റി കൊടുക്കുന്നുണ്ട്. ഒരുകൊല്ലത്തെ പാട്ടം കൊടുക്കുന്ന ആളുകൾക്ക് ഫിക്സിറ്റി കൊടുക്കുന്നുണ്ട്. ആ നിലയ്ക്ക് കണ്ടുകൃഷി കുടിയാന്മാരുടെ കാര്യത്തിൽമാത്രം ഇങ്ങനെയൊരു റസ്ട്രിക്ഷൻ വയ്ക്കുന്നതു എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. കണ്ടുകൃഷി കുടിയാന്മാർ വളരെക്കാലമായി ഒരു സ്ഥലത്തു കൃഷിചെയ്തു വരുന്നവരാണ്. റെന്റിന്റെ എട്ടും മൂന്നിലൊന്നും വിലകൊടുത്താൽ അവർക്ക് വസ്തു വാങ്ങാൻ അവകാശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ ഫെയർറെന്റു കുറെക്കാലം കൂടി കൊടുത്താൽ സ്വകാര്യ വസ്തുക്കളിലെ വാരക്കാരനും, പാട്ടക്കാരനും ഉടമസ്ഥനാകുന്നു. ഈ കണ്ടുകൃഷി ഭൂമിയും ഒരുകാലത്ത് സ്വകാര്യവസ്തുവായിരുന്നു. രാഷ്ട്രീയമായ ചില കാരണങ്ങളാൽ അതു ഗവൺമെന്റിന്റെ കയ്യിലായി. കണ്ടുകൃഷി കുടിയാന്മാരിൽ നിന്നും നിലവിലുണ്ടായിരുന്ന പാട്ടമാണ് ഗവൺമെന്റു വസൂലാക്കുന്നത്. സ്വകാര്യ വസ്തുക്കളിലെ കുടിയാന്മാരിൽ നിന്നു ഈടാക്കുന്നതു ഫെയർറെന്റാണ്. അതുകൊണ്ട് കണ്ടുകൃഷി ഭൂമിയുടെ കാര്യത്തിൽ ഗവൺമെന്റ് ഇങ്ങനെയൊരു മർക്കടമുഷ്ടി കാണിക്കുന്നതു ശരിയല്ല. വഴിയിൽ കിടന്ന ഒരു വിലപിടിച്ച സാധനം കിട്ടി. അതു അവകാശപ്പെട്ടവർ ചോദിച്ചാലും തിരിച്ചുകൊടുക്കുകയില്ല എന്നുള്ള തരത്തിൽ ഒരു നിലപാട് ഗവൺമെന്റു സ്വീകരിക്കുന്നതു ശരിയല്ല. പണ്ട് അവർ സ്വകാര്യ കുടിയാന്മാരായിരുന്നു. രാഷ്ട്രീയമായ കാരണങ്ങളാൽ ആ ഭൂമി ഗവൺമെന്റിന്റെ കയ്യിലായി. അതുകൊണ്ട് സ്വകാര്യ കുടിയാന്മാർക്കു കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവർക്കും കൊടുക്കുന്നതു ഒരു നീതിമാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

മിക്കവാറും തരം കുടിയാന്മാരുണ്ട്. അതായത്, കുത്തകപ്പാട്ടം കുടിയാന്മാർ. സർ, കുറെ വർഷങ്ങൾക്കു മുമ്പ് റവന്യൂ ഭൂമിയിൽ പതിവുകൂടാതെ കയറി കൃഷിചെയ്യുന്നതിന് ഗവൺമെന്റ് ആളുകളെ പ്രോത്സാഹിപ്പിച്ചിരുന്നു. അന്ന് അങ്ങനെ ചെയ്യുന്നതു ഒരു രാജ്യസേവനം കൂടിയായിരുന്നു. അതിനെ സംബന്ധിച്ചു ഒരു വിളംബരംതന്നെ ഇവിടെയുണ്ടായിരുന്നു. അങ്ങനെ കഴിഞ്ഞ കാലങ്ങളിൽ വളരെ ആളുകൾ റവന്യൂഭൂമിയിൽ കയറി കൃഷിചെയ്തുവരുന്നുണ്ട്. 'ഉപ്പുതറ' എന്ന പ്രദേശത്തു അനേകം ഏക്കർ ഭൂമികൾ ഇങ്ങനെ ആളുകൾ കയറി കൃഷിചെയ്തുവരുന്നുണ്ട്. അൻപതും, അറുപതും കൊല്ലം പഴക്കമുള്ള ദേഹണ്ഡങ്ങൾ ആ ഭൂമിയിൽ ഉള്ളതായി കാണ്മാൻ സാധിക്കും. എന്നാൽ വളരെ കുറച്ചു ആളുകൾക്ക് കുത്തകപ്പാട്ടത്തിനു പതിച്ചുകൊടുത്തിട്ടുണ്ട്. മറ്റുള്ള ആളുകൾക്ക് കുത്തകപ്പാട്ടം അനുവദിച്ചുകൊടുത്തിട്ടില്ല. അവർക്കും കുത്തകപ്പാട്ടത്തിനു കൊടുക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണെന്നാണ് ഞാനറിയുന്നതു. സർ, ഈ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം യാതൊരു വ്യവസ്ഥയും ഈ ബില്ലിലില്ല. സർക്കാരിന്റെ ഭൂമിയാണ്, ഇന്നത്തെ നിയമപ്രകാരം സർക്കാരിനു ഇഷ്ടംപോലെ ചെയ്യാം. സർക്കാർ കൊടുത്ത പ്രോത്സാഹനത്തിന്റെ ഫലമായി കുറെ ആളുകൾ അവിടെ കയറി കൃഷിചെയ്തുവരികയാണ്. അങ്ങനെ കൃഷിചെയ്തുവരുന്നവർക്ക് അഞ്ചേക്കർ ഭൂമി കൊടുക്കാം, അതിനു തറവിലയും മറ്റും തരണം, ബാക്കിയുള്ളതു ഗവൺമെന്റു തിരിച്ചെടുക്കും എന്നൊക്കെ പറയുകയാണ്. ഗവൺമെന്റിൽ നിന്നുണ്ടായ പ്രോത്സാഹനത്തിന്റെ ഫലമായി ഗവൺമെന്റുഭൂമിയിൽ കയറി കൃഷിചെയ്തുവരുന്ന ഇങ്ങനെയുള്ള ആളുകൾക്ക് ഒരു രക്ഷ ചെയ്യാതെ നിവൃത്തിയില്ല. അൻപതും, അറുപതും കൊല്ലമായി ദേഹണ്ഡങ്ങളും മറ്റും ചെയ്തുവരുന്ന ഭൂമികൾ യാതൊരു പ്രതിഫലവും കൊടുക്കാതെ ഗവൺമെന്റിലേക്കു എടുക്കുന്ന ഏർപ്പാടാണ് ഇപ്പോൾ ഗവൺമെന്റു സ്വീകരിച്ചുവരുന്നതു. വാരക്കാർക്കും പാട്ടക്കാർക്കും സ്ഥിരാവകാശം കൊടുക്കുന്ന ഈ സന്ദർഭത്തിൽ ഗവൺമെന്റിന്റെ പ്രോത്സാഹനംകൊണ്ട് റവന്യൂഭൂമിയിൽ കയറി കൃഷിചെയ്ത ആളുകളുടെ കൈവശമുള്ള വസ്തുക്കൾ അവരുടെ കയ്യിൽ നിന്ന് ന്യായമായ പ്രതിഫലം കൂടാതെ ഗവൺമെന്റിലേക്കു എടുക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നതു തികച്ചും തെറ്റാണ്. അതുകൊണ്ട് കുത്തകപ്പാട്ടക്കാരെയും, ഗവൺമെന്റിന്റെ ഭൂമി കൈവശംവെച്ചു കൃഷിചെയ്തുവരുന്നവരെയും സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടായേ മതിയാവൂ.

ഒരു അഞ്ചെട്ടുപത്തുകൊല്ലം മുമ്പു മുതൽ കൂടുതൽ ഭക്ഷണസാധനങ്ങൾ വിളയിക്കുന്നതിനുവേണ്ടി വനഭൂമി സർക്കാർ കൃഷിക്കായി വിതരണം ചെയ്തു തുടങ്ങി. കാടു വെട്ടിത്തെളിച്ച് ആദ്യം ധാന്യങ്ങൾ വിളയിക്കുകയും പിന്നീടു സ്ഥിരദേഹണ്ഡം ചെയ്യുകയുമുണ്ടായി. 14 രൂപാ ക്രമത്തിൽ ഈ ഭൂമിക്ക് പച്ചപ്പാട്ടം സർക്കാർപാട്ടം വാങ്ങിയിട്ടുണ്ട്. അങ്ങനെ എഴുപതു കൊല്ലം ഗവൺമെന്റിലേക്ക് പണം കൊടുത്തുകൊണ്ടിരുന്നവർക്ക് പ്രത്യേക സംരക്ഷണം കൊടുക്കുന്നില്ല. അവരുടെ ഭൂമിയും തറവില തടിവില വാങ്ങി പതിച്ചുകൊടുക്കുന്നതിനു വ്യവസ്ഥയുണ്ടാക്കുകയാണെങ്കിൽ അതും തെറ്റാണ്.

9 A.M.

എന്റെ സ്നേഹിതൻ ശ്രീമാൻ കെ. ടി. തോമസ് ഒരിക്കൽ പറഞ്ഞതുപോലെ, സർക്കാരിന്റെ വക ദേവസ്വങ്ങളുടെ ഭൂമിയിൽ കുടിയാന്മാരുണ്ട്. എരുമേലിയിലുള്ള പശ്ചിമദേവസ്വം, സർക്കാരിന്റെ ദേവസ്വമാണ്. പക്ഷേ, ദീർഘകാലമായി കുടിയാന്മാർക്ക് ദേവസ്വത്തിൽ നിന്നും ആ വനങ്ങൾ കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള വസ്തുക്കൾ കുടിയാന്മാർ അനുഭവിക്കുകയും പാട്ടം കൊടുക്കുകയും ചെയ്തുവരികയാണ്. ശ്രീമതി റോസമ്മാ പുന്നൂസിനുതന്നെ ആ കാര്യങ്ങൾ അറിയാം എന്നു ഞാൻ വിചാരിക്കുകയാണ്. അങ്ങനെ കൃഷി ചെയ്തു ആദായം എടുത്തു കൈവശം വച്ചിരിക്കുന്ന വളരെ വിസ്തൃതമായ ഭൂമിയുണ്ട്. അങ്ങനെയുള്ളവർക്ക് യാതൊരു സംരക്ഷണവും ഇല്ലാതാകും.. അതു [illegible]

കരമേ സംബന്ധിച്ചിടത്തോളം ദേവസ്വം ഭോഗങ്ങൾ വാങ്ങിക്കുകയല്ലാതെ ഒന്നും ചെയ്തിരുന്നില്ല. അതു സർക്കാരിന്റെ ഭൂമിയാണെന്നു് സാങ്കേതികമായി പറയാൻ കഴിയും. പക്ഷെ ദേവസ്വമാണു് ഭൂമി പാട്ടത്തിനു കൊടുത്തിരിക്കുന്നതു്. ആ പാട്ടക്കാർ ഭൂമി കൈവശം വച്ചു് ദേഹണ്ഡിച്ചു കൃഷിചെയ്തു വരികയാണു്. ആ ദേവസ്വത്തിന്റെ ഉടമാവകാശം സർക്കാരിനായിരുന്നു. മററു ചില ദേവസ്വങ്ങളുടെ ഉടമാവകാശം സർക്കാരിനില്ലായിരുന്നു എന്നുള്ളതൊഴിച്ചു് ഈ രണ്ടുതരം ദേവസ്വം ഭൂമികളിലേയും കൃഷിക്കാരെ സംബന്ധിച്ചു യാതൊരു വ്യത്യാസവുമില്ലായിരുന്നു. ആ കുടിയാന്മാർക്കു് സംരക്ഷണം കൊടുക്കേണ്ട ആവശ്യമില്ലേ? അപ്പോൾ കണ്ടകൃഷി കുടിയാന്മാർക്കു്; ഇടപ്പള്ളി ചീഫിന്റെ കുടിയാന്മാർക്കു്, ഉപ്പുതറപോലെയുള്ള പ്രദേശങ്ങളിൽ സർക്കാരിന്റെ പ്രേരണയും പ്രോത്സാഹനവും മാത്രം കൊണ്ടു് അവിടെ പോയി കൃഷിചെയ്തു ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയാന്മാർക്കു്, പശ്ചിമദേവസ്വത്തിലേയും, അയ്യപ്പൻ കോവിലേയും സർക്കാർ കുത്തകപ്പാട്ടം കൊടുത്ത ഭൂമിയിലെ കുടിയാന്മാർക്കു്,—ഇത്രയും കൃഷിക്കാർക്കു് കൂടി സംരക്ഷണം കൊടുക്കേണ്ടതാവശ്യമുണ്ടു് എന്നു് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്.

ഒരു കാര്യംകൂടി ഈ വകുപ്പിനെപ്പററി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടാം ഉപവകുപ്പിനെപ്പററി മി. സി. എ. മാത്യു പുറപ്പെടുവിച്ച ആശങ്ക വെറും അസ്ഥാനത്തല്ല.

"leases of building including a house, shop or warehouse, and the site thereof, with or without garden or land appurtenant thereto."

അപ്പോൾ ഈ അഞ്ചേക്കറുള്ള ഒരു തെങ്ങിൻതോപ്പിൽ ഒരു വീടുണ്ടു്. അതിനു് ആറു രൂപയാണു് പാട്ടം. ആ ആറു രൂപ വാടകയ്ക്കു വീടും വസ്തുവും കൂടി ഒരാൾ എടുക്കുന്നു. അങ്ങനെ വന്നാൽ ആ ഭൂമി കൃഷിയില്ലാത്ത കാലംമുതൽ പാട്ടം കൊടുത്തതായാലും ആ വീടു വാടകയ്ക്കു എടുത്തു എന്ന കാരണം കൊണ്ടു് കൃഷിക്കാരനു് സ്ഥിരാവകാശം കിട്ടുന്നില്ല. ഈ അനീതിക്കു പരിഹാരം ഉണ്ടാകണം. സൈററു് എത്രയാണു് എന്നുള്ള ഒരു കണക്കു ഇല്ലാത്തതുകൊണ്ടാണു് ഈ നീതികേടു വരുന്നതു്. സൈററു് അതിന്റെ ചുററുമുള്ള ഗാർഡൻകൂടി ഉൾപ്പെടുമോ എന്നും വ്യക്തമല്ല. അതുകൊണ്ടു് ആ ആശങ്കക്കിടയില്ലാതെ സൈററു് എത്രയാണെന്നു് ക്ലിപ്തപ്പെടുത്തുന്നതിനുവേണ്ടി വ്യവസ്ഥ കൊണ്ടുവരുന്നതു നന്നായിരിക്കും.

എട്ടാമത്തു സബ്ക്ലാസ്സ്—

"tenancies in respect of plantations admeasuring more than the ceiling area; or"

എന്തിനൊഴിവാക്കണം എന്നു് ഞാൻ ചോദിക്കുകയാണു്. അപ്പോൾ മലബാറിൽപോയി ഒരാൾ ഒരു ജന്മിയുടെ കയ്യിൽ നിന്നും 100 ഏക്കർ ഭൂമി പാട്ടത്തിനു വാങ്ങിച്ചു. അയാൾ കാടു വെട്ടിത്തെളിച്ചു് കൃഷി ചെയ്തു വരികയാണു്. സീലിംഗ് ഏരിയാ വച്ചു നോക്കിയാൽ 30 ഏക്കർ മതി. എല്ലാം റബ്ബർ വച്ചു എന്നുള്ള കാരണംകൊണ്ടു് കൃഷിക്കാരനു സ്ഥിരാവകാശം കൊടുക്കാതിരിക്കുകയാണു് ഈ വകുപ്പു ചെയ്യുന്നതു്. പലയിടത്തും ഇങ്ങനെ ഭൂമി ചാർത്തി വാങ്ങിച്ചു് റബ്ബർ വച്ചിട്ടുണ്ടു്. പക്ഷെ, റബ്ബർ വച്ചതു് വാങ്ങിച്ച ആളാണു്. അയാൾതന്നെ പണം മുഴുവൻ ചെലവു ചെയ്യുന്നു. അങ്ങനെയുള്ളവരെ കുടിയായ്മവ്യവസ്ഥയിൽ നിന്നൊഴിവാക്കുന്നതു ആവശ്യമില്ലാത്തതാണു്. പരിധി നിർണ്ണയിക്കുന്നതിനു ഭരണസൌകര്യാപരമായി വൈഷമ്യമുണ്ടാകാം. കുടിയായ്മ കൊടുക്കുന്നതിനു ഭരണസൌകര്യാപരമായി വൈഷമ്യമൊന്നുമില്ല. ആ കുടിയാൻ തെങ്ങാണു കുഴിച്ചുവച്ചതെങ്കിൽ സ്ഥിരാവകാശം കിട്ടും. പക്ഷെ റബ്ബർ കുഴിച്ചുവച്ചാൽ സ്ഥിരാവകാശം കിട്ടുകയില്ല, അങ്ങനെ ഒരു വ്യത്യാസമുണ്ടാക്കുന്നതു എന്തിനാണെന്നു ആലോചിക്കണം. വളരെയധിക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ആളുകൾ കേരളത്തിന്റെ വടക്കേഭാഗത്തു പോയി കൃഷി ചെയ്യുന്നവരെ ദ്രോഹിക്കണമെന്ന ഉദ്ദേശമില്ലെങ്കിൽ ഈ വകുപ്പു മാററിക്കളയണം. ഇത്രയും കാര്യങ്ങൾ ഈ മൂന്നാമത്തെ വകുപ്പിനെക്കുറിച്ചു ചിന്തിക്കണം.

ഒരു കാര്യം കൂടി. പ്രൈവററ ഫാറസ്റ്റിന്റെ ഡഫനിഷൻ അനുസരിച്ചു നോക്കുമ്പോൾ അവിടെ കൃഷിചെയ്ത ഭൂമി ഉൾപ്പെടാതിരിക്കാൻ കാരണമൊന്നും കാണുന്നില്ല. കഴിഞ്ഞ കൊല്ലം നിലമ്പൂരിലും, കീഴ്പ്പള്ളിയിലും, വനത്തിൽ കൃഷിചെയ്ത ആളുകളെയും സ്വകാര്യഭൂമിയിൽ കൃഷിചെയ്ത ആളുകളെയും മന്ത്രിയുടെ ആളിന്റെ ശുപാർശയിന്മേലും മററും അവിടെ നിന്നും ഇറക്കിവിടുകയുണ്ടായി. മന്ത്രിയുടെ ആൾ പറഞ്ഞിട്ടാണ് ഇറക്കിവിട്ടതെന്നു കേട്ടു. സർക്കാർ അവരോടു നീതി കാണിച്ചതുമില്ല. ഈ നിയമംമൂലം ഇനിയും സ്വകാര്യഭൂമിയിൽ കൃഷിചെയ്തു വസ്തു ഏതാണ്ട് അനുഭവം എത്താറാകുമ്പോൾ, പ്രൈവററ ഫാറസ്റ്റ് ആണെന്ന കാരണം പറഞ്ഞു കൃഷിക്കാർക്ക് അവകാശം ഇല്ലാതാക്കിത്തീർക്കാനും ഈ ജന്മികൾക്കു ഇറക്കിവിടാനും സാധിക്കും. Private Forest-ൽ നിന്ന് കൃഷി ചെയ്ത ഭൂമിയെ ഒഴിവാക്കേണ്ടതു ന്യായമല്ലേ എന്നാലോചിക്കണം. ഇങ്ങനെ ഒന്നും രണ്ടുമല്ല, അനേകലക്ഷങ്ങളുണ്ട്. പ്രൈവററ ഫാറസ്റ്റ് പലപ്പോഴും കളക്ടറുടെ അനുവാദത്തോടുകൂടി കാടു വെട്ടിത്തെളിച്ച് കൃഷിചെയ്തുവരുന്നതു ആയിരമല്ല ലക്ഷങ്ങളുണ്ട്. അങ്ങനെയുള്ള ആളുകളെ കുടിയായ്മയിൽ നിന്നും ഒഴിവാക്കണമെന്ന ഈ വകുപ്പിനുവേണ്ട ഭേദഗതി കൊണ്ടുവരുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ആദ്യമായി ഇതിൽ ബഹുമാനപ്പെട്ട മന്ത്രി ക്ലാസ്സ് 3 (v)-ന് അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽ "ആഫ് മലബാർ" എടുത്തുകളയണം എന്നാണെന്റെ ഭേദഗതി. ഇതു് ആ വകുപ്പിന്റെ വ്യാപ്തിയെ വർദ്ധിപ്പിക്കാൻ വേണ്ടിയാണ്. ഈ ബില്ലിൽ ആദ്യം സ്വീകരിച്ചിട്ടുണ്ടായിരുന്ന നയം, മലബാർ കുടിയായ്മനിയമം അനുസരിച്ച് കൈവശപ്പണയത്തിന്റെ കീഴിലുള്ള കുടിയാന് സംരക്ഷണം നൽകണമെന്നായിരുന്നു. അതിൽ കാലനിർണ്ണയമൊന്നുമില്ല. എന്നാൽ ഇപ്പോൾ ഗവണ്മെന്റ് വിചാരിക്കുന്നു മലബാറിൽ മററു പ്രദേശത്തുകൂടി അഞ്ചുകൊല്ലം തുടർച്ചയായി കൈവശം വച്ചിട്ടുള്ളവർക്ക് കുടിയായ്മ നൽകണമെന്ന്. അങ്ങനെ ഒരു പൊതു ആശയം ഈ ബില്ലിൽ ഉൾക്കൊള്ളുമ്പോൾ എന്തുകൊണ്ട് ആ ക്ഷേമം മലബാർ ഡിസ്ട്രിക്റ്റിൽമാത്രം ഒതുങ്ങിനിൽക്കണം എന്ന് എനിക്കു മനസ്സിലായില്ല. അതിനാവശ്യമായ യാതൊരു വിശദീകരണവും ബഹുമാനപ്പെട്ട മന്ത്രി നൽകിയതുമില്ല. ഈ ഭാഗത്തും കാസർകോട് എന്നു പറയുന്ന ആ പ്രദേശത്തും മുമ്പു യാതൊരു സംരക്ഷണവുമില്ലാതിരുന്ന ആ പണയ കുടിയാന്മാർ ഒരുപോലെയായിരുന്നു. ആ നിലയ്ക്ക് ഈ ഭാഗത്തെ കുടിയാന്മാരോടു കാണിക്കുന്ന കടുത്ത അനീതിയായിരിക്കും ഈ വിവേചനം. അതുകൊണ്ട് ആ അനീതിയെ ഇല്ലായ്മ ചെയ്യുന്നതിന് ഈ പിൻതിരിപ്പൻ ഭേദഗതി ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്.

പിന്നെ മറെറാരു ഭേദഗതി ഓവർലാന്റ് എസ്ചീററഡ് എന്നതിനു ശേഷം 'ഓർസറൻഡർഡ്' എന്നു ചേർക്കണം എന്നാണ്. സർ, ഈ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ മി. ചാക്കോ ഇവിടെ ഉന്നയിച്ചിട്ടുള്ള ചില കാര്യങ്ങളെ സംബന്ധിച്ചെങ്കിലും ഒരു സംരക്ഷണം കിട്ടുമെന്നാണെന്റെ വിശ്വാസം. മുമ്പ് ഗവണ്മെന്റിന്റെ അല്ലാതിരിക്കുകയും പിന്നെ മററു വ്യവസ്ഥകളിൽ ഗവണ്മെന്റിലേക്ക് ഒഴിയുകയും ചെയ്തിട്ടുള്ള ഭൂമിയുടെ കുടിയാന്മാർക്ക് അവർ അന്ന് കുടിയാന്മാർ ആയിരുന്നു, ഇന്നുമാണ് എങ്കിൽ അവർക്ക് സംരക്ഷണം കിട്ടണമെന്നുള്ളതു് ഒരു ന്യായമാണ്. ഈ വകുപ്പിലും മലബാറിനെ പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലെങ്കിലും ഉദ്ദേശമതാണ്; അറിയുന്നവർക്കറിയാം. മലബാറിൽ ഒരു എസ്റേററുണ്ട്; കൂത്താളിനായരുടെ എസ്റേററ്. വേറെ സറണ്ടർ ചെയ്ത ഭൂമി മലബാറിൽ ഇല്ലെന്നാണ് തോന്നുന്നതു്. അപ്പോൾ പ്രത്യക്ഷത്തിൽ അങ്ങനെ മലബാർ എന്നു പറയാതെ ആ ഭേദഗതിയുടെ രൂപംകൊണ്ട് മലബാറിലേക്കുമാത്രം ബാധകമാക്കുകയാണ്. അതും

LIBRARY ARCHIVES Kerala Legislative Assembly

ന്യായീകരിക്കാൻ തരമില്ല. ഏതു വിധത്തിലും എസ്ചീറ്റ അന്യംനിന്ന വസ്തുവിന്റെ കുടിയാന് അന്നുണ്ടായിരുന്ന അവകാശം സംരക്ഷിക്കപ്പെടേണ്ടതാവശ്യമാണ്.

ഒരു കാലത്തു് സ്വകാര്യ ഉടമകളുടെ കീഴിലുള്ള ഭൂമിയെക്കാളും, ഗവൺമെന്റിന്റെ കീഴിലുള്ള ഭൂമിക്ക് വലിയ വിലയുണ്ടായിരുന്നു; കുടിയാന്മാർ അങ്ങനെയുള്ള ഭൂമി വളരെ ആർത്തിയോടുകൂടി ആവശ്യപ്പെട്ടിരുന്നു. വിധിവൈപരീത്യമെന്നുതന്നെ പറയട്ടെ, ഇന്ന് അതിന് ഒരു മാറ്റം വന്നിരിക്കയാണ്. ഇന്ന് ഗവൺമെന്റിന്റെ ഭൂമി കൈവശം വച്ചിരിക്കുന്നതു് വളരെ അപകടവും അരക്ഷിതത്വവുമാണെന്നുള്ളതിന് മതിയായ തെളിവാണ് ഗവൺമെന്റു ഭാഗത്തുനിന്നും അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി. ആ നിലയിൽ ഗവൺമെന്റിന്റെ ഒറ്റ പൊതു ഭൂമിയെ സംബന്ധിച്ചും സ്വീകരിക്കുന്ന നയം ഇതുതന്നെയായിരിക്കുമെന്നുവേണം വിശ്വസിക്കുവാൻ. ഏതായാലും ഈ കാര്യത്തിൽ ഉദാരമായ ഒരു നയം സ്വീകരിക്കേണ്ടതായിട്ടുണ്ട്.

Mr. Speaker: Mr. Kurup, in your oral amendment to the Minister's amendment you have only suggested the addition of the words 'or surrendered' after the word 'escheated'. The word 'escheat' occurs at the end of the 4th line also in the proviso proposed by the Minister. After that word 'escheat' also, you will have to suggest the addition of the words 'or surrender',

Shri M. Narayana Kurup: Yes, Sir.

സർ, ഈ നിലപാടിൽ ഈ പ്രശ്നത്തെ സമീപിക്കുമ്പോൾ, മി. തോമ്മൻ ഹാജരാക്കിയിട്ടുള്ള ഭേദഗതി അർത്ഥവത്താണെന്ന് ഞാൻ വിശ്വസിക്കുകയാണ്. "പുല്ലൂട്ടിലെ നായുടെ നയം" എന്നുള്ള രീതിയിൽ ഗവൺമെന്റുവക ഭൂമിയിൽ ഒന്നും ചെയ്യാതിരിക്കുകയും, കുടിയാന് അതിന്മേൽ ഉറപ്പു നൽകാതിരിക്കുകയും ചെയ്യുന്നതു് ശരിയല്ല. അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഗവൺമെന്റിന് ഇന്നുതന്നെ അവശ്യാവശ്യമായ ഭൂമിയെ സംബന്ധിച്ചിടത്തോളം പ്രത്യേകം നിയമം കൊണ്ടുവരികയും, ബാക്കിയുള്ള ഭൂമിയിൽമാത്രം കുടിയാന്മാർക്ക് അവകാശം നൽകുകയും ചെയ്യാവുന്നതാണ്. ഗവൺമെന്റ് ഭൂമി എന്ന് നാം പറയുന്നതു്, ഗവൺമെന്റ് ആവശ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്താനുള്ള ഭൂമിയെയാണ്. അതല്ലാതെ അധീശാധികാരം ഉപയോഗിച്ചുകൊണ്ട്, കൃഷിക്കാരുടെ ന്യായമായിട്ടുള്ള അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് എടുക്കുന്ന ഭൂമിയല്ല. ഈ നിയമനിർമ്മാണം, കർഷകരെ, അല്ലെങ്കിൽ, കൈവശക്കാരായ കർഷകരെ സംരക്ഷിക്കാനുള്ള ഒരു നിയമമായിരിക്കണം, ഇതിന്റെ വകുപ്പുകളിൽ എല്ലാംതന്നെ ആ തത്വം ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരിക്കണം. അതിന് എന്റെയും മി. തോമ്മന്റെയും ഭേദഗതികൾ, ഗവൺമെന്റ് ന്യായമായും സ്വീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

സർ, ഇതോടുകൂടി ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതിയെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ലെന്നുള്ള കാര്യംകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ ഭാഗത്തുള്ളവരും, ആ ഭാഗത്തുള്ളവരും കുടിയാന്മാരുടെ താൽപ്പര്യം സംരക്ഷിക്കുന്ന രീതി വ്യത്യസ്തമാണ്; ഈ ഭാഗത്തെ പിൻതിരിപ്പനാണ്; ആ ഭാഗത്തുള്ളവരുടേതു് പുരോഗമനവാദമാണ് എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ, അദ്ദേഹത്തിന്റെ ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ, അതിന്റെ അർത്ഥം എന്താണെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല.

വല്ല വ്യവസായികളോ, അതുപോലുള്ള വ്യക്തികളോ ഈ ഫൈനാൻഷ്യൽ കോർപ്പറേഷന് ഒരു പണയം എഴുതിക്കൊടുത്താൽമതി, കുടിയാന്മാരുടെ സകലവിധ സ്ഥിരാവകാശങ്ങളും അതോടുകൂടി അസ്തമിക്കും. ഇതുപോലു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

കൊല്ലത്തേക്കെങ്കിലും സാധാരണമായി പണയം നിലനിൽക്കും. ഇരുപതു കൊല്ലത്തിനുള്ളിൽ വേണ്ടപ്പോൾ സകല കുടിയാന്മാരെയും ഒഴിപ്പിക്കാം. അങ്ങനെ നിശ്ചയിച്ച് പണയം കൊടുത്താൽ അവരെ പുനരുദ്ധരിക്കുന്നതിനുള്ള വകുപ്പൊന്നും ഇതിൽ ഇല്ല. കുടിയാന്മാർ ശതാബ്ദങ്ങളായി അനുഭവിച്ചു പോരുന്ന അവകാശങ്ങളെ പരാജയപ്പെടുത്താൻവേണ്ടിയുള്ള ഒരു കുറുക്കുവഴിയാണ് ശ്രീ. രാമകൃഷ്ണൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി എന്നുള്ള നിലയിൽ ഞാൻ അതിനെ എതിർക്കുകയാണ്.

സർ, മറ്റൊരു ഭേദഗതി പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതാണ്.

If the amendment of Shri Madhavan Pillai is accepted, then the provision will become "leases of buildings including a house, shop or ware-house and the site thereof and the land appurtenant thereto".

എന്നായിട്ട് അതു മാറും. മറ്റുള്ള ഭേദഗതികൾ പോയാൽ ഇതു കുറെക്കൂടി ഭംഗിയായിരിക്കും. ആശയക്കുഴപ്പ് വഴിയുണ്ടാകുകയില്ലെന്നാണ് എന്റെ അഭിപ്രായം. അതിനെപ്പറ്റി ഗവണ്മെന്റ് ആലോചിക്കണമെന്നുമാത്രമേ പറയാനുള്ളു. സർ, എനിക്കു പറയാനുള്ളത്, ഇന്നത്തെ കൈവശം നഷ്ടപ്പെടാൻ പാടില്ല; ക്രമത്തിലായിട്ട് അവകാശങ്ങൾ നൽകുമ്പോൾ പ്രത്യേക പരിതഃസ്ഥിതി ഒന്നുമില്ലെങ്കിൽ, അത് ഈ സ്റ്റേറ്റിലെ എല്ലാ കുടിയാന്മാർക്കും ഒരുപോലെ നൽകണം; യാതൊരു വിവേചനവും കാണിക്കാൻ പാടില്ല എന്നാണ്. ആ നിലയിൽമാത്രമേ ഞാൻ ഈ വകുപ്പിനെ സമീപിക്കുകയും, എന്റെ അഭിപ്രായം പ്രകടമാക്കുകയും ചെയ്തിട്ടുള്ളു.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ വകുപ്പിൽ, രണ്ടാമത്തെ ഉപവകുപ്പിൽ എക്സ്പ്ലനേഷൻ "Permission given to a Kudikidappukaran to occupy a hut shall not be deemed to be a lease of building for the purpose of this clause" ആവശ്യമുള്ള ഒരു എക്സ്പ്ലനേഷനല്ല. കാരണം, 'ഹട്ട്' എന്നു പറഞ്ഞിരിക്കുന്നതിന്റെ നിർവ്വചനം, കുടികിടപ്പുകാരെ സംബന്ധിക്കുന്ന വകുപ്പിനു മാത്രം ഉദ്ദേശിച്ചിട്ടുള്ള നിർവ്വചനം ആണ്. എക്സ്പ്ലനേഷനിൽ 'ഹട്ട്' എന്നു പറഞ്ഞാൽ അത് ഒരു വകുപ്പിനു മാത്രമുള്ളതാണ്. അതിന്റെ നിർവ്വചനം ഇവിടെ വരികയാണെങ്കിൽ, ആ നിർവ്വചനത്തിൽ പറയുന്ന അർത്ഥം ഈ വകുപ്പിൽ കിട്ടുകയില്ല. 'ഹട്ടി'ന്റെ നിർവ്വചനം കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്: "Hut" means any dwelling house which has a value not exceeding four hundred rupees or the monthly rent of which does not exceed four rupees". അത് പൂർണ്ണമായിട്ട് ഇവിടെയും ചേർക്കുന്നില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ഈ വിശദീകരണംതന്നെ എടുത്തുകളയണമെന്നും എനിക്കു തോന്നുന്നു. കാരണം, ടെനൻസി ചാപ്റ്ററിൽ കുടികിടപ്പുകാരെപ്പറ്റി പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഈ നിയമത്തിൽ ഒന്നുരണ്ടു വകുപ്പുകളിൽ കുടികിടപ്പുകാരെപ്പറ്റി പറയുന്നുണ്ട്. അവർ ടെനന്റ് അല്ല. ടെനൻസിന്റെ ചാപ്റ്ററിൽ അവരെ പ്രത്യേകം എടുത്തുപറയേണ്ട കാര്യമില്ല. ആ നിലയ്ക്ക് കുടികിടപ്പുകാരെ ഒരു പ്രത്യേക ചാപ്റ്ററിൽ ചേർക്കാവുന്നതാണ്. അവർ ടെനന്റ്സ് അല്ലാത്തതുകൊണ്ട് ഇവിടെ ചേർക്കേണ്ടതില്ല. അങ്ങനെ വേണമെങ്കിൽ ഈ വിശദീകരണം എടുത്തുകളയാം. അത് പ്രത്യേകം ഒരു ചാപ്റ്ററിൽ ചേർക്കാം. ഇതു ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതാണ്. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

സർ, കെട്ടിടങ്ങൾ ലീസിനു കൊടുക്കുന്നത്—കമേഴ്സ്യൽ പർപ്പസ്സിനും, ഇൻഡസ്ട്രിയൽ പർപ്പസ്സിനും സ്ഥലം ലീസിനു കൊടുക്കുന്നത്—ബില്ലിൽ നിന്നും ഒഴിവാക്കുകയാണ് ഈ വകുപ്പിന്റെ ഉദ്ദേശം. ഏതായാലും കുടിയാന്ന ആനുകൂല്യം കിട്ടണമെന്നുള്ളതാണ് ഈ വകുപ്പുകൊണ്ടുദ്ദേശിക്കുന്നതും.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണെങ്കിൽ, എന്റെ സ്നേഹിതൻ ശ്രീ. ടി. എ. തൊമ്മൻ നിർദ്ദേശിച്ച ഭേദഗതി ആവശ്യമില്ലാതെ വരും. പോർട്ട് ഏരിയായിൽ പല കെട്ടിടങ്ങളും ലീസിനു കൊടുത്തിട്ടുണ്ട്. സ്ഥലവും ലീസിനു കൊടുത്തിട്ടുണ്ടായിരിക്കും. അത് കമേഴ്സ്യൽ പർപ്പസസ്സിനും, ഇൻഡസ്ട്രിയൽ പർപ്പസസ്സിനും കൊടുത്തിട്ടുള്ളതാണ്. അതുകൊണ്ട് പോർട്ടിലെ സ്ഥലങ്ങൾ ഈ വകുപ്പിൽ പറഞ്ഞ വ്യവസ്ഥകൾകൊണ്ടുതന്നെ ഒഴിവാകുന്നുണ്ട്. സ്ഥലം കൃഷിക്കു കൊടുത്തിട്ടുള്ളതാണെങ്കിൽ അതും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അങ്ങനെ പാട്ടത്തിനു കൊടുത്തിട്ടുള്ളവർക്കും സ്ഥിരാവകാശവും മററ് ആനുകൂല്യങ്ങളും കൊടുക്കേണ്ടതാണ്. അപ്രകാരം ഗവണ്മെൻറു ഭൂമികളെ സംബന്ധിച്ചും ഞാൻ നിർദ്ദേശിക്കുകയാണ്. ഗവണ്മെൻറിന്റേതായാലും, പോർട്ടിന്റെ വകയായാലും കൃഷിയാവശ്യത്തിനുവേണ്ടി ലീസിനു കൊടുത്തിട്ടുള്ളതാണെങ്കിൽ, ഉടമസ്ഥന്മാർ ആരായാലും തരക്കേടില്ല, കുടിയാന് സ്ഥിരാവകാശം നൽകേണ്ടതാണ്. ലാൻഡ് ലാർഡിന്റെ കീഴിലുള്ള എല്ലാ കുടിയാന്മാർക്കും, അതു വാങ്ങാനുള്ള അവകാശം കിട്ടണം. കുത്തകപ്പാട്ടത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. ഭൂമി ആരുടേതായാലും, ലാൻഡ് ലാർഡ് ആരായാലും, ഗവണ്മെൻറുതന്നെയായാലും ഇന്നുള്ള കുടിയാന്മാർക്ക് സംരക്ഷണം നൽകണമെന്നുള്ളതാണ് ഇൻഡ്യയിൽ മററു ചില സ്റ്റേററുകളിലും അംഗീകരിച്ചിട്ടുള്ള തത്വം. കാശ്മീർ, ബീഹാർ, രാജസ്ഥാൻ എന്നിവിടെയെല്ലാം ഗവണ്മെൻറിന്റെ കീഴിലുള്ള ഭൂമിയിലെ കുടിയാന്മാർക്ക് എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. മററു കുടിയാന്മാർക്കെന്നപോലെ ഗവണ്മെൻറു വക ഭൂമിയിലെ കുടിയാന്മാർക്കും എല്ലാ ആനുകൂല്യങ്ങളും നൽകണം. കാരണം, നമ്മുടെ ഉദ്ദേശം കൃഷി അഭിവൃദ്ധിപ്പെടുത്തണം, ഉൽപ്പാദനം വർദ്ധിപ്പിക്കണം എന്നുള്ളതാണ്. അങ്ങനെ കർഷകർക്ക് പ്രചോദനം ഉണ്ടാകണമെങ്കിൽ അവരുടെ പ്രയത്നത്തിനും, അദ്ധ്വാനത്തിനും തക്കതായ പ്രതിഫലം കിട്ടുന്നതോടൊപ്പം വസ്തുവിൽ അവർക്ക് എന്തെങ്കിലും അവകാശം ഉണ്ടെന്നുള്ള ബോധംകൂടി ഉണ്ടാകണം. എന്നാൽ മാത്രമേ കൃഷി അഭിവൃദ്ധിപ്പെടുത്താനും, ഉൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കുകയുള്ളു. അങ്ങനെ കർഷകർക്ക് പ്രചോദനവും ഉത്സാഹവും വർദ്ധിപ്പിക്കാൻ കുടിയായ്മ സ്ഥിരതയും, പർച്ചേസ് റൈററും അനുവദിക്കാതെ നിവൃത്തിയില്ല. ഗവണ്മെൻറു ഭൂമിയിലായാലും ഇന്നത്തെ കുടിയാന്മാർക്ക് പരമാവധി സംരക്ഷണം നൽകാൻ ആവശ്യമായ വകുപ്പുകൂടി ഈ നിയമത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. മുൻകാലത്ത് നമ്മുടെ രാജ്യത്ത് ആളുകൾക്ക് ഭൂമി പതിച്ചു കൊടുത്ത് ആളുകളെക്കൊണ്ടു കൃഷി ചെയ്യിക്കുകയായിരുന്നു. ആളുകൾക്ക് ഭൂമിയില്ലായിരുന്നു; ഗവണ്മെൻറ് ഓടിനടന്ന് ആളുകളെപ്പിടിച്ച് അവർക്കു ഭൂമികൊടുത്ത് കൃഷി ചെയ്യിക്കുകയായിരുന്നു. അതാണ് നമ്മുടെ രാജ്യത്തെ ചരിത്രം. ഗവണ്മെൻറിന്റെ കൈവശം ഇരുന്ന ഭൂമിയാണെങ്കിലും, പണ്ട് ആളുകളെ പ്രേരിപ്പിച്ച് കൃഷിചെയ്യിച്ചിരുന്നതുപോലെ, ഉള്ള ഭൂമിയിൽ കൃഷി നടത്തിക്കണമെന്നാണ് ഗവണ്മെൻറിന്റെ ഉദ്ദേശമെങ്കിൽ അതിനുള്ള പ്രേരണകൾ ജനങ്ങൾക്കു നൽകണം. ഇന്ന് വെറുതേ കിടക്കുന്ന ഭൂമി അസൈൻ ചെയ്തു കൊടുക്കാൻ നിയമം ഉണ്ടാക്കിയിട്ടുണ്ടെന്നു പറയുന്നു. അതിന്റെയും ഉദ്ദേശം പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. അങ്ങനെയുള്ള ഭൂമിയൊന്നും പാട്ടത്തിനു കൊടുത്താൽപോരാ; ഭൂമിയിൽ പരിപൂർണ്ണമായ ഉടമാവകാശം ആളുകൾക്കു കൊടുത്താൽ മാത്രമേ ശരിയായ ഉൽപ്പാദനം സാധിക്കു. ഇന്ന് കുടിയായ്മ കിട്ടുന്ന ആളുകൾക്ക് പൂർണ്ണമായ ഉടമാവകാശം ലഭിക്കണം. കുത്തകപ്പാട്ട റൂൾസും, കണ്ടുകൃഷി റൂൾസും പ്രകാരം ഇന്നുള്ള കുടിയാന്മാർക്ക് ഈ ബില്ലിന്റെ വ്യവസ്ഥയനുസരിച്ചുള്ള സംരക്ഷണം ഇല്ലെന്നു വരുന്നതു കഷ്ടമാണ്. സീലിംഗ് വരെയുള്ള ഭൂമി അവർക്കു കിട്ടാതെ വരും. അതൊരു അനീതിയാണ്. കുത്തകപ്പാട്ട റൂൾസിനെപ്പററിയും, അസൈൻമെൻറ് ലാൻഡിനെപ്പററിയും ചർച്ച നടന്നപ്പോൾ, കാർഷിക ബന്ധബില്ലിൽ പരിഗണനയ്ക്കു വരുമ്പോൾ ആലോചിക്കേണ്ട കാര്യമാണെന്ന് അന്നു പറയുകയുണ്ടായി. അതുതന്നെ ഈയവസരത്തിലും ഞാൻ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ഗവൺമെന്റിന്റേതായാലും മററാരുടേതായാലും ഭൂമിയെസംബന്ധിച്ചുള്ള ബന്ധങ്ങളെല്ലാം കാർഷികബന്ധബില്ലിൽ വരേണ്ടതാണ്. ഗവൺമെന്റിനു പ്രത്യേകമായി എന്തെങ്കിലും അധികാരം വേണമെങ്കിൽ അതും ഈ ബില്ലിൽത്തന്നെ വരുത്താവുന്നതാണ്. അതുകൊണ്ട് ഭൂമിസംബന്ധമായ എല്ലാ വിധത്തിലുള്ള കാര്യങ്ങളും ഈ നിയമത്തിനകത്തിൽ വരുത്തണം. ഗവൺമെന്റിനോ, മറെറതെങ്കിലും അതോറിട്ടിസിനോ പ്രത്യേകമായ പരിഗണന ആവശ്യമുണ്ടെങ്കിൽ അത് പ്രത്യേകം ഈ നിയമത്തിൽ എഴുതിച്ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ആ നിലയിൽ ഈ വകുപ്പിനെ പരിഗണിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ലീസ് ഓഫ് പ്രൈവററ് ഫാറസ്റ്റ് ഒഴിവാക്കിയിട്ടുണ്ട്. പ്രൈവററ് ഫാറസ്റ്റിൽ കുറെ അധികം സ്ഥലം കൃഷി ചെയ്തിട്ടുണ്ട്. സീലിംഗ് ക്ലാസ്സിൽ പറയുന്നത് ഇങ്ങനെയാണ്: "Leases of private forests excluding portions there under cultivation". ആ നിലയിൽ കൃഷിചെയ്തിട്ടുള്ള സ്ഥലങ്ങളും ഉണ്ടെന്നും അത് ഒഴിവാക്കേണ്ടതാണെന്നും സീലിംഗിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രൈവററ് ഫാറസ്റ്റ് കൾട്ടിവേഷനിൽ ഇരിക്കുന്ന സ്ഥലങ്ങൾക്ക് ഈ ആനുകൂല്യം കിട്ടേണ്ടതാണ്. മററു ഡെഫനിഷനോടു ബന്ധപ്പെടുന്ന വിധത്തിൽ ആക്കിയാൽ ആ ബുദ്ധിമുട്ടു മാററാൻ കഴിയും. ഇവിടെ ഉണ്ടായ പലരുടെയും അഭിപ്രായത്തെ പരിഗണിച്ച് ഗവൺമെന്റ് ഈ കാര്യത്തിൽ ഒന്നുകൂടി ആലോചിച്ച് വേണ്ട മാററം ചെയ്യുമെന്ന് ഞാൻ വിചാരിക്കുന്നു.

Mr. Speaker: I have to fix the time for discussion. Those who move amendments can speak for ten minutes. Those who subscribe to amendments can speak for five minutes.

Shri P. T. Chacko: If that is the course to be adopted each amendment will have to be taken up and everybody who wish to speak will speak for five minutes.

[Shri K. M. George in the Chair]

Shri R. Raghava Menon: The amendment which I have moved is this:

"In clause 3, add new sub-clause (xi) Leases granted by a managing member of a family to any other member of the family" The intention is that some times in a family a manager grants lease to his nephew out of special love. Generally the latter happens to be the son-in-law of the manager. We have to take into consideration the existing circumstances. In certain big families, Marumakkathayam families, there will be a number of such leases. Those lessees must not get fixity of tenure. I am told that in the Bombay Act there is a provision that these leases granted to a family member need not be taken into consideration, ie., ignored from the purview of the Act. A Marumakkathayam family must have the benefit of all the lands that the family holds, whether in the name of the Karanawar, Manager, or in the name of a member of the family. This lease is not quite ordinary. It has come in the peculiar circumstances and they need not be construed and they must be taken as leases to the family. That is the first amendment.

Then I wish to say a word about sub-clause (i). Such a provision of excluding land vested in Government is not a good thing or a correct thing. The leases that are granted by Government are generally looked upon as leases which are never

LIBRARY ARCHIVES Kerala Legislative Assembly

destroyed by Government. The circumstances in our State are such that there is a lot of grumbling that the Government are trying to keep enormous powers in their hands for the purpose of patronage itself. I am not criticising; that may be there. At the same time the Government must not make themselves liable. Tenants holding leases under the Government ought to be the first set of people that ought to have got the Fixity of Tenure. In a legislation of this sort, the Government must set the example. Rent must be reduced even on a small portion of land. Rent must even be wiped out. You are insisting that upon poor landlords and at the same time you want to take away your lands from them. We do not say that the Government are misusing their power. Is it fair not to have included this vast area in the possession of the Government within this Act? I hold the whol country is going towards chaos and destruction. I am free to hold that idea. But let it be whatever it is. When Government takes up such a comprehensive legislation of complete destruction of welfare of the State they reserved these lands in their possession and taken it out of the purview of the Act. What is the justification for that? Had you not the time to arrange to distribute these lands or does it require so much trouble? You have got a vast machinery for purposes of distribution purchase, allotment etc. Why not you use it for this matter also. There must be a purpose. What is the particular reason for you to exclude these lands held by the Government excepting that you must not be put the question because you are the ruling party and that you have the right. A Government may do whatever it likes. You want to have a vast area of land to be disposed as you want. Then we cannot criticise them. Government must be above criticism as far as possible. A large majority of the people are put to much difficulty on account of this legislation. It is not at all correct nor it is legal.

ശ്രീ. കെ. പി. ആർ. ഗോപാലൻ: ഈ നിയമത്തിലെ വ്യവസ്ഥപ്രകാരമുള്ള പാട്ടത്തെക്കാളും കുറവായിട്ടുള്ള സംഖ്യയല്ലേ ഗവണ്മെന്റിന് കിട്ടുന്നുള്ളു. അങ്ങനെ കുടിയാന്മാർക്ക് സൗകര്യം കിട്ടുന്നില്ലേ?

Shri R. Raghava Menon: A man must be judged by his acts. I heard the Hon'ble Revenue Minister saying that they are bringing certain measures for the benefit of the people. I heard her saying that a vast majority of our population will be getting the benefit. That is a good thing. I heard the Leader of the Opposition also saying that it is a good measure. We appreciate the good things done by the Government. Our complaint is that the Government are not doing it often. There are unavoidable opportunities to criticise them.

Chairman: The hon. Member has almost exceeded the limited time of ten minutes.

Shri R. Raghava Menon: Please don't take a minute as 60 seconds only. I must get some time to express my own ideas. I am sorry the time is almost covered.

Chairman: Please try to finish.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Raghava Menon: "Leases of land or of buildings or of both specifically granted for industrial or commercial purposes provided the whole extent is used for the purpose. "If they do not use any portion that portion must be recovered. That must be brought under the Act. My hon. friend said that this is only for leases and that it does not come under the definition. I suppose my amendment that leases granted to a family member may be ignord and that it may be taken as family property will be accepted by the Government. One more thing I may submit. The Government must also bring the vast areas under them under the purview of this Act.

ശ്രീ. പി. എം. ജോസഫ്: സർ, കുത്തകപ്പാട്ടത്തെപ്പററി ഇവിടെ വളരെയധികം പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. എങ്കിലും ഒന്നുരണ്ടു വാക്ക് അക്കാര്യത്തെപ്പററി പറയുവാനുണ്ട്. കുത്തകപ്പാട്ടമെല്ലാം ഒരേ രീതിയിൽ പരിഗണിക്കുന്നതു ശരിയല്ല. പത്തൻപതു കൊല്ലമായി കുത്തകപ്പാട്ടമായി വസ്തു അനുഭവിക്കുന്നവരും ഇന്നും ഇന്നലെയും കുത്തകപ്പാട്ടത്തിനെടുത്തിട്ടുള്ളവരും തമ്മിൽ വ്യത്യാസം ഉണ്ട്. എന്റെ ലീഡർ പറഞ്ഞതുപോലെ വളരെക്കാലമായി ഉപ്പുതറയിൽ ദേഹണ്ഡം ചെയ്തു ഭൂമി അനുഭവിച്ചുവരുന്നവരെ ഈയിടെ കയറിയിട്ടുള്ളവരെപ്പോലെ പരിഗണിക്കുന്നതു ഒരിക്കലും ശരിയല്ല. ഉപ്പുതറയിൽ ഗവൺമെന്റിന്റെ ആഹ്വാനം അനുസരിച്ചു ആണു പ്രവേശിച്ചിട്ടുള്ളതു. അവർ അവിടെ വളരെ പണം ചെലവുചെയ്തു കൃഷിചെയ്തു വരുന്നവരാണ്. ആ ഭൂമി അവർക്കു വിട്ടുകൊടുക്കണമെന്നു അവർ ഗവൺമെന്റിലേക്കു അപേക്ഷിച്ചിട്ടുണ്ട്. ആ അപേക്ഷ ഇപ്പോഴും ഗവൺമെന്റിന്റെ മുമ്പിൽ ഇരിക്കയാണ്. അവരെ കുത്തകപ്പാട്ടവ്യവസ്ഥയിൽനിന്നും വ്യത്യസ്തമായി പരിഗണിച്ചു ആ ഭൂമി അവർക്കു സ്ഥിരമായി പതിച്ചുകൊടുക്കേണ്ടതാണ്. ശ്രീ. ഇ. പി. പൗലോസ് ഇവിടെ പറഞ്ഞതുപോലെ, വളരെക്കാലമായി കുത്തകപ്പാട്ടഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരേയും ഈ ബില്ലിന്റെ പരിധി വരെയുള്ള ഭൂമി വച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കേണ്ടതാണ്. ഗ്രോമോർ ഫുഡ് കാമ്പയിൻ കാലത്തു ആളുകൾക്കു വളരെയധികം ഭൂമി കൊടുത്തിട്ടുണ്ട്. അക്കാലത്തു ഏക്കറിനു ഏതാണ്ടു 2,000 രൂപയോളം ചെലവാക്കിയാണു ഈ സ്ഥലങ്ങൾ എല്ലാം വെട്ടിത്തെളിച്ചു അവർ കൃഷി ചെയ്തതു. ഇങ്ങനെ അത്യദ്ധ്വാനം ചെയ്തു കാടു വെട്ടിത്തെളിച്ചു കൃഷി ചെയ്തുവരുന്ന ആളുകളെ കുത്തകപ്പാട്ടവ്യവസ്ഥയിൽനിന്നും ഒഴിവാക്കി പരിധി വരെയുള്ള ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുവാൻ ഉള്ള അവകാശം കൊടുക്കേണ്ടതാണ്. നിലവിലുള്ള വ്യവസ്ഥ കുത്തകപ്പാട്ടഭൂമി അഞ്ചേക്കർ വരെ മാത്രമേ കൈവശം വച്ചുകൊണ്ടിരിക്കാവൂ എന്നാണ്. ആ വ്യവസ്ഥയിൽനിന്നും ഇവരെ ഒഴിവാക്കി പരിധിവരെയുള്ള ഭൂമി ഇവർക്കു കൈവശം വച്ചുകൊണ്ടിരിക്കാമെന്നു വ്യവസ്ഥ ചെയ്യണം. ഞങ്ങളുടെ നേതാവു അതിനെപ്പററി കൂടുതലായി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ഞാൻ അധികമൊന്നും പറയുന്നില്ല.

പ്രൈവററ് ഫാറസ്ററുകൾ ഈ ബില്ലിൽ എക്സംപ്ററ് ചെയ്തിരിക്കുകയാണ്. അതു വളരെ അനീതിയാണെന്നു പ്രത്യക്ഷത്തിൽ കാണാം. വളരെ അധികം ജനങ്ങൾ പ്രൈവററ് ഫാറസ്ററുകൾ പാട്ടത്തിനും, വിലയ്ക്കും വാങ്ങി കൃഷിചെയ്തുവരുന്നുണ്ട്. ചില തല്പരകക്ഷികളെ രക്ഷിക്കാനായി പ്രൈവററ് ഫാറസ്റ്റ് ഈ ബില്ലിൽനിന്നും ഒഴിവാക്കാതിരിക്കുന്നതു ശരിയല്ല. പ്രൈവററ് ഫാറസ്റ്റിൽ അധിവസിക്കുന്ന കുടിയാന്മാരെ രക്ഷിക്കേണ്ടതും, ഗവൺമെന്റിന്റെ കർത്തവ്യമാണ്. അങ്ങനെയുള്ളവർക്കു ഫിക്സിററി ഓഫ് ടെനൂവർ കൊടുക്കുകയും വേണം. ഭൂമി വിലയ്ക്കു വാങ്ങിച്ചിട്ടുള്ളവർക്കു ആ സ്ഥലം സ്ഥിരമായി പതിച്ചുകൊടുക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചടയൻ: ചില തരം ഭൂമിയെ ഈ ബില്ലിന്റെ വ്യാപ്തിയിൽ നിന്നും ഒഴിവാക്കുന്നതിനെ സംബന്ധിച്ചുള്ളതാണ് മൂന്നാമത്തെ വകുപ്പ്. ആ വകുപ്പിൻപ്രകാരം വളരെയധികം കുടിയാന്മാർക്ക് ഈ ബില്ലിന്റെ ആനുകൂല്യം ലഭിക്കാതെപോകുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചി പ്രദേശത്തുള്ള ജന്മി-കുടിയാൻ ബന്ധം അല്ല മലബാർപ്രദേശത്തുള്ള ജന്മി-കുടിയാൻ ബന്ധം. മലബാറിൽ 20-ഓ, 25-ഓ കൊല്ലത്തിനു മുമ്പ് ഒരു കുടിയാൻ ജന്മിയുടെ പക്കൽനിന്നും ഭൂമി വാങ്ങി അവിടെ കൃഷിചെയ്യുകയും തെങ്ങിൻതോപ്പുകളെല്ലാം ഉണ്ടാക്കുകയും ഒടുവിൽ കച്ചവടം ചെയ്യുകയും കെട്ടിടങ്ങൾ ഉണ്ടാക്കുകയുംചെയ്തു എന്നു വരാം. അങ്ങനെ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനു ഉദാഹരണങ്ങൾ അനവധിയുണ്ട്. അപ്രകാരം കച്ചവടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കുടിയാന്മാർക്ക് യാതൊരു ജേവ്ബന്ധാവകാശവും ഇല്ലെന്നു പറഞ്ഞാൽ അതു് കഷ്ടമാണ്. ആ ഒരു നില കുടിയാന്മാർക്ക് വരാതിരിക്കുവാൻ വേണ്ടിയാണ് ഈ ഭേദഗതി ഞാൻ കൊണ്ടുവന്നിരിക്കുന്നതു്. മലബാറിൽ, ഇതിനോടു് ഏററവും ബന്ധപ്പെട്ടുനില്ക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ചു് കോടതികളിൽ കേസ്സു കൊടുക്കുകയും ചില വിധികൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ടു്. ആ വിധികൾ എന്റെ വാദത്തിനു് അനുകൂലമാണ്. മില്ലുകളോ, വർക്ക്ഷാപ്പുകളോ ഉണ്ടാക്കുന്നതിലേക്ക് ആവശ്യമുള്ള ഭൂമിയിൽ താമസിക്കുന്ന കുടിയാന്മാർക്ക് ഈ ബില്ലിന്റെ ആനുകൂല്യം കിട്ടാതിരിക്കുന്നതു് ശരിയല്ല. ഈ കൊച്ചുകേരളത്തിൽ നമ്മുടെ നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി കൃഷിചെയ്തുകൊണ്ടിരിക്കുന്നവർക്ക് ഈ ബില്ലിന്റെ ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുന്നതു് ശരിക്കലും ന്യായമല്ല. അതിനാൽ എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: മലബാർ കുടിയാൻയ്മപ്രകാരമുള്ള അവകാശം ഈ ബിൽ പാസ്സാകുന്നപക്ഷം നഷ്ടപ്പെടും എന്നു് ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നുണ്ടോ?

ശ്രീ. എം. ചടയൻ: ഈ ബില്ലിലെ മൂന്നാംവകുപ്പു വായിച്ചതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് നഷ്ടപ്പെടും എന്നാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഈ വകുപ്പിലെ ഒന്നുമുതൽ പത്തുവരെയുള്ള ഉപവകുപ്പുകൾ കൊണ്ടു ചില കുടിയാന്മാരുടെ കുടിയായ്മാവകാശം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ചില പ്രത്യേകസ്ഥലങ്ങളിൽ ഉള്ള കുടിയാന്മാരുടെ കാര്യമാണിതിൽ പറയുന്നതു്. ഒന്നാമതായി, കേരള ഗവണ്മെൻറിന്റെയോ, ഇൻഡ്യയുടെ മററു സംസ്ഥാനങ്ങളിലെയോ, അല്ലെങ്കിൽ കേന്ദ്രഗവണ്മെൻറിന്റെയോ വകയായി അവകാശപ്പെടുന്ന സ്ഥലങ്ങളിൽ ഇപ്പോൾ കുടിയായ്മ അവകാശം സ്ഥാപിച്ചിരിക്കുന്നയാളുകളുണ്ടെങ്കിൽ അവർക്കു കുടിയായ്മ അവകാശം ലഭിക്കുന്നതല്ല. ഈ ബില്ലുകൊണ്ടു പ്രധാനമായി ഉദ്ദേശിക്കുന്നതു്, വളരെയധികം ഭൂമിയുള്ള ജന്മിമാരിൽ നിന്നും ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരും, അതിലധ്വാനിക്കുന്നവരുമായ കൃഷിക്കാർക്കു് അവരുടെ വക ഭൂമി വിതരണം ചെയ്യുക എന്നുള്ളതാണ്. ഈ നാട്ടിലെ പ്രധാന ജന്മി ഗവണ്മെൻറാണ്. ഗവണ്മെൻറിന്റെ വക ഭൂമിയിൽ താമസിക്കുന്നയാളുകൾക്കു കുടിയായ്മാവകാശം കൊടുക്കാതെ മററു ഭൂമികളിൽ ഉള്ളവർക്കുമാത്രം കുടിയായ്മാവകാശം കൊടുക്കുന്നതു് ശരിക്കലും ന്യായീകരിക്കാവുന്നതല്ല. ഒന്നാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ കുറെക്കാലം മുമ്പു മുതൽ വളരെയധികം ആളുകൾ പ്രവേശിക്കുകയും, കൃഷിചെയ്തു താമസിക്കുകയും, അങ്ങനെ കുടിയാന്മാരായി കഴിഞ്ഞു കൂടുകയും ചെയ്യുന്നുണ്ടു്. ഈ രാജ്യത്തെ ഉല്പാദനവർദ്ധനവിനു് അവരും കഴിവുള്ള പരിശ്രമങ്ങൾ നടത്തുന്നവരാണ്. അങ്ങനെയുള്ളവർക്കു കുടിയായ്മാവകാശം തന്നെയും കൊടുക്കാൻ പാടില്ലെന്നു പറയുന്നതു്, വളരെ കഷ്ടമാണ്. ഇതിനെസംബന്ധിച്ചു് ഞാൻ തന്നെ രണ്ടു ഭേദഗതികൾ അയച്ചിട്ടുണ്ടു്. ആദ്യത്തേതു് ലീസ്സ് ആഫ് പ്രൈവററ് ഫാറസ്റ്റിനെസംബന്ധിച്ചും, രണ്ടാമത്തേതു് 'tenancies in respect of plantations admeasuring more than the

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

ceiling area' എന്നുള്ളതിനെ സംബന്ധിച്ചുമാണ്. ഇതുരണ്ടുംകൂടി എക്സംപ്റ്റ് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ രണ്ടു സംഗതികളെസംബന്ധിച്ചും ശക്തിമത്തായി സംസാരിച്ചിട്ടുണ്ട്. പ്രൈവററ് ഫാറസ്റ്റുകളെ സംബന്ധിച്ചുള്ള കുടിയായ്മ വരെ ബാധകമാക്കാതെ, അവിടെ താമസിക്കുന്നയാളുകൾക്ക് കുടിയായ്മ നിഷേധിച്ചിരിക്കുന്നതു് ഖേദകരമായിപ്പോയി. അവർക്കും ഉപരിധിവയ്ക്കുന്നതിൽ ആക്ഷേപമില്ല. കുടിയായ്മാവകാശം നിഷേധിക്കുന്നതിനെയാണ് ഞാൻ എതിർക്കുന്നതു്.

അതുപോലെതന്നെ, "tenancies in respect of plantations admeasuring more than the ceiling area", എന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, അനവധിയാളുകൾ മലംപ്രദേശങ്ങളിൽപ്പോയി പത്തും നൂറും ഏക്കർ സ്ഥലങ്ങളിൽ പ്ലാന്റേഷൻ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ രാജ്യത്തിന്റെ സാമ്പത്തികകഴിവിനെ വർദ്ധിപ്പിക്കത്തക്ക കൃഷികളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നതു്. അങ്ങനെയുള്ളയാളുകൾക്ക് കുടിയായ്മാവകാശംകൂടി കൊടുക്കാൻപാടില്ലെന്നു പറയുകയാണ്. അതിന്റെ ഫലം ഭാവിയിൽ അദ്ധ്വാനിക്കുന്നയാളുകൾക്ക് അതിനുള്ള ഉത്തേജനമോ, പ്രോത്സാഹനമോ ഇല്ലാതെപോകും. അതു വരരുതെന്നുള്ള വിചാരം കൊണ്ടാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഇവിടെ ചില പ്രത്യേകതരം ഭൂമി ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കണമെന്നു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ കാര്യമായി വാദിച്ചുകണ്ടു. അദ്ദേഹത്തിന്റെ വാദഗതികൾ എല്ലാംകൂടി കേൾക്കുമ്പോൾ, പെട്ടെന്ന് അതിൽ ചില ന്യായങ്ങളില്ലേ എന്നു തോന്നുകയും ചെയ്യും. പക്ഷേ ചിത്രത്തിന്റെ ഒരു വശംമാത്രമേ അദ്ദേഹം ഇവിടെ ചൂണ്ടി കാണിച്ചിട്ടുള്ളു. ഈ ഘട്ടത്തിൽ, ഗവണ്മെന്റു ഭൂമിയെ സംബന്ധിച്ചിടത്തോളമുള്ള കാര്യത്തെപ്പററിയാണ് എനിക്കു പ്രധാനമായി പറയുവാനുള്ളതു്.

സർ, എന്റെ മുമ്പിൽ, രണ്ടു നിയമങ്ങളും ഇരിപ്പുണ്ട്. ഒന്ന്, ഇവിടത്തെ പ്രജാസോഷ്യലിസ്ററ് പാർട്ടി 1954-ൽ നിയമസഭയിൽ ഹാജരാക്കിയ Prevention of eviction of Kudikidappukars' Bill ആണ്. അതിൽ ഗവണ്മെന്റു ഭൂമികളെ ഒഴിവാക്കിയിരിക്കുകയാണ്. 1954-ൽ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലവതരിപ്പിച്ച വെറുംപാട്ടദാർ ബില്ലിലും, ഗവണ്മെന്റു ഭൂമികളെ ഒഴിവാക്കിയിരിക്കുകയാണ്. ആ ബില്ലിൽ "Nothing in this Act shall apply to lands belonging to or vested in the Government or belonging to a local authority or any authority notified by the Government" എന്നാണ് പറയുന്നതു്.

ശ്രീ. ഇ. പി. പൗലോസ്: പി. എസ്. പി. യുടെ കാലത്തു ബിൽ അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്ന ലാൻഡ് അസൈൻമെന്റ് റൂൾസും, ഇപ്പോഴത്തെ റൂൾസും ഒന്നല്ലെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അതിനെപ്പററി ഞാൻ പിന്നീടു പറയാം. അതുപോലെ തന്നെ, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ കാലത്തു കാൺഗ്രസ്സ് ഗവണ്മെന്റ് കൊണ്ടുവന്നു പാസ്സാക്കിയ കുടികിടപ്പു നിരോധന നിയമത്തിലും ഗവണ്മെന്റു ഭൂമിയിലുള്ളവർക്ക് കുടികിടപ്പവകാശംകൂടി കൊടുത്തിരുന്നില്ലെന്നുള്ളതു ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണ്. ഇന്ന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കുത്തകപ്പാട്ട ഭൂമിയും കണ്ടുകൃഷി ഭൂമിയും കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു കൊടുത്തിട്ടുള്ള അവകാശങ്ങൾ എന്തെല്ലാമാണെന്നു നമുക്കറിയാം. റവന്യൂമന്ത്രി പറയുകയുണ്ടായി, [illegible]കൃഷി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കു സ്ഥിരാവകാശം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനുള്ള നടപടികൾ എടുത്തുവരികയാണെന്ന്. ഏററവും ഒടുവിൽ കൈവശംവച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് പത്തേക്കർ വരെ ഭൂമി സ്ഥിരാവകാശമായി വച്ചുകൊണ്ടിരിക്കാമെന്നാണ് പറയുന്നത്. അതുപോലെ ലാൻഡ് അസൈൻമെൻറ് റൂളിനു വിധേയമാക്കി ചില ഭൂമികൾ കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇടപ്പള്ളി സ്വരൂപം വക ഭൂമിയെസംബന്ധിച്ച് പറയുകയുണ്ടായി. തിരുവല്ലാ താലൂക്കിലെ കിഴക്കൻ പ്രദേശങ്ങളിൽ കുറെ ഭൂമി ഇടപ്പള്ളി സ്വരൂപം വകയായി ഉണ്ട്. ആ ഭൂമി കൃഷിക്കാർക്ക് പതിച്ചുകൊടുക്കുന്നതിനുള്ള നടപടി നടത്തികൊണ്ടിരിക്കുകയാണ്. അവിടെ കൃഷിക്കാർ ദീർഘകാലമായി അദ്ധ്വാനിച്ച് ആദായമുണ്ടാക്കുന്നുണ്ടെന്നുള്ള കാര്യം ശരിയാണ്. അതേയവസരത്തിൽ പത്തേക്കറിൽ കൂടുതലുള്ള ആളുകൾ എത്രമാത്രമുണ്ട്; എത്ര ശതമാനമുണ്ട്; വളരെ ചുരുക്കം മാത്രം; കൂടിയാൽ രണ്ടു ശതമാനം കാണുമോ എന്നുതന്നെ സംശയമാണ്. ഇടപ്പള്ളി സ്വരൂപം വകയാണു ഈ സ്ഥലം എന്നു പറഞ്ഞു. ഈ വൻഭൂഉടമകൾ ഒരു പൈസപോലും ഇടപ്പള്ളി സ്വരൂപത്തിനോ, ഗവണ്മെൻറിനൊ കൊടുത്തിട്ടില്ല. അതുപോലെതന്നെ ഉപ്പുതറയിൽ ആളുകൾ ഉണ്ടെന്നു പറയുന്നു. രണ്ടോ മൂന്നോ ഏക്കർ മുതൽ പത്തേക്കർവരെ കൈവശമുള്ളവർക്കു സംരക്ഷണം കൊടുക്കണമെന്നു പറഞ്ഞാൽ മനസ്സിലാക്കാം. നേരേമറിച്ച് കൂടുതൽ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്നവരെ സംരക്ഷിക്കുകയോ, മറെറന്തെങ്കിലും ആനുകൂല്യം ചെയ്തു സഹായിക്കുകയോ ചെയ്യേണ്ടതുണ്ടോ? ഞാൻ അടുത്തകാലത്തു ദേവികുളം താലൂക്കിൽ ബേയിസൺ വാലി എന്ന സ്ഥലത്തു പോയി. അവിടെ പാവപ്പെട്ട സാധുക്കൾക്കു വിതരണം ചെയ്യപ്പെട്ടിരുന്ന ഭൂമിയിൽ, അവരുടെ പുരയ്ക്കു തീവച്ചു നശിപ്പിച്ചതിനുശേഷം, കയ്യേറിതാമസിക്കുന്ന അനേകം പേരുണ്ട്. അങ്ങനെയുള്ളവർക്ക് എന്തു സംരക്ഷണമാണുള്ളത്? അതുപോലെ കിഴക്കൻ പ്രദേശങ്ങളിൽ മലവർഗ്ഗക്കാരേയും മററും അടിച്ചോടിച്ചതിനുശേഷവും, അതല്ലാതെയും ഗവണ്മെൻറു വക ഭൂമി നൂറുകണക്കിനേക്കർ കൈവശപ്പെടുത്തിവച്ചിട്ടുള്ള ആളുകളുണ്ട്. അങ്ങനെയുള്ളവർക്ക് ടെനൻസി റൈററ് കൊടുക്കണമെന്നു പറഞ്ഞാൽ അതിൻെറ അർത്ഥം ഭാവിയിൽ ഗവണ്മെൻറ് അവർക്കു ഭീമമായ തുക കാമ്പൻസേഷനായി കൊടുക്കേണ്ടിവരുമെന്നുള്ളതാണ്. അതു് അംഗീകരിക്കാൻ പാടില്ലാത്തതാണ്.

__ശ്രീ. ഇടിക്കുള__: സർ, പത്തനംതിട്ട താലൂക്കിൽ വെച്ചൂർതറ, ചിററാർ മുതലായ ഭാഗത്ത് കുത്തകപ്പാട്ടത്തിനു ഭൂമി കൈവശംവച്ചു കൃഷി ചെയ്തുവരുന്ന ആളുകളിൽ എല്ലാ സമുദായത്തിൽപ്പെട്ട ആളുകളും ഉൾപ്പെടും. അതു് മി. കുഞ്ഞാച്ചനറിയാമോ എന്നെനിക്കറിഞ്ഞുകൂടാ. വളരെക്കാലമായിട്ട് അവിടെ ആളുകൾ ഭൂമി കൈവശംവച്ച് കൃഷി ചെയ്തുവരുന്നുണ്ട്. ഗവണ്മെൻറു ഇന്നു ഭൂനിയമം ഉണ്ടാക്കുകയാണ്. ഇങ്ങനെ ഒരു നിയമം ഉണ്ടാക്കുമ്പോൾ ജന്മിയുടെ വസ്തുവിൽ താമസിക്കുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കുകയും, ഗവണ്മെൻറിൻെറ വസ്തുവിൽ കയറി കൃഷിചെയ്തു താമസിച്ചുവരുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കാതിരിക്കുകയും ചെയ്യുന്നതു് ഒരിക്കലും ശരിയല്ല. വളരെക്കാലമായി ഈ നാട്ടിലെ ആളുകൾ ഗവണ്മെൻറു ഭൂമിയിൽ പ്രവേശിച്ചു കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ വസ്തുത ആ ഭാഗത്തുള്ള ആളുകൾക്കും നല്ലവണ്ണം അറിയാവുന്നതാണ്. യാതൊന്നും ചെയ്യാതെ മിണ്ടാപ്രാണികളായി ജീവിക്കുന്നവർക്കും, സ്ഥിരാവകാശം കൊടുത്തിട്ടുണ്ട്. എന്നാൽ വളരെക്കാലമായി ഭൂമി കൈവശംവച്ചു കൃഷി ചെയ്തുവരുന്ന ഇങ്ങനെയുള്ള കൃഷിക്കാർക്ക് സ്ഥിരാവകാശം കൊടുക്കാതിരിക്കുന്നതു ശരിയല്ല. എന്നുതന്നെയല്ല നിരോധനക്കരം എന്നും മററുമുള്ള പേരിൽ ഗവണ്മെൻറു ഭൂമിയിൽ കയറിയിട്ടുള്ളവരോട് വലിയ തുക കരം പിരിക്കുന്നുണ്ട്. അതുകൊണ്ട് കരം പിരിവിലും ഒരു ഏകീകരണം വരുത്തേണ്ടതു് അത്യാവശ്യമാണ്. മററുള്ള കുടിയാന്മാരെപ്പോലെ ഇവരേയും ഗണിച്ച് ഇവർക്കും സ്ഥിരാവകാശം കൊടുക്കണമെന്നുള്ള വസ്തുത ഗവണ്മെൻറിനെ അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

2/671/V.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഞങ്ങളെപ്പോഴും ഈ കാര്യത്തെക്കുറിച്ചു പറയുന്ന എന്നു പറഞ്ഞു ചെയറിൽനിന്നു ചിലപ്പോൾ അമർഷം കാണിക്കുന്നുണ്ട്. ഈ ഭാഗത്തുനിന്നു വളരെ സംസാരിച്ചിട്ടുണ്ട്. എങ്കിലും പിന്നെയും പിന്നെയും അതിനെക്കുറിച്ചു സംസാരിക്കുന്നതു് അതിലുള്ള അനീതിയും അധർമ്മവും ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ്. അനേകായിരം കുടുംബങ്ങളെ ബാധിക്കുന്ന സംഗതിയാണ്. അസൈൻമെൻറു റൂൾസ് ഇവിടെ ചർച്ചയ്ക്കു വന്നതിനു ശേഷമാണ് ഇതിനെപ്പററിയുള്ള പ്രസ്താവനകൾ ഇവിടെയുണ്ടായതു്.

മി. സ്പീക്കർ: ഈ ബില്ലിനെക്കുറിച്ചു ജനറൽ ഡിസ്കഷൻ നടന്ന അവസരത്തിൽ വളരെ പ്രാവശ്യം ഈ കാര്യത്തെപ്പററി ഇവിടെ സംസാരിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. ജാർജ്ജ്: പ്രതിപക്ഷനേതാവ് ഇവിടെ അഭിപ്രായപ്പെട്ടതുപോലെ ഇതു് അനേകം ആളുകളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. രണ്ടേക്കറും, അഞ്ചേക്കറും കാണിക്കിൽ ഭൂമികൾ കൈവശംവച്ചു കൃഷി ചെയ്തു വരുന്നതായ ധാരാളം കുടുംബങ്ങളുണ്ട്. നൂററാണ്ടുകാലമായിട്ടു് ഈ ഭൂമി കൈവശംവച്ചു അതു പല കുടുംബങ്ങളായി ഭാഗിച്ചു കൃഷിചെയ്തു താമസിക്കുന്നവരുണ്ട്. എന്തുകൊണ്ട് ഗവണ്മെൻറുവക ഭൂമിയെന്നും, ജന്മികളുടെ ഭൂമിയെന്നും ഇതിൽ വ്യത്യസ്തത കാണിക്കുന്നുവെന്നു ഞാൻ ചോദിക്കുകയാണ്. വളരെയധികം ആളുകളും കുടുംബങ്ങളും ഗവണ്മെൻറിൽനിന്നുണ്ടായ പ്രോത്സാഹനത്തിന്റെ ഫലമായി ഗവണ്മെൻറുഭൂമിയിൽ കൃഷി ചെയ്തു താമസിച്ചവരുണ്ട്. അവർ വളരെയധികം നികുതി ആ വകയിൽ സർക്കാരിലേക്കു കൊടുക്കുന്നുണ്ട്. നൂറും, ഇരുനൂറും രൂപാ നിരോധനക്കരം മുമ്പത്തിയിട്ടു് അതു കൊടുത്തു ഭൂമി കൈവശം വച്ചിട്ടുള്ളവർ വളരെയുണ്ട്. അങ്ങനെയുള്ളവരോടു നീതിയായിട്ടു പെരുമാറുവാൻ തയാറാകണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുകയാണ്.

100 ഏക്കറോ, മററോ എന്നുള്ള ഒരു പരിമിതി പ്ലാൻറേഷന്റെ കാര്യത്തിൽപോലെ ഇതിൽ കൊണ്ടുവരുന്നതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഗവണ്മെൻറുവക ഭൂമിയിൽ താമസിക്കുന്നവരുടെ കാര്യത്തിൽ നീതി ചെയ്യുവാൻ ഗവണ്മെൻറു തയ്യാറാകും എന്നു ഞാൻ വിശ്വസിക്കുന്നു. ഗവണ്മെൻറ് ഭൂമിയിലുള്ള കുടികിടപ്പിനെപ്പററി പ്രത്യേകം ഒരു ചാപ്ററർ തന്നെ എഴുതണം. അവരെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും അതിലെഴുതണം. അവരെ ഈ ബില്ലിൽനിന്നു ഒഴിവാക്കുവാൻ പാടില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഇവിടെ നടന്ന ചർച്ചകളിൽനിന്നും അല്പമെങ്കിലും വ്യത്യസ്തപ്പെട്ട സംഗതികളിലേക്ക് ഈ സഭ

10 A. M. യുടെ ശ്രദ്ധയെ ക്ഷണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഒന്നാമതു് ഈ ബില്ലിന്റെ പരമമായ ഉദ്ദേശത്തോടു്, ഈ ബില്ലിലുള്ള മിക്ക ഉപാധികളോടും പൂർണ്ണമായി യോജിക്കുവാനും ഇത്തരം സംഗതികൾക്ക് നിയമനിർമ്മാണം ചെയ്യുന്നതിനുള്ള ഗവണ്മെൻറിന്റെ ആഗ്രഹത്തെ അനുമോദിക്കുവാനും ഒരുക്കമുള്ള ഒരാളാണ് ഞാൻ. എന്നാൽ ആ ഉദ്ദേശത്തിൽനിന്ന് വ്യതിരിക്തമായി അതിനെ പ്രത്യക്ഷത്തിൽ നിഷേധിക്കുന്ന തരത്തിലുള്ള ചില വകുപ്പുകൾ കാണുമ്പോൾ ഞാൻ അല്പമൊന്നു വേദനപ്പെട്ടു പോകുകയാണ്. കർഷകർക്ക് കൃഷിഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുക, എന്നുള്ള തത്വത്തോടു ഞങ്ങളും യോജിക്കുന്നുണ്ട്. ഗവണ്മെൻറ്, ഭൂമികളുടെ ഒരു ട്രസ്റ്റിയായി നിലനിൽക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഭൂമിയുടെ കുത്തകാവകാശം ഗവണ്മെൻറു വച്ചുപുലർത്തുന്നതിനോടു യോജിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറു ഭൂമിയെ സംബന്ധിച്ചിടത്തോളം ആ ഭൂമിയിലുള്ള കുടിയാന് കുടിയാന്റെ അവകാശം അനുവദിക്കുന്നില്ല എന്നു പറയുമ്പോൾ പഴയ ജന്മിത്വസമ്പ്രദായം പോലെതന്നെ

പുതിയ ഒരു ചൂഷണസമ്പ്രദായത്തിലേക്ക് വരുവാനുള്ള ആഗ്രഹം ഗവണ്മെന്റിനുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് കൃഷിഭൂമി കൈവശം വച്ചു കൃഷി ചെയ്തു ജീവിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ അവകാശം കൊടുക്കുവാൻ ഗവണ്മെന്റ് തയ്യാറാകേണ്ടതാണ്. ഒരാൾ കൈവശം വച്ച ഭൂമി ഒരു തരത്തിൽ കാണാനും, ഒരു സൊസൈററി കൈവശം വച്ച ഭൂമിയാണെങ്കിൽ അതിനെ മറെറാരു തരത്തിൽ കാണുവാനും ഇട വരുന്നതു ശരിക്കലും ശരിയായിട്ടുള്ളതല്ല. ഭൂമിയിൽ അദ്ധ്വാനിക്കുന്നവനാണെങ്കിൽ അവനു ഭൂമി കൈവശം വയ്ക്കുവാൻ അവകാശം കൊടുക്കണം. ചെറിയ ഷാപ്പുകൾ കെട്ടി കച്ചവടം ചെയ്തു ജീവിക്കുവാൻ ചാർത്തി വാങ്ങിയ ഭൂമി ഈ ബില്ലിന്റെ പരിധിയിൽനിന്നു് ഒഴിവാക്കുവാനുള്ള ഒരു താല്പര്യം ഗവണ്മെന്റിനു് കാണുന്നുണ്ട്. ശ്രീ. ബലറാം അതിനെ സംബന്ധിച്ച് ഒരു ഭേദഗതി ഇവിടെ കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ആ ഭേദഗതി അദ്ദേഹം ഇവിടെ അവതരിപ്പിക്കുകയുണ്ടായില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അദ്ദേഹം വേറെ ഒരു ഭാഗത്തു ആ ഭേദഗതി കൊടുക്കുന്നുണ്ട്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഒരു പീടിക ഉണ്ടാക്കുവാൻ ഭൂമി ചാർത്തി വാങ്ങിയ ആൾക്ക് മററു കുടിയാന്മാർക്കുള്ള അവകാശം കൊടുക്കേണ്ടതു് വെറും നീതി മാത്രമാണ്. ഒരാൾ ഒരു സ്ഥലം വാങ്ങി ഒരു പുര കെട്ടിയാൽ അതു് കുടികിടപ്പായി സ്വീകരിക്കണമെന്നു് പറയുന്ന അതേ അവസരത്തിൽ നാലോ അഞ്ചോ സെന്റ് സ്ഥലം ഒരാൾ വാങ്ങി പീടിക കെട്ടുകയാണെങ്കിൽ, അല്ലെങ്കിൽ ഒരാളെ പീടിക കെട്ടുവാൻ അനുവദിക്കുകയാണെങ്കിൽ അതു കുടിയായ്മയായി സ്വീകരിക്കുവാൻ തയ്യാറില്ലാ എന്നു പറയുന്നതു് വളരെ കഷ്ടമാണ്. ഈ പീടികയിൽനിന്നു് അഞ്ചോ, എട്ടണയ്ക്കു സാധനങ്ങൾ വിററിട്ട് ജീവിതം കഴിക്കുന്ന ആളുകൾ വളരെയുണ്ട്. ജന്മികളുടേയും, വ്യവസായ മുതലാളിമാരുടേയും, പണക്കാരുടേയും അഭിവൃദ്ധിക്ക് പരോക്ഷമായി ഉപകരിക്കുന്ന പല വകുപ്പുകളും, കരുതിക്കൂട്ടിയല്ലെങ്കിലും ഈ ബില്ലിൽ കടന്നുകൂടിയിട്ടുണ്ട്. അതിലൊന്നാണിതു്. ജന്മിമാരെയും വ്യവസായമുതലാളികളെയും സഹായിക്കുന്ന ആ മനോഭാവം മാററുവാൻ ഗവണ്മെന്റ് തയ്യാറാകണം. പത്തും, ഇരുപതും നെയ്ത്തു തൊഴിലാളികൾ കൂടി അവരുടെ നെയ്ത്തു ജോലി നടത്തുന്നതിന്റെ സൗകര്യത്തിലേക്ക് ചില സ്ഥലങ്ങൾ ചാർത്തി വാങ്ങിച്ചിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളെ ഈ ബില്ലിൽനിന്നു് ഒഴിവാക്കുവാൻ ഏതെങ്കിലും നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അതു് ഈ രാജ്യത്തെ പാവപ്പെട്ടവന്റെ തലയ്ക്കു അടിക്കുന്നതിനു് തുല്യമാണ്. അതുകൊണ്ട് പീടിക കെട്ടുന്നതിനുവേണ്ടി ചാർത്തി എടുത്തിട്ടുള്ള സ്ഥലങ്ങൾ കുടിയായ്മയിൽ നിന്നു് ഒഴിവാക്കുവാനുള്ള വ്യവസ്ഥ ഇതിൽനിന്നും എടുത്തു മാററണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ശ്രീ. ബലറാമിന്റെ നിയോജകമണ്ഡലത്തിൽതന്നെ ഇങ്ങനെയുള്ള ധാരാളം കുടിയാന്മാരുണ്ട്.

സ്വന്തമായിട്ടുള്ള വസ്തുക്കൾ നഷ്ടപ്പെട്ടുകൊണ്ട് ഉള്ള മുതൽ മുഴുവൻ വിററ് ഒരു കച്ചവടം ചെയ്യാം എന്നു വിചാരിച്ച് ഒരു പീടിക ചാർത്തി എടുത്ത് അതിൽ കച്ചവടം ചെയ്യുന്ന ഒരാളിനു് ആ പീടികയ്ക്കും അതിരിക്കുന്ന സ്ഥലത്തിനും അവകാശം അനുവദിച്ചുകൊടുക്കുന്നില്ല. എന്നാൽ മറെറാരു സ്ഥലത്തു ഒരു ചെററപ്പുരവച്ചു കെട്ടി അങ്ങനെയുള്ള പുരകളിൽ താമസിക്കുന്ന ആളിനു് കുടിയാന്റെ അവകാശം അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ അനീതി പ്രത്യക്ഷപ്പെടുമ്പോൾ എന്റെ സ്നേഹിതൻ ശ്രീ. ബലറാം അയച്ചിരുന്ന ഉപക്ഷേപം അവതരിപ്പിക്കാൻ കഴിയാതെ വന്നതിൽ അദ്ദേഹം വ്യസനിക്കുമായിരിക്കും.

ശ്രീ. പി. ആർ. മാധവൻ പിള്ള: മൂവ് ചെയ്ത അമെൻഡ്മെന്റിനെപ്പററിയാണ് ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കേണ്ടതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഞാൻ ശ്രീമാൻ എം. ചടയൻ അവതരിപ്പിച്ച അമെൻഡ്മെൻറിനെ പൂർണ്ണമായി അനുകൂലിക്കുകയാണ്. അതിന് ഒരു നല്ല ജന്മിയായ സ്നേഹിതൻ കേരള കർഷകസംഘം പ്രസിഡൻറ് ശ്രീ. പി. ആർ. മാധവൻപിള്ള വലിയ പരിഗണന ഒന്നും അനുവദിച്ചു എന്നു വരികയില്ല. ഏതായാലും ഈ തരം ഉപാധികളെല്ലാം പരിഗണിച്ച് സാധുക്കളായ, ചെറിയ പീടികകൾ വച്ചു കച്ചവടം ചെയ്യുന്നവരെ കൂടി രക്ഷിക്കേണ്ടതാവശ്യമാണ്. അതിനനുയോജ്യമായിട്ടുള്ള അനുകൂലവും ഗുണകരവുമായ ഒരു ബിൽ ഇവിടെ കൊണ്ടുവരാമായിരുന്നു. അതുകൊണ്ടു കുടിയാൻെറ എല്ലാ അവകാശങ്ങളും ഈ ചാർത്തുദാർക്കും കൂടി കിട്ടാൻ ശ്രമിക്കണമെന്നാണെൻെറ അപേക്ഷ.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇത്ര കാര്യമായി എല്ലാവരും സംസാരിച്ച കാര്യങ്ങളെപ്പററിതന്നെ സംസാരിക്കണമെന്നു ഞാനും വിചാരിക്കുന്നു. സർക്കാരിൽനിന്നും കുത്തകപ്പാട്ടഭൂമിയെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥയനുസരിച്ചു കുടിയാന്മാർക്കു ഗുണമുണ്ടാകാൻ പോകുന്നില്ല എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇതു പറയുന്നത്. അതേ സംബന്ധിച്ച് പല അംഗങ്ങളും ഇവിടെ സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇനിയും അതേപ്പററി സംസാരിക്കേണ്ട ആവശ്യമില്ല എന്നു ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷെ എൻെറ അറിവിൽപ്പെട്ട ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ ബോധിപ്പിച്ചുകൊള്ളട്ടെ. ഈ പറഞ്ഞ കുത്തകപ്പാട്ടം കുടിയാന്മാർ വടക്കൻ തിരുവിതാംകൂറിൽ മാത്രമേയുള്ളു എന്നു വല്ലവരും തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ അതു തെററാണ്. എൻെറ ബഹുമാന്യസ്നേഹിതന്മാർ പറഞ്ഞു, വടക്കൻ താലൂക്കുകളിൽ മാത്രമേ കുത്തകപ്പാട്ട ഭൂമികൾ ധാരാളമുള്ളു എന്ന്. അതല്ല, ഈ നാട്ടിൽ ധാരാളം കുത്തകപ്പാട്ടക്കാരായ കുടികിടപ്പുകാരുണ്ട്. റിസർവ്വ് ഏരിയായിൽ കുത്തകപ്പാട്ടം അനുവദിച്ചിരുന്നതു പണ്ടിനാലേ ഉള്ള ഒരേർപ്പാടാണ്. അവിടെ എന്നാണ് ആദ്യമായിട്ടു കർഷകർ പ്രവേശിച്ചതെന്നുള്ളതിന് ഇപ്പോൾ അവിടെ നിൽക്കുന്ന ദേഹണ്ഡങ്ങളുടെ വളർച്ച നോക്കിയാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും. വളരെ കൊല്ലങ്ങൾക്കു മുൻപു ജനങ്ങൾ അവിടെ പ്രവേശിച്ച്, ദേഹണ്ഡം ചെയ്തു വളരെ നല്ല വസ്തുക്കളാക്കിയിട്ടുണ്ട്. എന്നാൽ ആ വസ്തുക്കൾ അതിനുശേഷം ഈ ദേഹണ്ഡം ചെയ്ത ആളുകൾക്കുതന്നെ കുത്തകപ്പാട്ടം കൊടുത്തിട്ടുണ്ട്. ഇന്നീ വസ്തുക്കൾ, തിരിച്ച് ഫാറസ്ററ് ഏരിയായിൽ വിട്ടുകൊടുക്കണമെന്ന് പറയുന്നതു ശരിയല്ല. പല ഭാഗത്തും ഫാറസ്ററ് ഏരിയായിൽതന്നെ പത്തുകൊല്ലം, അഞ്ചുകൊല്ലം പ്രായമായ വൃക്ഷങ്ങൾ നിൽക്കുന്നതായി കാണാം. ഈ നാട്ടിലെ ഫാറസ്ററ് ഏരിയായിൽ പല ഭാഗങ്ങളിലും റോഡിൽനിന്നു ഇരുപതും, ഇരുപത്തഞ്ചും മൈൽ അപ്പുറത്തു പതിച്ചുകൊടുത്തിട്ടുള്ള വസ്തുക്കളുണ്ട്. ആ ഫാറസ്ററ് ഏരിയായിൽ എൻക്ലേവ്സ് ആയി കിടക്കുകയാണ്. ഈ പറഞ്ഞ എൻക്ലേവ്സ് വളരെ കാലമായി ദേഹണ്ഡം ചെയ്തു നന്നാക്കിയതിൻെറ ശേഷം ഫാറസ്ററ് ഏരിയായിൽ റിസർവ്വ് ചെയ്തു ആ വസ്തു അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്കു പതിച്ചുകൊടുത്തു. നേരെ മറിച്ച് കുറച്ചുകൂടി സാധുക്കളായിട്ടുള്ളവർക്ക് അന്നുവരെ ഗവണ്മെൻറിന് സ്വാധീനം ചെയ്യാൻ സാധിക്കാതെ അതു പതിപ്പിച്ചെടുക്കാൻ സാധിക്കാതെ വന്നു. നാം ഇവിടെ ഹാജരാക്കിയിരിക്കുന്ന ബിൽ മൂലം കാണവസ്തുവിനുകൂടി ഉടമസ്ഥാവകാശം ലഭിക്കുന്നു. അപ്പോൾ ഈ ഫാറസ്ററ് ഏരിയാ നമുക്കു നഷ്ടപ്പെട്ടുപോകും എന്നുള്ള വാദം ഉന്നയിക്കേണ്ട ആവശ്യമില്ലായെന്ന് ഗവണ്മെൻറിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവണ്മെൻറിനു ഭൂമി യഥാർത്ഥമായി ആവശ്യമുണ്ടാകുന്ന കാലത്തു ഏതു സ്ഥലം എടുക്കുന്നതിനും അധികാരം ഇരിക്കുമ്പോൾ ഇങ്ങനെ വളരെക്കാലമായി ദേഹണ്ഡിച്ചിട്ടുള്ള വസ്തു ഉടമസ്ഥന് അതുകൊണ്ടുണ്ടാകുന്ന ഗുണം അവർക്കു സിദ്ധിക്കുന്നില്ല എന്നുള്ളതു ഖേദകരമാണ്. ആ വസ്തുവിൽ കർഷകർ ചെയ്ത ദേഹണ്ഡമാണുള്ളതു. അവിടെ താമസിക്കുന്നവരെല്ലാം പണക്കാരാണെന്ന് ആരെങ്കിലും തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ അതു തെററാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും ഈ നാട്ടിൽ ഒരാളുടെ വസ്തുവിനു തൊട്ടുകിടക്കുന്ന മൂന്നോ നാലോ ഏക്കർ ആ വസ്തു ഉടമസ്ഥൻ തന്നെ കുത്തകപ്പാട്ടം എടുത്തു ദേഹണ്ഡിച്ചുകൊണ്ടിരിക്കുന്നു. അവർക്കും സൗകര്യം കൊടുക്കുന്നതു നന്നായിരിക്കും.

ശ്രീ. കെ. പി. ആർ. ഗോപാലൻ നമ്പ്യാർ: പത്തോ പതിനൊന്നോ മാസം ഇവിടെ ഭരിച്ചിരുന്നല്ലോ; അപ്പോൾ നേതാവു പറഞ്ഞമാതിരി കൊടുക്കാമായിരുന്നില്ലേ?

ശ്രീ. പൊന്നറ ജി. ശ്രീധർ: അദ്ദേഹം പറഞ്ഞതു വളരെ ശരിയാണ്. അന്നു ഞങ്ങൾക്കതു ചെയ്യാൻ സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ അന്ന് ഞങ്ങൾ ന്യായമായി എന്തു ചെയ്തിരുന്നാലും അതിനു പ്രതിബന്ധമുണ്ടാക്കാനുള്ള ഒരു മനഃസ്ഥിതി ഒരു കൂട്ടർക്കുണ്ടായിരുന്നു. അതു മാത്രമല്ല ന്യായമായി ചെയ്യാനുള്ള മനഃസ്ഥിതിയുണ്ടെങ്കിലും അതിനു ചില നടപടിക്രമങ്ങളെല്ലാമുണ്ട്. ആ നടപടിക്രമങ്ങൾ പരിപാലിച്ചതുകൊണ്ട് അതു നടത്താൻ സാധിച്ചില്ല. നിയമപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്ന കാര്യത്തിൽ ഞങ്ങൾ ഏർപ്പെട്ടിരുന്നു. അല്ലാതെ പാർട്ടിയിൽനിന്നും ഒരു കാര്യം പറയുമ്പോൾ ഇന്നു നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്നു ചെയ്തില്ല. മേലാൽ ചെയ്യാനും പോകുന്നില്ല. അങ്ങനെ ദുർഭാഗ്യംകൊണ്ട് ചെയ്യാൻ സൗകര്യം കിട്ടിയാൽപോലും തീർച്ചയായും ഒരിക്കലും അവർ ചെയ്യാൻ പോകുന്നില്ല. അന്നതു ചെയ്യാൻ സൗകര്യമുണ്ടാകാതെ പോയി. അതു ഇന്നു നിങ്ങൾക്ക് ഗുണമാണ്. ഏതായാലും സർ, ഈ കാര്യത്തിലെല്ലാം മര്യാദകേടു പലരും പലതും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇരിക്കുന്നവരെങ്കിലും മര്യാദയായിട്ടു പ്രവർത്തിക്കുക. അതല്ല നിങ്ങൾ പറയുന്നമാതിരി കാര്യങ്ങൾ ചെയ്യരുത്. ന്യായമായിട്ടുള്ള കാര്യങ്ങളേ ചെയ്യാവൂ. യഥാർത്ഥകർഷകരുടെ വലിയ വിഭാഗം ഇവിടെയുണ്ട്. ഇന്ന് ഗവണ്മെന്റിന്റെ കയ്യിൽ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമിയുടെ കണക്കുണ്ട്. അതുപോലെ ഫാറസ്റ്റ് ഏരിയാ ആവശ്യമായിട്ടുള്ളത് ഏതെല്ലാമുണ്ടെന്നുള്ളതിനെപ്പറ്റി ഒരു ആർഡർ അയയ്ക്കുന്നതിന് ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന് എഴുതി അയച്ചാൽ അവർ ഗവണ്മെന്റിനെ അറിയിക്കുന്നതാണ്. കുത്തകപ്പാട്ടഭൂമി കൂടാതെ അക്രമമായിട്ടു കയ്യേറിയിട്ടുണ്ടെന്നും ഇവിടെ പറഞ്ഞിട്ടുണ്ട്. കുത്തകപ്പാട്ടഭൂമി വളരെക്കാലമായി ഓരോരുത്തരുടേയും കൈവശമിരിക്കുകയാണ്. അങ്ങനെയിരിക്കുന്നവരെ ഇറക്കിവിടുന്നത് മര്യാദകേടാണ്. അവർക്കുകൂടി ഗുണമുണ്ടാകുന്നതിനായിട്ടുള്ള നിയമനിർമ്മാണം ചെയ്യണം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അവർക്ക് പത്തേക്കർ വരെ പതിച്ചു കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അറിഞ്ഞുകൂടാത്ത കാര്യങ്ങൾ പറയാതിരുന്നാൽ കൊള്ളാം. എല്ലാവർക്കും ബേസിക് ടാക്സുണ്ടായിരുന്ന അവസരത്തിൽ ഏക്കറിന് ഇരുപതും ഇരുപത്തിയഞ്ചും കൊടുത്തിട്ട് ഇനിയും അവിടെ പണം ചെലവാക്കണം എന്നാണ് പറയുന്നത്. ഇന്ന് അവർക്കുതന്നെ അതു പതിച്ചുകൊടുക്കുന്നതു ഏററവും നന്നായിരിക്കുമെന്നുള്ള പക്ഷമാണുള്ളത്. പിന്നെ അതു ഗവണ്മെന്റിന്റെ ദയാദാക്ഷിണ്യത്തിലിരിക്കുകയാണ്.

ശ്രീമതി കുസുമം ജോസഫ്: സർ, ഈ ബിൽ മിച്ചം വരുന്ന ഭൂമി എടുത്തു പാവപ്പെട്ടവർക്കും ഭൂമിസ്വന്തമായിട്ടില്ലാത്തവർക്കും വിതരണം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കൊണ്ടുവന്നിട്ടുള്ളതെന്നു തൽപ്പരകക്ഷികൾ പ്രചരണം നടത്തുന്നുണ്ടെങ്കിലും, വാസ്തവത്തിൽ ഉപകാരം വരുന്നതു കർഷകർക്കും കുടിയാന്മാർക്കുമാണ്. അതു ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഇതു അടുത്ത ദിവസം സംസാരിച്ച വേളയിൽ പറഞ്ഞിട്ടുള്ളതാണ്. ഗവണ്മെന്റിന്റെ ഭൂമിയിൽ അനേകകാലമായി കൃഷി ചെയ്തുവരുന്ന കുടിക്കാർക്ക് സ്ഥിരാവകാശം കൊടുക്കണമെന്നുള്ളതു് ഏററവും നീതിപൂർവ്വമായ ഒരു കാര്യം മാത്രമാണ്, 26-4-1957-നുമുൻപു വനങ്ങളിൽ പ്രവേശിച്ചവർക്കെല്ലാം സ്ഥിരാവ

[ശ്രീമതി കുസുമം ജോസഫ്]

കാശം കൊടുക്കണമെന്ന് ഒരു നയമായി പ്രഖ്യാപിച്ചിട്ടുള്ള ഗവണ്മെന്റിനോടു അനേകമനേകം വർഷങ്ങളായി ഗവണ്മെന്റിന്റെ അനുമതിയോടുകൂടി ഗവണ്മെന്റ ഭൂമികളിൽ പ്രവേശിച്ച് കഠിനമായി അദ്ധ്വാനിച്ചു സ്ഥിരമായി ദേഹണ്ഡം ചെയ്തവർക്ക് ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണമെന്നു വാദിക്കേണ്ടിവരുന്നതും, എത്ര വാദിച്ചിട്ടും അതു സമ്മതിക്കാൻ തയ്യാറാകാതിരിക്കുന്നതും വാസ്തവത്തിൽ ഖേദകരമാണ്. ഇവിടെ ശ്രീമാൻ കുഞ്ഞച്ചൻ പറയുകയുണ്ടായി, പാവപ്പെട്ടവർ വനങ്ങളിൽ കയറി കുടിൽകെട്ടി താമസിച്ചിരുന്നവരുടെ കുടിലുകൾ തീവച്ചു നശിപ്പിച്ചു ആ സ്ഥലങ്ങൾ കൈവശംവച്ചു വരുന്നവരുണ്ട് എന്ന്. നിശ്ചയമായും അവരെ നിർദ്ദാക്ഷിണ്യം ഇറക്കിവിടണം. അവർക്ക വേണ്ടി വാദിക്കാൻ ഞാൻ തയ്യാറില്ല. പക്ഷെ ഞാൻ വാദിക്കുന്നതു് ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന കർഷകർക്കുവേണ്ടിയാണ്. അനേകമനേകം വർഷങ്ങളായി കാട്ടിൽപോയി കാട്ടുജന്തുക്കളുമായി മല്ലിട്ടു മലമ്പനിയെ നേരിട്ടു കാർഷികോല്പാദനം വളരെ അധികം വർദ്ധിപ്പിച്ചിട്ടുള്ള കർഷകർക്ക വേണ്ടിയാണ് ഞാൻ വാദിക്കുന്നതു്. അവർക്കാണു സ്ഥിരാവകാശം കൊടുക്കുന്നതിന് ഞാൻ ആവശ്യപ്പെടുന്നതു്. ക്ലാസ്സ്: (7)

Resumption of land held by a cultivating tenant: അതിൽ നാലാമത്തെ സബ്ബ്ക്ലാസ്സ് എടുത്തു പറയുന്നതു് ആ ടെനന്റിന് കൈവശമുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുമ്പോൾ അവനു സീലിംഗ് ഏരിയാവരെ കൊടുക്കണമെന്നാണ്. ബാക്കിയുള്ളതുമാത്രമൊഴിപ്പിച്ചെടുക്കാനുള്ള അവകാശമാണ് ഈ ബില്ലിൽ കൊടുക്കുന്നതു്. അപ്പോൾ പത്തോ, മുപ്പതോ ഏക്കർഭൂമി മാത്രമുള്ള ഒരു ചെറു ഭൂഉടമ കർഷകനിൽനിന്നും സ്വന്തം കൃഷിക്കുവേണ്ടി ഒഴിപ്പിച്ചെടുക്കുന്ന അവസരത്തിൽപോലും ഈ ഒരു വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. കർഷകർക്ക് സീലിംഗ് ഏരിയാവരെ ഭൂമി കൊടുക്കണമെന്നുണ്ട്. ആ അവസരത്തിലാണ് ഗവണ്മെന്റിന്റെ ഭൂമി കൃഷിചെയ്യുന്നവർക്ക് സീലിംഗ് ഏരിയാവരെയെങ്കിലും ഭൂമി കൊടുക്കുകയില്ലെന്നു ഗവണ്മെന്റ് ശാഠ്യം പിടിക്കുന്നതു്. ഈ കുത്തകപ്പാട്ടംതന്നെ രണ്ടു തരത്തിലുള്ളതാണ്. അനേകം വർഷങ്ങളായി കൈവശംവച്ചു കൃഷി ചെയ്തുവരുന്ന സ്ഥിരം കുത്തകപ്പാട്ട ഭൂമികളാണ് ഒന്ന്. പിന്നെ, ഗ്രോ മോർ ഫുഡ് സ്കീം അനുസരിച്ച് കൊടുത്തിട്ടുള്ള ഭൂമിയുണ്ട്. അതു് ലാൻഡ് അസൈൻമെന്റ സ്കീം അനുസരിച്ച് കൊടുക്കുന്നതിൽ ഞങ്ങൾക്ക വിരോധമില്ല ലാൻഡ് അസൈൻമെന്റ സ്കീം അനുസരിച്ച് ഇന്നു ഭൂമി കൊടുക്കുമ്പോൾ, ഡബിൾ ക്രോപ് നിലം വെറും മൂന്നേക്കർ കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്, പതിനഞ്ചേക്കർവരെ ചെറുകിട ഭൂവുടമകൾക്ക് നൽകുമ്പോൾ, ഗവണ്മെന്റ ഭൂമി മൂന്നേക്കർമാത്രം കൊടുക്കാൻ വ്യവസ്ഥചെയ്യുകയാണ്. മാത്രമല്ല, അതിന് വേറൊരുവശംകൂടിയുണ്ട്. ലാൻഡ് അസൈൻമെന്റ സ്കീം അനുസരിച്ച് ഭൂമി കൊടുക്കുമ്പോൾ പതിവു ഭൂമിയുടെ വിസ്തീർണ്ണം കഴിച്ചുമാത്രമേ കുത്തകപ്പാട്ട ഭൂമി കൊടുക്കുകയുള്ളൂ. ഒരാൾക്ക് യാതൊന്നും ഉണ്ടാകാത്ത, കൊള്ളരുതാത്ത അഞ്ചേക്കർ ഭൂമിയായിരിക്കും പതിവു ഭൂമിയായിട്ടുള്ളതു്. അയാൾ കുത്തകപ്പാട്ട വ്യവസ്ഥയിൽ എടുത്തു് മലയിൽപോയി വളരെ കഷ്ടപ്പെട്ടു്, ധാരാളം പണം ചെലവുചെയ്തു ദേഹണ്ഡിച്ചു് ആദായം ഉണ്ടാക്കുന്ന ഭൂമി അതു് ലാൻഡ് അസൈൻമെന്റ് റൂൾസനുസരിച്ചു് വിട്ടുകൊടുക്കേണ്ടിവരുന്നു; കോമ്പൻസേഷൻ ഒന്നും കൊടുക്കാൻ ഗവണ്മെന്റ തയ്യാറില്ല. അവന്റെ ജീവിതകാലംമുഴുവൻ അവൻ അദ്ധ്വാനിച്ചുണ്ടാക്കിയ ആ ഭൂമി വെറുതേ ഗവണ്മെന്റിന് വിട്ടുകൊടുത്തിട്ടു്, യാതൊരാദായവുമില്ലാത്ത അവന്റെ പതിവു ഭൂമി സ്വീകരിക്കേണ്ട ഒരു ദുഃസ്ഥിതിയാണ് ലാൻഡ് അസൈൻമെന്റ സ്കീംമുഖേന വന്നുകൂടുന്നതു്. ഇത്തരത്തിലുള്ള അനീതികളെല്ലാം പരിഹരിക്കത്തക്കരീതിയിൽ ഈ നിയമം പാസ്സാക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മധുര: സർ, വയനാട്ടിലെ പാവപ്പെട്ട കുടിയാന്മാരുടെ കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും, അവർ വളരെക്കാലമായി വളരെയധികം കഷ്ടപ്പെട്ട്, കൃഷിചെയ്തുവരുന്ന ഭൂമിയിൽ സ്ഥിരാവകാശം നൽകണമെന്നും ഞാൻ അപേക്ഷിക്കുന്നു. എത്രയോ കാലമായി അവർ അവിടെ വസ്തുക്കൾ കൃഷിചെയ്തും, അനുഭവിച്ചും വരികയാണ്. സാധുക്കളായ ഹരിജനങ്ങൾക്കു പ്രത്യേകം പരിഗണന നൽകി, അവരെ സഹായിക്കുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ സ്പീക്കർ: മിസ്റ്റർ മധുര, വേണമെങ്കിൽ മുൻപോട്ടുവന്നു കേൾക്കത്തക്കവണ്ണം പ്രസംഗിക്കാം.

ശ്രീ. മധുര: അവിടത്തെ സാധുക്കളുടെ കൈവശം ഇന്നു ഭൂമിയുണ്ട്; അതിന്റെ അവകാശം അവർക്കു ലഭിക്കത്തക്കവിധം പതിച്ചുകൊടുക്കേണ്ടതാണ്. വിദ്യാഭ്യാസമില്ലാത്ത ഹരിജനങ്ങളെ, പലരും കബളിപ്പിച്ച്, മേലുദ്യോഗസ്ഥന്മാരെ സ്വാധീനം ചെയ്തു പണമുള്ളവർ വസ്തുക്കൾ കൈക്കലാക്കുന്നുണ്ട്. ഗവൺമെന്റുദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിച്ചിട്ടാണ് ഇങ്ങനെ പാവങ്ങളെ ഉപദ്രവിക്കുന്നത്. ആ നടപടികൾ തടയുന്നതിനും, ഹരിജനങ്ങളുടെ കഷ്ടപ്പാടുകൾ ഇല്ലാതാക്കുന്നതിനും, അവർ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയിൽ അവർക്കു സ്ഥിരാവകാശം നൽകുന്നതിനും ഗവൺമെന്റു ശ്രദ്ധിക്കേണ്ടതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം, അവിടെ പലതരം കാട്ടുജാതിക്കാരായ സാധുക്കൾക്കുവേണ്ടി രണ്ടു കാളനി സ്ഥാപിക്കാമെന്നു നേരിട്ടു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. ആ കാര്യംകൂടി ഈയവസരത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഇന്ന് ഇവിടെ സംസാരിച്ചവർ പറയുകയുണ്ടായി ഒരു കാർഷികനിയമം പാസ്സാക്കുമ്പോൾ, ഈ നാട്ടിലെ ഏററവും വലിയ ജന്മിയായ ഗവൺമെന്റിന്റെ ഭൂമി ഒഴിച്ചുനിറുത്തുന്നതു ശരിയല്ല എന്ന്. സർ, അങ്ങനെ ഗവൺമെന്റുഭൂമി ഒഴിച്ചുനിറുത്തി എന്നു പറയുന്നതു ശരിയല്ല; ഈ ബില്ലിൽ കർഷകർക്കു കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും എല്ലാ കർഷകർക്കും ഗവൺമെന്റു ഭൂമിയിലുള്ളവർക്കാണെങ്കിലും കിട്ടണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. പ്രധാനമായി മൂന്നുകാര്യങ്ങളാണ് ബില്ലിൽ പറയുന്നത്. കുടിയായ്മ സ്ഥിരത, സ്ഥിരമായിട്ടു കൈവശമുള്ളഭൂമി പർച്ചേസ് ചെയ്യാനുള്ള അധികാരം, സീലിംഗ് കഴിഞ്ഞുള്ള ഭൂമി സറണ്ടർ ചെയ്യുക ഈ കാര്യങ്ങളെല്ലാം സ്വകാര്യ ഭൂമിയിലെ കൃഷിക്കാരനു കിട്ടുന്നതിൽ മെച്ചമായി ഗവൺമെന്റു ഭൂമിയിലെ കൃഷിക്കാർക്ക് നടപ്പിലാക്കി കഴിഞ്ഞിരിക്കുന്നു. ആവശ്യമായ ഉത്തരവുകൾ പാസ്സാക്കി നടത്താനുള്ള machinery പോലും നിയമിച്ചുകഴിഞ്ഞു. ഇത്രയും കാര്യങ്ങളാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത് ഇതു ഞാൻ വീണ്ടും പറയുന്നത്; "ഒരു കാര്യംതന്നെ പല പ്രാവശ്യം പറഞ്ഞാലെങ്കിലും ബോധ്യമാകട്ടെ എന്നുള്ള ഉദ്ദേശത്തിൽ പറയുന്നതാണെന്നു" ശ്രീമതി കുസുമം ജോസഫ് സൂചിപ്പിച്ചതു കേട്ടിട്ടാണ്. സർ, ഞാനും അതു് അങ്ങോട്ടു പറയുകയാണ്. ഇതിനുമുൻപു പലപ്പോഴും ഈ കാര്യം ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടും, കാര്യം മനസ്സിലാക്കാതെയാണ് പലരും ഇവിടെ സംസാരിച്ചിട്ടുള്ളത്. അല്ലെങ്കിൽ മനസ്സിലായാലും മനസ്സിലാക്കാൻ കൂട്ടാക്കാതെയാണ്.

സർ, ഗവൺമെന്റിന്റെ കീഴിലുള്ള ഭൂമിയായാലും ശരി, കുത്തകപ്പാട്ടത്തിനുള്ളതായാലും, കയ്യേററം നടത്തിയിട്ടുള്ളതോ, ഗവൺമെന്റിനോടു ചോദിച്ചിട്ടോ അല്ലാതെയോ കുടിയേറിയതോ എന്നിങ്ങനെയുള്ള യാതൊരു പരിശോധനയും കൂടാതെ 26–4–1957 വരെ റവന്യൂഭൂമിയിൽ കുടിപാർക്കുന്ന—ഫാറസ്റ്റ് ഭൂമിയിലല്ല ശ്രീമതി കുസുമംജോസഫിനെ തിരുത്തുകയാണ്—ആളുകൾക്കു ആ വസ്തുക്കളിൽ സ്ഥിരാവകാശം നൽകുമെന്ന അവസാന തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അന്നുവരെ കയറിയവർ കുത്തകപ്പാട്ടക്കാരായാലും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

അനധികൃത കയ്യേററക്കാരായാലും ശരി, അവസാനം അർഹരാണെന്നു കണ്ടു പിടിച്ച്, അവർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതുവരെ ഒഴിപ്പിക്കേണ്ട എന്നു് 26-4-57-നു് തന്നെ ഗവണ്മെന്റ ഉത്തരവ് പാസ്സാക്കി.

ശ്രീ. പി. ടി. ചാക്കോ: ഇപ്പോഴും കോട്ടയം കളക്ടറുടെ ഉത്തരവ് അനുസരിച്ച് ഇങ്ങനെയുള്ള ഭൂമിയിൽനിന്നും എല്ലാവരെയും ഒഴിപ്പിക്കുന്നതായി മന്ത്രിക്കറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: കോട്ടയം കളക്ടറർക്ക ആർഡർ കൊടുത്തതു് ഞാനാണ്. ഏതു ഭൂമി എങ്ങനെ കയ്യേറിയിട്ടുള്ളവരെയാണു് അവിടെ നിന്നും ഇറക്കിവിടുന്നതെന്നും എനിക്കറിയാം. 26-4-1957-നു ശേഷം കയ്യേറിയിട്ടുള്ളവരെമാത്രമാണു അങ്ങനെ ഇറക്കിവിടുന്നതു്. ഒഴിപ്പിക്കൽ നിരോധിച്ചതിന്റെ പേരിൽ, അടുത്തകാലത്തു് വനങ്ങളിലും, ഡാർഡാം റിസർവ്വ് ഭൂമികളിലും ഭയങ്കരമായ ഒരു കയ്യേററംതന്നെ നടന്നിട്ടുണ്ടു്. ഈ കാര്യം മിസ്റ്റർ ചാക്കോയും ഇവിടെ സമ്മതിച്ചിട്ടുള്ളതാണു്. 26-4-57 വരെയുള്ള കയ്യേററങ്ങളും അധികൃതമാണെന്നുണ്ടല്ലോ; ആ നിലയ്ക്കു അതിനുശേഷവും ഒരു ശ്രമംനടത്തി കുറെ ഭൂമി കൈവശപ്പെടുത്താൻ ദുഷ്ടർ വളരെ ശ്രമിച്ചു നോക്കി. അങ്ങനെയുള്ളവരെയാണു് ഇറക്കിവിടുന്നതിനു് Kottayam collector-ക്കു ഉത്തരവു കൊടുത്തതു്. ഈ കാര്യം വളരെ കാര്യമായിട്ടുതന്നെ പരിശോധിച്ച്, കളക്ടർതന്നെ അതിന്റെ ചുമതല ഏറെറടുത്തു നടത്തുകയാണു്.

ശ്രീ. പി. ടി. ചാക്കോ: 26-4-57നു മുൻപു അവിടെ പ്രവേശിച്ചിട്ടുള്ളവരെയും, അതിനെപ്പററി ജുഡീഷ്യൽ എൻക്വയറി നടത്തിയതിൽ ഇറക്കിവിടുന്നതായി തെളിഞ്ഞിട്ടില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ അന്വേഷിച്ചതിന്റെ ഫലമായി അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരുടെ ലിസ്റ്റ് പബ്ലിഷ് ചെയ്തിട്ടുണ്ടു്. ജസ്റ്റിയുടെ തീരുമാനം പ്രസിദ്ധീകരിക്കാനായി ഏർപ്പാടു ചെയ്തിട്ടുണ്ടു്; അതിന്റെ കോപ്പികളും ബഹുമാനപ്പെട്ട മെമ്പറന്മാർക്കും വിതരണം ചെയ്യുന്നതായിരിക്കും. ഏകദേശം അറുപത്തൊൻപതു പേരോ മറേറാ നിശ്ചിത തീയതിക്കുമുൻപുതന്നെ അവിടെ പ്രവേശിച്ചിട്ടുള്ളവരാണെന്നു പറയുന്നുണ്ടു്. അവർക്ക ഗവണ്മെന്റ് വേറെ ഭൂമി കൊടുക്കാൻ ആർഡറായിട്ടുണ്ടു്. 365 പേരിൽ ബാക്കിയുള്ള എല്ലാവരും അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരാണു്.

ശ്രീ. പി. ടി. ചാക്കോ: ബാക്കിയുള്ളവർ മലബാറിലേയ്ക്കു് പോയിരിക്കുന്നുവെന്നാണല്ലോ അറിഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി: അതിനെപ്പററി എനിക്കറിഞ്ഞുകൂടാ; മലബാറിൽ പോയോ, മൈസൂറിൽപോയോ എന്ന കാര്യം നിശ്ചയമില്ല. മുൻപുണ്ടായിരുന്ന ആളുകൾക്ക ഭൂമികൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നറിയാം. ഗവണ്മെന്റ ഭൂമിയെ സംബന്ധിച്ച മുൻപു പറഞ്ഞതുപോലെ ഒഴിപ്പിക്കാൻ ഒരു സംരംഭം നടക്കുന്നുവെന്നു പറഞ്ഞതു ശരിയല്ല. ഈ ഗവണ്മെന്റ്, 26-4-1957-ൽ ഗവണ്മെന്റ ഭൂമിയിൽ കയ്യേറിയിട്ടുള്ളവരെ ഒഴിപ്പിക്കേണ്ട എന്ന ഒരു നിയമം ഉണ്ടാക്കി.

ശ്രീ. പി. ടി. ചാക്കോ: ഇതേ ന്യായം, അറുപത്തൊൻപതു കുടുംബത്തെ ഇറക്കിവിട്ടപ്പോഴും, പരാതിപ്പെട്ട അവസരത്തിൽ ഇതേ മന്ത്രി ഇവിടെ പറഞ്ഞിട്ടില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഇതേ ന്യായം തന്നെയാണോ അന്നു മന്ത്രി പറഞ്ഞതു്, എത്രപേരെയാണു് ഇറക്കിവിട്ടതു് എന്നൊന്നും ഇപ്പോഴും ഓർക്കുന്നില്ല. ജസ്റ്റ്മെൻറിലെ താൽപര്യത്തെ ആദരിച്ച് ഗവണ്മെന്റ് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, രണ്ടാമത്തു് ഇതിൽ ഫെയർ റെൻറുണ്ടു്. അതിനെ സംബന്ധിച്ചാണെങ്കിൽ, ഗവണ്മെൻറു ഭൂമിയെ സംബന്ധിച്ചു ഗവണ്മെൻറു് ഒരു നിലപാടു് എടുത്തിട്ടുണ്ടു്. അനധികൃതമായി കയ്യേറിയിട്ടുള്ളവരിൽനിന്നും പ്രൊഹിബിറ്ററി ടാക്സ്, ഫയിൻ എന്നിവ ഈടാക്കിയിരുന്നതു് നിറുത്തലാക്കിയിട്ടു് ഗവണ്മെൻറു് ആ ഭൂമി അവക്കു പതിച്ചു കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ പതിച്ചുകൊടുക്കുമ്പോൾ തറവില നിലം ഒരേക്കറിനു് 50 രൂപയും ബാക്കി ഭൂമിക്കു് പത്തു രൂപയും ഈടാക്കാനും, കഴിഞ്ഞ മൂന്നു കൊല്ലക്കാലം ആ ഭൂമിയിൽ ഉണ്ടായിരുന്നാൽ അന്നുമുതൽ ഉള്ള ബേസിക് ടാക്സ് ഈടാക്കാനും അങ്ങനെ ഭൂമി കുടിയാന്നു സ്വന്തം ആക്കാനുമുള്ള വ്യവസ്ഥയാണു് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നതു്. ഇതു മനസ്സിലാക്കാതെ, ജന്മിയോടു പക്ഷപാതപരമായി പെരുമാറുന്നു; ഒരു പന്തിയിൽ രണ്ടു വിധത്തിൽ സദ്യ നടത്തുന്നു എന്നൊക്കെ പറയുന്നതു് ശരിയല്ല. ഗവണ്മെൻറു് ആദ്യം ചെയ്തതു് ഗവണ്മെൻറിൻെറ കൈയിലുള്ള ഭൂമി, ഭൂമിയില്ലാത്തവർക്കു്,—കൃഷിക്കാർക്കു്—കൊടുക്കണമെന്നു തീരുമാനിക്കുകയായിരുന്നു. കുത്തകപ്പാട്ടത്തെ സംബന്ധിച്ചാണെങ്കിൽ അഞ്ചു ഏക്കറിൽ താഴെ ഭൂമിയുള്ളവർ കൊട്ടാരക്കര, ചടയമംഗലം, പത്തനംതിട്ട മുതലായ സ്ഥലങ്ങളിൽ വളരെ കൂടുതലാണു്. അങ്ങനെ അഞ്ചു് ഏക്കറിൽ താഴെ ഭൂമിയുള്ള കുത്തകപ്പാട്ടക്കാരെ സംബന്ധിച്ചിടത്തോളം ഒരേക്കർ ഭൂമിക്കു മുൻപു് പത്തും നൂറും രൂപവീതം പാട്ടംപിരിച്ചിരുന്നു; അതു് ഈ ഗവണ്മെൻറു് സ്റ്റേ ചെയ്തിരിക്കുകയാണു്. ഇതെല്ലാം ആദ്യപടിയായി ചെയ്തതിനു ശേഷം ഗവണ്മെൻറു ഭൂമി അർഹരായവർക്കു് പതിച്ചുകൊടുക്കുവാൻ ആവശ്യമായ കമ്മിറ്റികൾ താലൂക്ക level-ൽ സംഘടിപ്പിച്ചു കഴിഞ്ഞു. ആ കമ്മിറ്റി പ്രവർത്തനം നടത്തിത്തുടങ്ങിയിരിക്കുകയാണു്. കുത്തകപ്പാട്ടക്കാർക്കാണെങ്കിൽ പത്തു് ഏക്കർ വീതവും അല്ലാത്തവർക്കു ഏഴു് ഏക്കർവീതവും പതിച്ചുകൊടുക്കാനാണു് ഉത്തരവു്. ഒരേക്കർ കരഭൂമിക്കു പതിനാറു് രൂപയും, ഒരേക്കർ നിലത്തിനു് അൻപത്താറു രൂപയും കൊടുക്കേണ്ടിവരും. കൃഷിക്കാരനു് ഏറ്റവും വലിയ ലാഭത്തിലാണു ഗവണ്മെൻറു് ഈ തീരുമാനം എടുത്തിരിക്കുന്നതു്. സ്വകാര്യ ഭൂമികളെയും ഇതും കൂടി തട്ടിച്ചു നോക്കിയാൽ കൃഷിക്കാരനു ഏറ്റവും അനുകൂലമായ വിധത്തിലാണു് ഗവണ്മെൻറു് ഭൂമി വിതരണത്തിനു് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നു കാണാൻ കഴിയും. അതുസംബന്ധിച്ച rule ഈ അസംബ്ലി ചർച്ച ചെയ്യുന്നതുമാണു്.

ശ്രീ. എം. എം. മത്തായി: അങ്ങനെയാണെങ്കിൽ കല്ലുപ്പാറയുള്ള വസ്തുക്കളുടെ കാര്യവും ഉൾപ്പെടുത്തുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഓരോന്നോരോന്നായി പറയുമ്പോൾ കണ്ട കൃഷിയെപ്പററിയും വേറെ ചില എസ്റ്റേററുകളെപ്പററിയുമൊക്കെ ചോദ്യം വരാം. പശ്ചിമദേവസ്വങ്ങളെപ്പററിയുള്ള കാര്യങ്ങൾ നോക്കിവരാൻ ഞാൻ മറന്നുപോയി. അതിനു ഞാൻ മാപ്പുചോദിക്കുകയാണു്.

ശ്രീ. കരപ്പും മററും അഞ്ചു ഏക്കർകാരുടെ കാര്യത്തെപ്പററി വളരെ ഹൃദയവേദനയോടുകൂടി ഇവിടെ പറഞ്ഞു. കുത്തകപ്പാട്ടക്കാർക്കാണെങ്കിൽ 10 ഏക്കർ വരെ കൊടുക്കാമെന്നു ചെയ്തിട്ടുണ്ടു്; അനധികൃത കയ്യേററക്കാർക്കു് ഏഴേക്കറും. ഈ ഭൂമിയുടെയും കൈവശമാക്കി വരുന്ന ഭൂമിയുടെയും പരിധി ഒന്നായിരിക്കണമെന്നു പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. ഇ. പി. പൗലോസ്: ലാൻഡ് അസൈൻമെൻറു റൂൾസ് പ്രകാരം ഹിൽസിൽ 10 ഏക്കറും പ്ലെയിൻസിൽ ഏഴേക്കറുമാണു് നിശ്ചയിച്ചിട്ടുള്ളതു്. അതു് ഈ ബില്ലിൽ നിശ്ചയിച്ചിട്ടുള്ള സീലിംഗിൻെറ ഏഴിൽ ഒന്നായി നിൽക്കുമെന്നു് അറിയുമോ?

ശ്രീമതി കെ. ആർ. ഗൗരി: താരതമ്യപ്പെടുത്തുമ്പോൾ എങ്ങനെ വരുമെന്നു് ഞാൻ നോക്കിയിട്ടില്ല. ഏതായാലും ഒരു കുടുംബത്തിനു സുഖമായി ജീവിക്കുവാനുള്ള ഭൂമി മലനാട്ടിൽ കൊടുക്കുന്നതാണു്. [illegible] ഭൂമിയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

നിലമല്ല; കുരുമുളകുതോട്ടവും മററുമാണ്. അവിടെ കുത്തകപ്പാട്ടമാണെങ്കിൽ 10 ഏക്കറും, അല്ലാത്തതു് ഏഴേക്കറും കൊടുക്കുന്നുണ്ടു്. ഈ കൂട്ടത്തിൽ മൂവാററുപുഴ, പത്തനംതിട്ട തുടങ്ങിയ ചില പ്രദേശങ്ങൾകൂടി ചേർക്കണമെന്നുണ്ടു്. അതിനു നോട്ടിഫിക്കേഷൻ കൊടുത്തിട്ടില്ല. അതുകൂടി ചേർക്കും. ഗവൺമെൻറു ഭൂമിയിൽ കയ്യേറിയ കൃഷിക്കാർക്കു് ഏററവും ഗുണകരമായ വിധത്തിലാണു് ഗവൺമെൻറുഭൂമി അസൈൻ ചെയ്യുന്നതിനുള്ള റൂൾസ് ഉണ്ടാക്കിയിട്ടുള്ളതു്. ഇതിനുമുമ്പു് ഗവൺമെൻറുഭൂമി കുത്തകപ്പാട്ടമായി മാത്രമേ കൊടുക്കാൻ പാടുള്ളു എന്നുള്ളതു് മാററി ഉള്ളതു് പതിച്ചുകൊടുക്കാമെന്നുവച്ചതു് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏററവും അനുകൂലമായ തീരുമാനമാണെന്നാണു് ഗവൺമെൻറു വിചാരിക്കുന്നതു്. കൂടുതലായി കൈവശം വച്ചിട്ടുള്ള ഭൂമി സറണ്ടർ ചെയ്യുന്നതു് പാവപ്പെട്ടവർക്കു് പതിച്ചുകൊടുക്കണമെന്നാണു് ഗവൺമെൻറു തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: മലയിൽ കുരുമുളകുതോട്ടമുണ്ടാക്കിയാൽ ഏഴേക്കർ കൊടുക്കുമെന്നു പറഞ്ഞു. 30 ഏക്കർ കുരുമുളകുതോട്ടം ആക്കിയിട്ടുണ്ടെങ്കിൽ ഈ ഏഴേക്കർ കഴിഞ്ഞു് ബാക്കിയുള്ളതിനു് എന്തെങ്കിലും കൃഷിക്കാരനു കൊടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: കുത്തകപ്പാട്ടമാണെങ്കിൽ 10 ഏക്കർ കൊടുക്കും. അല്ലാത്തതു് ഏഴേക്കർ കൊടുക്കും. കൂടുതലുള്ളതിനു് കാമ്പൻസേഷൻ കൊടുക്കുകയില്ല. ഇതു പതിച്ചുകൊടുക്കുമ്പോൾ ഇതിൻറകത്തുള്ള വൃക്ഷങ്ങളെ സംബന്ധിച്ചു് പഴയകാലത്തു എടുത്തിട്ടുള്ള നിലപാടു് അതിലംഘിച്ചുകൊണ്ടു് കൃഷിക്കാരൻെറ ദേഹണ്ഡമാണെങ്കിൽ തടിവില കൊടുക്കേണ്ടെന്നു തീരുമാനിച്ചിട്ടുണ്ടു്. ബേസിക്കു് ടാക്സ് ഉൾപ്പെടെ നിലമാണെങ്കിൽ തറവില 56 രൂപയും മററു ഭൂമിയാണെങ്കിൽ 16 രൂപയും കൊടുത്തുകൊണ്ടു് ഭൂമി കൃഷിക്കാരൻെറ സ്വന്തമാക്കുന്നതിനുള്ള നടപടി എടുത്തിരിക്കയാണു്. ഇതാണു് ഏററവും കൂടുതൽ പ്രയോജനമുള്ളതെന്ന അഭിപ്രായത്തിൽ ഗവൺമെൻറു ഉറച്ചുനിൽക്കുകയാണു്.

കണ്ടകൃഷിഭൂമിയെപ്പററി ശ്രീ. കുറുപ്പു് ഇവിടെ പറയുകയുണ്ടായി. കണ്ടകൃഷി ഭൂമി തിരുവിതാംകൂർ മഹാരാജാവിൻെറതായിരുന്നു. അതു് ഗവൺമെൻറിലേക്കു് സറണ്ടർ ചെയ്യുകയല്ല ചെയ്തതു്. ഈ ഗവൺമെൻറു കാമ്പൻസേഷൻ കൊടുത്തു് വാങ്ങിച്ചതാണു് എല്ലാക്കൊല്ലവും ഖജനാവിൽനിന്നും മൂന്നു ലക്ഷം രൂപ കൊടുത്തുവരികയാണു്. അതു് കാമ്പൻസേഷൻകൊടുത്തു് വിലയ്ക്കു വാങ്ങിയ ഗവൺമെൻറു ഭൂമിയാണു്. ഇതിനുശേഷം ഈ ഭൂമിയെപ്പററി ചർച്ച ചെയ്തു് തീരുമാനം എടുത്തതിൻെറ അടിസ്ഥാനത്തിൽ ആ തീരുമാനം റൂൾസ് മുഖേന നടപ്പിലാക്കി. അതിനുമുമ്പു് മഹാരാജാവുകൊടുത്തിരുന്ന ചെറിയ പട്ടയമുള്ള ആളുകൾക്കു് കൈവശം എത്രയുണ്ടു് എന്നുള്ളതുനോക്കാതെ പതിച്ചുകൊടുക്കുന്നതിനും അതിനു് എട്ടും മൂന്നിലൊന്നും കൊല്ലത്തെ പാട്ടം വാങ്ങുന്നതിനും ആ പാട്ടത്തിൽ 1955 മുതൽ കൊടുത്തിരുന്ന പാട്ടം വകവച്ചശേഷം ബാക്കിയുള്ളതു വാങ്ങിച്ചാൽ മതിയാകുമെന്നുമാണു് 1958-ൽ ഗവൺമെൻറു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റൂൾസ്. അങ്ങനെ കണ്ടകൃഷിപ്പട്ടയഭൂമിയെ സംബന്ധിച്ചു് വെറും മൂന്നുകൊല്ലക്കാലത്തെ പാട്ടം കൊടുക്കുകയാണെങ്കിൽ അവർക്കു് ഭൂമി സ്വന്തമായി കിട്ടും. പിന്നെ കണ്ടകൃഷി തനതു ഭൂമിയാണു് വ്യത്യസ്തമായി കിടക്കുന്നതു്. മററു ഭൂമികളെ സംബന്ധിച്ചിടത്തോളം പത്തേക്കറിൽ കൂടുതൽ പതിച്ചുകൊടുക്കാൻ പാടില്ലെന്നും ഇന്നത്തെ പാട്ടത്തിൻെറ എട്ടും മൂന്നിലൊന്നും വാങ്ങി പതിച്ചുകൊടുക്കണമെന്നുമാണു് ഗവൺമെൻറു തീരുമാനിച്ചിട്ടുള്ളതു്. ഇതെല്ലാം കൃഷിക്കാർക്കു് അനുകൂലമായിട്ടുള്ള വ്യവസ്ഥകളാണു്.

ഇനിയുള്ളതു് ഇടപ്പള്ളി ചീഫിൻെറ ഭൂമിയാണു്. ഇടപ്പള്ളി ചീഫിൻെറ കല്ലുപ്പാറയും മററുമുള്ള ഭൂമി സർവ്വേ ചെയ്തു കഴിഞ്ഞപ്പോൾ ഗവൺമെൻറിൻേറതാണെന്നു ബോദ്ധ്യം വന്നു. ഇടപ്പള്ളി ചീഫും ഗവൺമെൻറുമായി അതു സംബന്ധിച്ചു് ഒരു കേസ്സു് നടന്നതിൽ ഡിസ്ട്രിക്ററു കോർട്ടിൽ തോൽക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിൽ അപ്പീൽ പോയപ്പോഴും ഒരെഗ്രിമെൻറുണ്ടാക്കുകയും ചെയ്തതിൻെറ ഫലമായി അതു ഗവൺമെൻറിൻെറ ഭൂമിയായിരിക്കയുമാണ്. ഈ ഗവൺമെൻറ് ഇടപ്പള്ളി ചീഫുമായി കാംപ്രമൈസ് ഉണ്ടാക്കുന്നതിനുമുമ്പ് ഇടപ്പള്ളി ചീഫ് കൊടുത്തതാണെന്നു പറയുന്ന ഭൂ ഉടമസ്ഥന്മാർ അവരുടെ എല്ലാം റിക്കാർഡുകളുമായിവന്നാൽ തറവിലയും തടിവിലയും ഈടാക്കാതെ 1124-നു ശേഷമുള്ള ബേസിക് ടാക്സ് മാത്രം കൊടുത്താൽ മതിയെന്നാണ് ഇതിനെ സംബന്ധിച്ചു ഗവൺമെൻറ് പുറപ്പെടുവിച്ച റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഗവൺമെൻറിൻെറ കൈയിൽ കിട്ടിയതിനുശേഷം ആ ഭൂമിയിൽ കൈയേറിയിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം തറവിലയും തടിവിലയും 1124 മുതലുള്ള ബേസിക് ടാക്സും ഈടാക്കുകയും അതേ അവസരത്തിൽ അവർ ചെയ്തിട്ടുള്ള ദേഹണ്ഡമാണെങ്കിൽ തടിവില ഈടാക്കാതെയും അവർക്കു പതിച്ചുകൊടുക്കുന്നതിന് ഒരു സ്പെഷ്യലാഫീസറെ നിയമിച്ച് അസെസ്മെൻറ് നടന്നുവരികയുമാണ്. ഇതിനെ സംബന്ധിച്ച് ശ്രീ. പി.ടി. ചാക്കോ പറഞ്ഞതു ശരിയല്ല. കൃഷിക്കാരനു ഭൂമി ഏററവും ഗുണകരമായ വിധത്തിൽ കൊടുക്കുവാൻ നടപടി നടന്നുവരികയാണ്.

പിന്നെയുള്ളതു് കൃത്താളി എസ്റ്റേററും മററുമാണ്. കൃത്താളി എസ്റ്റേററ് ആകുന്നതിനുമുമ്പ് അവിടത്തെ ഭൂമിയിൽ കൃഷിക്കാർക്കുണ്ടായിരുന്ന അവകാശം ഗവൺമെൻറ് ഭൂമിയല്ലെന്നുള്ളനിലയിൽ ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവന്ന് അവർക്കു ഭൂമി വാങ്ങിക്കാനും അവരെ ഒഴിപ്പിക്കാതിരിക്കാനും വ്യവസ്ഥ ചെയ്തിരിക്കയാണ്. മററു ഭൂമി ഇന്നത്തെ നിലയിൽ പതിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല. മി. കുരപ്പിനും മററും അറിവുള്ള കാര്യമാണ്. Escheat-നെ സംബന്ധിച്ചു കേസ്സു തീർന്നതിനുശേഷമെ അതു നടക്കുകയുള്ളു. പിന്നെ കൊടുങ്ങല്ലൂർ മുനിസിപ്പാലിററി വക ഭൂമിയാണുള്ളതു്. ഇതു സംബന്ധിച്ച് ഭേദഗതികളും വന്നു ചർച്ച ചെയ്തശേഷം എങ്ങനെ ചെയ്യാമെന്നു വിചാരിക്കയാണ്. അതു് ഗവൺമെൻറ് ഭൂമി അല്ലെന്നുള്ള നിലയിലല്ല വച്ചിരിക്കുന്നതു്. കാമ്പൻസേഷൻ കൊടുത്തു ഗവൺമെൻറിലേക്കു മെർജ്ജ് ചെയ്തതാണ്. അതേ സമയത്തു് മലബാറിൽ ഉണ്ടായിരുന്ന ഭൂമികൾക്കു മലബാർ ടെനൻസി ആക്ട് പ്രകാരം ഫിക്സിററി കിട്ടിയിട്ടുണ്ട്. ഗവൺമെൻറ് ഭൂമിയാണെങ്കിലും ഫിക്സിററി കിട്ടിയിട്ടുള്ള കുടിയാന്മാർക്കു അതു നഷ്ടപ്പെടുത്തരുതെന്നു വിചാരിച്ചാണ് രണ്ടു മുതൽ ഏഴുവരെ എന്നുള്ള പ്രൊവൈസോ ഒന്നു മുതൽ ഏഴു എന്നു ഭേദഗതി ചെയ്തിട്ടുള്ളതു്. ഭേദഗതികൾ ആരുടെ കയ്യിൽ നിന്നുവന്നാലും കൃഷിക്കാർക്കു കൂടുതൽ ആനുകൂല്യം കൊടുക്കത്തക്കവിധത്തിലുള്ള ഭേദഗതികൾ സ്വീകരിച്ച് വേണ്ട മാററങ്ങൾ വരുത്താൻ ഞാൻ തയ്യാറാണ്. അതുകൊണ്ട് അവിടത്തെ കൃഷിക്കാർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ വേണ്ട വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. ഈ ഭൂമിയെ സംബന്ധിച്ചും ഒരു കേസ്സ് നടക്കുന്നുണ്ട്. അതുകൊണ്ടു ഈ ഭൂമിയെ സംബന്ധിച്ച് അവസാന തീരുമാനം കേസ്സുകഴിഞ്ഞേ സാദ്ധ്യമാകുകയുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഗവൺമെൻറിൻെറ കീഴിൽ കുടിയാന്മാരായി നില്ക്കുന്നതു് വളരെ ആദായകരമാണ്. പാട്ടവും പ്രതിഫലവും വളരെ കുറച്ചിട്ടുണ്ട്. 150 കൊല്ലത്തിലധികമായി കൃത്താളി എസ്റ്റേററ ഗവൺമെൻറിൻെറ വകയായിരിക്കുമ്പോഴും അതു് ഒഴിവാക്കി സ്വകാര്യ ഉടമകളാണെന്ന നിലയിൽ ആക്കിയാൽ അവിടെയുള്ള കുടിയാന്മാർ കൂടുതൽ പാട്ടവും പ്രതിഫലവും കൊടുക്കേണ്ടിവരികയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഇന്നും കൃത്താളി എസ്റ്റേററ സംബന്ധിച്ച് ഒരു കേസ്സ് വിധിയാകാതെ കിടപ്പുണ്ട്. ആ നിലയിൽ ആ ഭൂമി ഗവൺമെൻറ് ഭൂമിയാണെന്നോ അല്ലെങ്കിൽ കൃത്താളി നായരുടെ ഭൂമിയാണെന്നോ ഇപ്പോഴും പറയാൻ നിവൃത്തിയില്ല. അതിൻെറ തീരുമാനം വരുന്നതുവരെ കാലതാമസം വരുത്താതെ ഇന്നു കൃഷിക്കാർക്കു കിട്ടിവരുന്ന ആനുകൂല്യങ്ങൾ കിട്ടണമെന്നു വിചാരിച്ചാണ് അതിനുമുമ്പുള്ള കുടിയാന്മാർ എന്നു ചേർത്തിട്ടുള്ളതു്.

[ശ്രീമതി കെ. ആർ. ഗൗരി]

ഗവണ്മെൻറ ഭൂമി ആയിക്കഴിഞ്ഞശേഷമല്ലാതെ പതിച്ചുകൊടുക്കാൻ ഗവണ്മെൻറിനധികാരമില്ല. Lease of land for industrial or commer ial purposes എന്നുള്ളതിനെ സംബന്ധിച്ച് ശ്രീ. ബലറാം ഒരു ഭേദഗതി കൊണ്ടുവരുന്നതാണ്. കാർഷികനിയമം എന്ന നിലയിൽ ഇതിനെ റസ്ട്രിക്റ്റ് ചെയ്ത് നിറുത്തിയാൽ റെൻറ കൺട്രോൾ ആക്ററ പ്രകാരം ഒഴിഞ്ഞുപോകും. ആ നിലയിൽ ചെറിയ കച്ചവടക്കാർക്കും മററും ബുദ്ധിമുട്ടും പ്രയാസവും വരാതിരിക്കാൻ ശ്രീ. ബലറാം ഈ സെക്ഷനിൽ കൊണ്ടുവന്ന അമെൻറ്മെൻറ മാററി ഭംഗിയായി എഴുതി മിസലേനിയസ് സെക്ഷനിലേയ്ക്കു കൊടുത്തിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. മിസലേനിയസ് സെക്ഷനിലാണ് അതു ഡീൽ ചെയ്യേണ്ടതു്.

ശ്രീ. പി. ടി. ചാക്കോ: ഒരാൾ ഒരു അമൻഡ്മെൻറ അയച്ചാൽ മന്ത്രി തന്നെ അതു ഭംഗിയായി എഴുതിക്കൊടുക്കുമെന്നാണോ പറയുന്നതു്?

മി. സ്പീക്കർ: ആ അമൻഡ്മെൻറ ഭംഗിയായി എഴുതിക്കൊടുത്തിട്ടുണ്ടെന്നു ശ്രീ. ബലറാമിൽനിന്നും അറിഞ്ഞുവെന്നാണ് പറഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ അമൻഡ്മെൻറ കണ്ടില്ല. അതു ഭംഗിയായി എഴുതി അയച്ചിട്ടുണ്ടെന്നു എന്നെ അറിയിക്കുകയാണ് ചെയ്തതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കെട്ടിടമുള്ള സ്ഥലങ്ങൾകൂടി ഉൾക്കൊള്ളുന്ന സ്ഥലമാകുമ്പോൾ അതു മിസലേനിയസ്സിൽ ചേർത്താൽ മതിയോ?

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ ഇൻഡസ്ട്രിയൽ ആർ കമേഴ്സ്യൽ പർപ്പസ്സിനെപ്പററിയാണ് പറയുന്നതു്. അതു് പ്രധാനമായും ഡാക്യുമെൻറിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കേണ്ട കാര്യമാണ്. ഒരാൾ ഒരു ഇൻഡസ്ട്രി തുടങ്ങുന്നതിനുവേണ്ടി സ്ഥലം കൊടുത്തിരിക്കും. ആ

11 A. M. പ്രമാണത്തിൽ വീടുവയ്ക്കുന്നതിനുകൂടി അനുവാദം നൽകിയിട്ടുണ്ടാവും. ആ നിലയ്ക്കു ഇൻഡസ്ട്രിയൽ ആൻഡ് കമേഴ്സ്യൽ പർപ്പസ്സിനു വേണ്ടി കൊടുക്കുന്ന ഭൂമിയെ സംബന്ധിച്ചുള്ള ഈ വകുപ്പിൽ അഗ്രിക്കൾച്ചറൽ ലെജിസ്ലേഷൻെറ പർപ്പസിൽ വരുന്ന ശ്രീ. ബലറാമിൻെറ ഭേദഗതി ചേർക്കുന്നതു് ഔചിത്യമായിരിക്കുകയില്ല എന്നു വിചാരിച്ച് മിസലേനിയസ്സിൽ ചേർക്കുന്നതാണ് നല്ലതെന്നു കരുതി. ഞാൻ ശ്രീ. ബലറാമിനോടു ചോദിച്ചപ്പോൾ, അതു ഭംഗിയായിട്ടെഴുതി അയച്ചിട്ടുണ്ടെന്നു പറഞ്ഞു. ഞാനാഭേദഗതി കണ്ടിട്ടില്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആ ഭേദഗതി ഇവിടെ ചേർക്കുന്നതിനുള്ള അനൗചിത്യമെന്താണെന്നു പറയുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഈ വകുപ്പിൽ Agricultural ടെനൻസി റൈററിനെപ്പററിയാണ് പറയുന്നതു്. അവർക്ക് ഫിക്സിററി ആഫ് ടെന്യുവർ ഉണ്ടെന്നും പർച്ചേസ് റൈററ് കൊടുക്കണമെന്നും, ഫെയർറെൻറ കൊടുത്താൽ മതിയെന്നും മററുമാണ് പറയുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ശ്രീ. ബലറാമിൻെറ ഭേദഗതി എന്തു ചെയ്തു എന്നാണ് മന്ത്രി പറയുന്നതു്; എനിക്ക് ആ ഭാഗം മനസ്സിലായില്ല.

Mr. Speaker: I shall explain. Shri N. E. Balaram has tabled an amendment to the effect that in clause 3 (iii), the words 'or commercial purposes' may be deleted. He did not choose to move it and the Minister understands on enquiry that Shri Balaram has redrafted the amendment to make it an admissible amendment in the Miscellaneous Chapter. That is what she has said.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ആ ഭേദഗതി മിസലേനിയസ് ചാപ്റ്ററിൽ കൊണ്ടുവരുന്നതാണ് നല്ലതെന്നാണെന്റെ അഭിപ്രായം.

ശ്രീ. ഇ. പി. പൗലോസ്, ശ്രീ. സി. എ. മാത്യു, ശ്രീ. ടി. എ. തൊമ്മൻ എന്നിവർ അവതരിപ്പിച്ച, 245, 247, 248, 250 നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നില്ല. ശ്രീ. ഗോപാലൻകുട്ടി നായരുടേയും ശ്രീ. സി. എച്ച്. കണാരന്റെയും ഭേദഗതികൾ രണ്ടും കൂടി കൂട്ടിയിണക്കി മറ്റൊരു ഭേദഗതി ഞാനിവിടെ മൂവ് ചെയ്തിട്ടുണ്ട്. "Provided that leases over lands escheated to the Government shall not be deemed to be leases of land belonging to or vested in the Government if such leases subsisted at the time of the escheat and continued to be in force at the commencement of this Act."

ശ്രീ. പി. ആർ. മാധവൻപിള്ളയുടേയും ശ്രീ. സി. എ. മാത്യുവിന്റെയും sub-clause (ii) ലേക്കുള്ള ഭേദഗതി അപ്പാടെ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. With or without the garden എന്ന ഭാഗം എടുത്തുകളയണമെന്നാണ് പറയുന്നത്. അവയിൽ ശ്രീ. പി. ആർ. മാധവൻപിള്ളയുടെ ഭേദഗതി കുറേക്കൂടി ഭേദമാണ്. താഴെപ്പറയുന്ന വിധത്തിൽ സ്വീകരിക്കാം.

"In clause 3 (ii) for the words 'with or without the garden or land' the words 'with the land, if any' shall be substituted.

അടുത്തത് ശ്രീ. സി. എ. മാത്യുവിന്റെ സബ് ക്ലാസ്സ് (iii) ലേക്കുള്ള ഭേദഗതിയാണ്. ഒരു നോട്ടിഫിക്കേഷൻ വരുമ്പോൾ ആ വസ്തുവിൽ താമസിക്കുന്ന ആളുകൾക്കുകൂടി നോട്ടീസ് കൊടുത്ത് അവർക്ക് പറയുവാനുള്ളതുകൂടി കേട്ടുകഴിഞ്ഞതിനുശേഷം വേണം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാൻ എന്നാണ് ശ്രീ. സി. എ. മാത്യു പറയുന്നത്. സാധാരണ എല്ലാ നിയമങ്ങളിലും ഇപ്രകാരം നോട്ടിഫിക്കേഷൻ ഇടുവാനുള്ള അധികാരം ഗവണ്മെന്റിനു കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള അധികാരം ഗവണ്മെന്റിനു കൊടുത്താൽ വലിയ അബദ്ധമൊന്നും വരാൻ പോകുന്നില്ല. ഇന്നത്തെ നിലയിൽ സ്റ്റാറ്റ്യൂട്ടറി അധികാരികൾക്ക് മാത്രമേ ഇപ്രകാരം നോട്ടിഫിക്കേഷൻ കൊടുക്കാൻ അധികാരമുള്ളൂ.

ശ്രീ. ചടയൻ (iii) എടുത്തുകളയുന്നതിന് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അത് മിസിലേനിയസ് വകുപ്പിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ പര്യാലോചിക്കാവുന്നതാണ്; ഈ ക്ലാസിനേക്കാളും നല്ലത്, മിസലേനിയസ് വകുപ്പുമായി ബന്ധപ്പെടുത്തുന്നതായിരിക്കും. ശ്രീ. പി. ആർ. മാധവൻപിള്ളയുടേയും ശ്രീ. ഇ. പി. ഗോപാലന്റെയും (No. 263, 264-ം) ഭേദഗതികൾ ഒന്നായി ചേർത്ത് ഒരു ഭേദഗതി ഞാൻ തന്നെ ഇന്നു മൂവ് ചെയ്തിട്ടുണ്ട്. അത് ഇതാണ്.

"In the proviso occurring after sub clause (vii) for "clauses (ii) to (vii) "substitute "clauses (i) to (vii)".

ഞാൻ അന്വേഷിച്ചതിൽ ഹോസ്ദുർഗ്, കാസർകോട്ട് മുതലായ താലൂക്കുകളിൽ ചാലഗേണിപ്രകാരം കുടിയാന്റെ കൈവശമുള്ള ഭൂമി നടപ്പുപണയം കൊടുക്കാറുണ്ടെങ്കിലും, യഥാർത്ഥത്തിൽ അത് കുടിയാന്റെ കൈവശം തന്നെ ആയിരിക്കുമെങ്കിലും രേഖാമൂലം രണ്ടാമത്തെ ആളിനു കൈവശപ്പെടുത്തിക്കൊടുക്കുന്നതായും, അതിനുശേഷം നടപ്പുപണയക്കാരൻ കുടിയാനെ ഏൽപ്പിച്ചതുപോലെ നടക്കുന്നതായും അറിയുന്നുണ്ട്. അതുകൊണ്ട്, അഞ്ചു കൊല്ലക്കാലത്തിൽ കവിയാത്ത കാലാവധിയുള്ള ചാലഗേണിയെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ശ്രീ. പി. എം. ജോസഫിന്റെ clause 3 (vii) എടുത്തുകളയണമെന്ന (268-ാം നമ്പർ) ഭേദഗതിയെ അംഗീകരിക്കുന്നില്ല. ഞാൻ 274-ാം നമ്പരായി അവതരിപ്പിച്ച ഭേദഗതി വാചകം കുറെക്കൂടി ശരിപ്പെടുത്തിയിരിക്കുകയാണ് എന്നേയുള്ളു. അടുത്തതു് കെ. ടി. തോമസിന്റെ ഭേദഗതിയാണ്. Sub clause (viii) എടുത്തുകളയണമെന്നാണ് അതിന്റെ ഉദ്ദേശം. ഈ ബില്ലിനെപ്പററിയുള്ള ചർച്ച വന്നപ്പോൾ പ്ലാന്റേഷൻ മുഴുവൻ ഈ ആക്ററിൽ നിന്നും ഒഴിവാക്കിയിരുന്നു. ചെറിയ കൃഷിക്കാരാണെങ്കിൽ അവരെ ഒഴിപ്പിക്കരുതെന്നാണ് വിചാരിക്കുന്നതു്. വലിയ പ്ലാന്റേഷനെ സംബന്ധിച്ചു് ഒഴിപ്പിക്കണമെന്നുള്ള ധാരണയില്ല. ടെനൻറ്സ് ഇംപ്രൂവ്മെൻറ് ആക്ററ പ്രകാരം റബ്ബർ വച്ചിട്ടുള്ള ആളുകളെ ഒഴിപ്പിക്കണമെങ്കിൽ റബ്ബറിന്റെ 20 കൊല്ലത്തെ ആദായവും, മററുള്ള ദേഹണ്ഡവും എല്ലാം കൊടുത്തു് ഒഴിപ്പിക്കണമെന്നാണ് വ്യവസ്ഥയുള്ളതു്. റബ്ബർ കൃഷിയെ സംബന്ധിച്ചിടത്തോളം ഒരിടത്തു് ഇൻഡസ്ട്രിയാണെന്നും, മറെറാരിടത്തു് അഗ്രികൾച്ചറൽ Tenancy യാണെന്നും മററും എഴുതിവച്ചാൽ ഒരു anomaly Bill-ൽ തന്നെയുണ്ടാകും.

Shri P. T. Chacko: May I clarify the position. I only said that the regulating or restricting of the production and development and marketing of rubber or other plantation crops will be unconstitutional. This is only fixing fair rent tenant's right etc., in the land. That won't be unconstitutional.

ശ്രീമതി കെ. ആർ. ഗൗരി: ഇതു് ഭേദഗതി ചെയ്യണമെന്നു് എനിക്കു് തോന്നുന്നില്ല. ടെനൻറ്സ് ഇംപ്രൂവ്മെൻറ് ആക്ററ് ഉള്ളതുകൊണ്ടു് സാധാരണ പ്ലാന്റേഷൻ നടത്തുന്ന സ്ഥലത്തു് ഇപ്പോഴും പ്ലാന്റേഷൻ നടത്തുന്നുണ്ടെങ്കിൽ അതു് ഒഴിപ്പിക്കുക. എന്നു പറഞ്ഞാൽ, Actually that is not going to happen—Compensation will be high. ആ നിലയ്ക്കു് ഈ ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. പി. ടി. ചാക്കോ: റബ്ബർ വച്ചു് തുടങ്ങിയതു് അഞ്ചു വർഷമെങ്കിലും കഴിഞ്ഞു് ആദായം എടുത്തുകഴിഞ്ഞതിനുശേഷം ഒഴിപ്പിക്കുകയാണെങ്കിൽ മന്ത്രി പറയുന്നതു ശരിയായിരിക്കും. എന്നാൽ ആദ്യകാലങ്ങളിൽ, ആദായമൊന്നും ലഭിക്കത്തക്ക പരുവമല്ലാത്ത ആദ്യത്തെ കൊല്ലങ്ങളിൽ, വളരെ ചെലവു ചെയ്തിരിക്കും. അപ്പോൾ ഒഴിപ്പിച്ചാൽ, വലിയ തുകയൊന്നും കിട്ടുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: അതിനു പരിഹാരമുണ്ടാകണമെങ്കിൽ, ഹൈക്കോടതിവരെ പോയി കേസ് പറയണം. അതല്ലാതെ യാതൊരു മാർഗ്ഗവും ഇല്ല.

ശ്രീ. ടി. എ. തൊമ്മൻ: ഒരു മിനിസ്റ്റർ ഇങ്ങനെ പറയുന്നതു് വലിയ കഷ്ടമാണ്, സർ.

മി. സ്പീക്കർ: അതൊരു അഭിപ്രായം മാത്രമാണ്.

ശ്രീ. സി. എ. മാത്യു: മിനിസ്റ്ററെപ്പോലെയുള്ള ഒരാൾ കോടതിയിൽ പോയി കേസുനടത്തണമെന്നു ഞങ്ങളോടു പറയുന്നതു മര്യാദയാണോ, സർ?

മി. സ്പീക്കർ: ഇങ്ങനെ മര്യാദയാണോ എന്നു ചോദിക്കുന്നതു് വളരെ നിർഭാഗ്യകരമാണ്.

ശ്രീ. പി. ടി. ചാക്കോ: ഇവരെ ഒഴിവാക്കാതിരിക്കാൻ ന്യായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: പ്ലാന്റേഷൻ എന്നതു് ഇൻഡസ്ട്രിയാണു് എന്നു് അംഗീകരിച്ചിരിക്കുന്നതുകൊണ്ടു് ഇവിടെ അതിന്റെ ആവശ്യമില്ല. ഇവിടെ പ്ലാന്റേഷനുംകൂടി ഒഴിവാക്കുന്ന പക്ഷം ഒരിടത്തു് ഇൻഡസ്ട്രി ആണെന്നു് അംഗീകരിക്കുകയും, മറെറാരിടത്തു് അങ്ങനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ബുദ്ധിമുട്ടുണ്ടാകാൻ എളുപ്പമുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഒരാൾ നൂറു് ഏക്കർ സ്ഥലം വാങ്ങി, അവിടെ തെങ്ങാണു് വയ്ക്കുന്നതെങ്കിൽ സ്ഥിരാവകാശം കൊടുക്കും. റബ്ബറാണെങ്കിൽ സ്ഥിരാവകാശം കൊടുക്കുകയില്ല എന്നു പറയാൻ എന്താണു് കാരണം?

ശ്രീമതി കെ. ആർ. ഗൗരി: തെങ്ങും, റബ്ബറും വയ്ക്കുന്ന കാര്യം ഇതിലില്ല. അഗ്രികൾച്ചറൽ പർപ്പസസ് എന്ന കാര്യമാണു് ഇതിലുള്ളതു്. മറേറതു് പ്ലാന്റേഷനാണു്. ഇതു രണ്ടും വിവേചിച്ചറിയുന്നതു് ഡാക്കുമെന്റു നോക്കിയാണു്. തോട്ടത്തിനെന്നു പറഞ്ഞു് സ്ഥലം വാങ്ങിയാൽ തോട്ടം നടത്തണം. ഭൂമി കൃഷി ചെയ്യാൻ എന്നു പറഞ്ഞു് വാങ്ങിച്ചു് അവിടെ തെങ്ങോ, കമുകോ, റബ്ബറോ എന്തുതന്നെ കൃഷിചെയ്തിരുന്നാലും ആ സ്ഥലത്തു ഇതു് അഫക്റ്റു ചെയ്യുകയില്ല. അതാണു് ഈ വകുപ്പിനകത്തുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെയല്ല.

Clause 3 (viii) is this: "tenancies in respect of plantations admeasuring more than the ceiling area. So cultivation of rubber, tea, cardamom or coffee is agriculture"

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാനങ്ങോട്ടു ചോദിക്കുകയാണു്, ഒരാൾ സ്ഥലം വാങ്ങി Rubber വച്ചാൽ ceiling ബാധകമാവുകയില്ല, തെങ്ങുവച്ചാൽ ceiling ബാധകമാവും, അതിനെന്തു പറയുന്നു? ആ നിലയ്ക്കു് agriculture tenancies-നു് fixity, fair rent, purchase right and ceiling ബാധകമാണെന്നു പറയുന്നു. ബാക്കിയുള്ളതു് ഈ ബില്ലിന്റെ പരിധിയിൽ പെട്ടതല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണന്റെയും ശ്രീ. കെ. എസ്. അച്യുതന്റെയും ഭേദഗതികൾ സ്വീകരിക്കുന്നില്ല. അതുപോലെ മി. സി. എ. മാത്യുവിന്റെയും കോവാപ്പറേററീവ് സൊസൈററികൾക്കു് കൊടുത്തിരിക്കുന്ന ഭൂമിക്കു് സ്ഥിരാവകാശം കൊടുക്കരുതു് എന്ന ഭേദഗതിയും സ്വീകരിക്കുവാൻ നിവൃത്തിയില്ല. അതുപോലെ മി. രാഘവമേനോൻ അവതരിപ്പിച്ച ഭേദഗതിയിൽ, കുടുംബത്തിലെ ഒരംഗത്തിനു ഭൂമി കൊടുത്തിട്ടുണ്ടെങ്കിൽ അതിനു സ്ഥിരാവകാശം കൊടുക്കരുതു് എന്നു പറയുന്നുണ്ടു്. കുടുംബത്തിലെ ഒരംഗത്തോടുമാത്രം ഇത്ര വൈരാഗ്യം കാണിക്കണമെന്നു തോന്നുന്നില്ല. ഏതെങ്കിലും കുടുംബകാരണവൻ കുടുംബത്തിനെ തോല്പിക്കാൻ ഇതുപോലെ ചെയ്കയാണെങ്കിൽ അതിനു് വേറെ നിയമമാർഗ്ഗങ്ങളുണ്ടു്. ആധാരം അസ്ഥിരപ്പെടുത്താം; കുടുംബകാരണവരെ മാററാൻ കേസുകൊടുക്കാം; ഇതെല്ലാം ചെയ്യാവുന്നതാണു്. മലബാറിൽ ഭാഗിക്കാത്ത കുടുംബങ്ങൾ ശാഖകളുടെ ചെലവിനായി പാട്ടം എഴുതാറുണ്ടു്. ഈ ശാഖക്കാർ വസ്തു പാട്ടക്കാരെ ഏല്പിച്ചിട്ടു് വളരെക്കാലമായിക്കാണും. അവരെയും ബുദ്ധിമുട്ടിക്കണമെന്നു വിചാരിക്കുന്നില്ല.

Mr. Speaker: Now, I suppose I may put the amendments to vote. Does Mr. Thommen press his amendment to sub clause (i)?

Shri T. A. Thomman: Yes, Sir.

ശ്രീമതി. കെ. ആർ. ഗൗരി: ഗവണ്മെന്റു ഭൂമിക്കും സ്ഥിരാവകാശം കൊടുക്കണമെന്നാണു് അദ്ദേഹം പറയുന്നതു്. ഗവണ്മെന്റു ഭൂമിയെ സംബന്ധിച്ചു് ഗവണ്മെന്റിന്റെ നില എന്താണെന്നുള്ളതു് വ്യക്തമാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: പ്രൈവററ് ഫോറസ്റ്റിന്റെ കാര്യം ഇതിൽ തീർച്ചപ്പെടുത്തിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൌരി: പ്രൈവററ് ഫോറസ്റ്റിന്റെ ഡെഫിനിഷൻ മാററിയിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ആ ഡെഫിനിഷൻ വരുമ്പോഴും കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കുമോ?

ശ്രീമതി. കെ. ആർ. ഗൌരി: പ്രൈവററ് ഫോറസ്റ്റിലേക്ക് കയറണമെന്നുള്ള പ്രേരണ ആളുകൾക്ക് കൊടുക്കാതിരിക്കുന്ന വിധത്തിൽ അവിടെ താമസിക്കുന്ന ആളുകൾ സ്ഥിരാവകാശം കൊടുക്കണമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ. കെ. വിശ്വനാഥൻ: റെന്റിനു കൊടുക്കുന്നതോ?

ശ്രീമതി കെ. ആർ. ഗൌരി: റെന്റിനു കൊടുക്കുന്ന കുടിലും കൂടി സ്വീകരിച്ചിട്ടുണ്ട്. For the purpose of this clause "hut" has been defined.

ശ്രീ. കെ. കെ. വിശ്വനാഥൻ: എവിടെ?

ശ്രീമതി കെ. ആർ. ഗൌരി: എട്ടിൽ.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഫോർ ദി പർപ്പസ്സ് ഓഫ് ദിസ്സ് ക്ലാസ്സ് എന്നുള്ളത് ഡിഫൈൻ ചെയ്തിട്ടില്ല.

Shri C. Achutha Menon: That is not an operative Section. It applies to the whole Act.

ശ്രീമതി കെ. ആർ. ഗൌരി: കുടികിടപ്പുകാരന്റെ ഹട്ട് എന്ന് ചേർത്തിരിക്കുന്നത് മധുരത്തിൽ കുറച്ചു മധുരം കൂടി ചേർത്താൽ ബുദ്ധിമുട്ടുണ്ടാകയില്ലെന്നു കരുതിയാണ്.

The amendment was put and lost.

The amendment moved by Shri C. H. Kanaran was by leave withdrawn.

The amendment (No. 245) moved by Shri E. P. Poulose was put and lost.

The amendment (No. 247) moved by Shri C. A. Mathew was put and lost.

The amendment (No. 248) moved by Shri T. A. Thomman was put and lost.

The amendment (No. 250) moved by Shri E. P. Poulose was put and lost.

The amendment (No. 253) moved by Shri M. Gopalankutty Nair was, by leave, withdrawn.

The following amendment moved by Smt. K. R. Gouri was put and carried:

'In clause 3 sub clause (i) the following proviso shall be added:

LIBRARY ARCHIVES Kerala Legislative Assembly

"Provided that leases over lands escheated to the Government shall not be deemed to be leases of land belonging to or vested in the Government if such leases subsisted at the time of the escheat and continued to be in force at the commencement of this Act." '

The amendment (No. 254) moved by Shri C. A. Mathew was put and lost.

The following amendment of Shri P. R. Madhavan Pillai, as modified by the Minister for Revenue, was put and carried:

'In Clause 3 sub clause (ii) for the words 'with or without the garden or land' the words 'with the land, if any' shall be substituted.,

The amendment (No. 256) moved by Shri C. A. Mathew was, by leave, withdrawn.

The amendment (No. 257) moved hy Shri M. Chadayan was, by leave, withdrawn.

The amendment (No. 263) moved by Shri P. R. Madhavan Pillai was, by leave, withdrawn.

The amendment (No. 264) moved by Shri E. P. Gopalan was, by leave, withdrawn.

The amendment moved by Smt. K. R. Gouri, viz.,

"In Clause 3 sub-clause (v), add the following proviso:

'Provided that nothing in this Clause shall apply to tenancies created by mortgagees in possession in respect of lands situate in that portion of Malabar where the Malabar Tenancy Act, 1929 was not in force immediately before the commencement of this Act, if the tenants were in continuous possession for a period of five years ending with the 14th day of April 1959.

was put and carried.

The amendment (No. 265) moved by Smt. K. R. Gouri, viz.,

"In Clause 3 sub clause (vi) for the words 'or in the land and buildings' the words 'or in the buildings or in both' shall be substituted"

was put and carried.

The amendment (No. 268) moved by Shri P. M. Joseph was put and lost.

The amendment moved by Smt. K. R. Gouri, viz.,

"In Clause 3 in the proviso occurring after sub clause (vii) for the words and figures and brackets 'clauses (ii) to (vii)' the words, figures and brackets 'clauses (i) to (vii)' shall be substituted

was put and carried.

The amendment (No. 274) moved by Smt. K. R. Gouri, viz.,

"In clause 3 in the proviso to sub clause (vii) for the words 'who have obtained fixity of tenure' the words 'who were entitled to fixity of tenure' shall be substituted

was put and carried.

The amendment (No. 275) moved by Shri K. T. Thomas was put and lost.

The amendment moved by Smt. K. R. Gouri, viz.

"In Clause 3 sub clause (viii) for the words 'admeasuring more than the ceiling area' the words 'admeasuring more than 30 acres' shall be substituted"

was put and carried.

The amendment moved by Shri C. A. Mathew (No. 279) was put and lost.

The amendment (No. 280) moved by Shri R. Raghava Menon was put and lost.

The amendments (No. 281 and 284) moved by Shri K. S. Achuthan were withdrawn.

The amendment moved by Shri T. K. Ramakrishnan to sub-clause (xi) was withdrawn.

The question that Clause 3, as amended, stands part of the Bill, was put and carried.

Clause 3, as amended, was added to the Bill.

Clause 4.

Shri N. Rajagopalan Nair: Sir, I move:

(No. 290) "In clause 4, delete the words 'varamdars and from the title.

I also move:

(No. 291) "In clause 4, delete sub-clause (1)

Shri T. A. Thomman: Sir, I move:

(No. 295) "For clause 4 (1) substitute the following:—

"Notwithstanding anything contained in any law or in any contract, custom or usage to the contrary—

(i) a varomdar cultivating under a varom agreement entered into with a temple, mosque, church or other similar religious or charitable institution or with a sthani.

(ii) a varomdar cultivating the land under a varom agreement entered into with a landlord who owns and possesses or holds as tenant more land than the ceiling area.

(iii) a varomdar cultivating under the same landlord or his predecessor in interest the same plot of land continuously for a period of six years immediately before the 11th of April 1957 and continuing to so cultivate at the commencement of this Act shall have fixity of tenure."

LIBRARY ARCHIVES Kerala Legislative Assembly

Shri Malethu Gopinatha Pillai: Sir, I move:

(No. 298) "Insert in clause 4 (1) (i) after 'any nilam' "for a continuous period of six years" and recast."

Shri E. P. Poulose: Sir, I move:

(No. 299)" In clause 4 (1) (i) and (ii) substitute the following for sub-clause (1) (i) and (ii):—

"Every varomdar who was cultivating any nilam for a continuous period of six years immediately preceding the date of commencement of this Act, shall have fixity of tenure."

Shri T. A. Thomman: Sir, I move:

(No. 310) "In clause 4 insert "or decree or order of court' after 'in any law' in sub-clause (1) and insert 'or decree or order of court' after 'in any law' in sub-clause (2)".

Mr. Speaker: Smt. Gouri may move amendment No. 2 in Supplementary list No. 8.

Smt. K. R. Gouri: Sir, I move:

In sub-clause (2) between "11th day of April 1957" and "the land" insert "and is continuing to cultivate at the commencement of this Act" and for "shall have fixity of tenure" substitute "shall be deemed to be a tenant".

Mr. Speaker: Mr. Rajagopalan Nair, do you wish to speak upon your amendments (Nos. 290 and 291).

Shri N. Rajagopalan Nair: By those amendments, I want to give fixity of tenure to all varomdars; I do not want to limit that to only varomdars who were cultivating on the 11th day of April 1957.

Shri M. Narayana Kurup: Sir, I move:

(No. 317) In clause 4, the following shall be sustituted for the existing sub-clause (2):

"(2) Notwithstanding anything contained in any law or in any contract, custom or usage to the contrary, a person claiming under an Odacharthudar and who was actually cultivating on the 11th day of April 1957, the land or any portion of land to which the Odacharthu relates, shall have fixity of tenure in respect of the land or the portion of the land so cultivated."

Shri E. P. Poulose: Sir, I move:

(No. 318) In clause 4 (2), after the words 'or a person claiming under him', substitute the following:—

"....who is actually cultivating the land or any portion of the land to which the odacharthu relates at the date of commencement of this Act shall have fixity of tenure in respect of the land or the portion of the land so cultivated."

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri: My amendment is only a modification to that amendment (No. 318).

Shri E. P. Poulose: At the time it is put to vote we can consider whether that will be enough.

Mr. Speaker: Is that an amendment to amendment (No. 318) ?

Smt. K. R. Gouri: Not exactly; but is only a modification.

Mr Speaker: Mr. C. C. Ayyappan, your amendment (No.324) should legitimately find its place under Clause 4 and not under Clause 5.

Shri C. C. Ayyappan: I have suggested that as an amendment to Clause 5.

Mr. Speaker: I think it is better that that amendment is moved as an amendment to clause 4; that is the advice that I can give. You can choose yourself as to whether you can accept or reject that advice.

Shri C. C. Ayyappan: Sir, I move:

(No. 324) After clause 4(1) add the following as (2) and re-number:

"Notwithstanding anything contained in any law or contract or decree or order of a court a varomdar who was in occupation of the property included in a holding till the 11th day of April 1957 shall be entitled to fixity of tenure".

Mr. Speaker: Now anybody interested can speak upon these amendment

ശ്രീ. ടി. എ. തൊമ്മൻ: സർ, ഞാൻ അവതരിപ്പിച്ച ആദ്യത്തെ ഭേദഗതി ഇതാണ്".

For clause 4(1) substitute the following:—

"Notwithstanding anything contained in any law or in any contract, custom or usuage to the contrary—

(i) a varomdar cultivating under a varom agreement entered into with a temple, mosque, church or other similar religious or charitable institution or with a sthani

(ii) a varomdar cultivating the land under a varom agreement entered into with a landlord who owns and possesses or holds as permanent tenant more land than the ceiling area

(iii) a varomdar cultivating under the same landlord or his predecessor in interest the same plot of land continuously for a period of six years immediately before the 11th of April 1957 and continuing to so cultivate at the commencement of this Act shall have fixity of tenure".

LIBRARY ARCHIVES Kerala Legislative Assembly

ആർക്കെല്ലാം, ഏതെല്ലാം കുടിയായ്മയ്ക്കു സ്ഥിരാവകാശം കൊടുക്കാമെന്നുള്ളതിനെ സംബന്ധിച്ചാണ് ഈ ഭേദഗതിയിൽ പറയുന്നത്. സെലക്ട് കമ്മിററിയിൽ നിന്നും കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൽ 1957 ഏപ്രിൽ 11-ാം തീയതി വരെ കൃഷിചെയ്തുകൊണ്ടിരുന്ന സകല വാരക്കാർക്കും സ്ഥിരാവകാശം കൊടുക്കണമെന്ന് ഭേദഗതി ചെയ്തിരിക്കുകയാണ്. ആദ്യത്തെ ബില്ലിൽ പത്തുകൊല്ലം..........

Shri N. Rajagopalan Nayar : Sir, while accepting the definition of tenant, we have accepted the principle also that varomdars should be deemed to be tenants; i. e., by accepting amendment of Shri E. P. Gopalan, to clause 2 (47) (h), we have deleted all the words excepting 'a varomdar' from that sub-clause. The original provision before that amendment was 'a varomdar or odacharthudar or any person claiming under an odacharthudar, entitled to fixity of tenure under section 4'; so, all words except 'a varomdar' have been taken away from that sub-section and another sub-section included, viz ,—

> "Odacharthudar or any person claiming under an odacharthudar entitled to fixity of tenure under section 4".

A varomdar, irrespective of section 4, is, therefore, deemed to be a tenant. That is a principle that we accepted while we discussed the definition of the word 'tenant'. Now, by his amendment (No. 295) Shri Thomman seeks to restrict it still further. Is it allowable in view of the acceptance of the definition of 'tenant'. We have accepted the principle once. Can we go back upon the principle accepted previously, is my doubt.

Smt. K. R. Gouri : Just because we accepted the definition of 'tenant', that will not bar this amendment. That definition is subject to the acceptance of clause 5. We can deal with the question of 'varomdars' also when we discuss clause 5 regarding the right of tenants to fixity of tenure.

Shri K. K. Viswanathan : What we had approved is only definition of a 'tenant'; whether we are to give fixity to all tenants or only certain classes of tenants is a question to be considered now.

Mr. Speaker : I do not think that clause 2(47)(h) as amended by amendment No. 220 would estop this in as much as it is only a part of the general definition of 'tenant'.

Shri N. Rajagopalan Nayar : I only expressed my doubt.

Shri T. A. Thomman : Sir, according to the provision in the orginal Bill presented to this House, it was to "a varomdar cultivating under the same landlord or his predecessor in interest the same plot of land continuously for a period of ten years immediately before the 11th April 1597 and continuing to so cultivate at the commencement of this Act" that fixity was proposed to be given. Now that 'ten years' has been taken away.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. തൊമ്മൻ]

സർ, 1957 ഏപ്രിൽ 11-ാം തീയതി ഒരാൾ വാരക്കാരൻ എന്ന നിലയിൽ നിലം കൈവശം വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, അയാൾക്കു് ആ നിലത്തിൽ സ്ഥിരാവകാശം കൊടുക്കുകയാണു്. ഇതു് യാതൊരു വിധത്തിലും ന്യായീകരിക്കാവുന്നതല്ല. കൈവശക്കാർക്കു് സ്ഥിരാവകാശം കൊടുക്കണം, പക്ഷെ, അതിനെല്ലാം ഒരു പരിധിയുണ്ടു്. ഈ ബില്ലിന്റെ യഥാർത്ഥമായ ഉദ്ദേശം, ഭൂമിയിൽ കൂടുതൽ കൃഷി ചെയ്യണം, ഉൽപാദനം വർദ്ധിപ്പിക്കണം എന്നുള്ളതാണു്. നമ്മുടെ നാട്ടിനെ സംബന്ധിച്ചിടത്തോളം നിലം കൃഷിയെ സംബന്ധിച്ചു് ചില പ്രത്യേക നടപ്പുകളുണ്ടു്. വാരത്തിനു വാങ്ങിക്കുമ്പോൾ സ്ഥിരമായ ഒരവകാശം വസ്തുവിന്മേൽ കൊടുക്കുകയല്ല; ഉടമ വസ്തു കൊടുക്കുന്നതു് കൃഷി ചെയ്യാൻ വേണ്ടിയാണു്. ഇതുവരെ തിരുവിതാംകൂറിലും, കൊച്ചിയിലും നിലവിലിരുന്ന നിയമം അനുസരിച്ചു് വാരം പാട്ട സ്വഭാവത്തിലുള്ള ഒരു ഇടപാടല്ല; വെറും ഒരു ലൈസൻസ് എന്നുള്ള നിലയിൽ വാരക്കാർ കൃഷിക്കു് ഭൂമി കൊടുക്കുന്നതു് കൃഷി ചെയ്യുകയായിരുന്നു പതിവു്. അതുകൊണ്ടു് ഇതുവരെ ഉണ്ടായിരുന്ന സകല നടപ്പുകൾക്കും നിയമത്തിനും എതിരായിട്ടുള്ള ഒരു നിയമം ആണു് നാം ഇപ്പോൾ പാസ്സാക്കാൻ പോകുന്നതു്. അങ്ങനെ ഒരു നിയമം പാസ്സാക്കുമ്പോൾ ഇതിൽനിന്നും ഉണ്ടാകാവുന്ന ഭവിഷ്യങ്ങളെക്കുറിച്ചും, പ്രത്യാഘാതങ്ങളെക്കുറിച്ചും നാം ആലോചിക്കേണ്ടതാണു്.

സർ, എനിക്കു് സ്വന്തമായിട്ടു്, എന്റെ നിലം കൃഷി ചെയ്യാൻ ചില അസൗകര്യമുള്ളതുകൊണ്ടു് ഞാൻ ഒരു കൊല്ലത്തേക്കു് അതു് വാരത്തിനു കൊടുക്കുന്നു എന്നു് കരുതുക. നാം ഈ നിയമം പാസ്സാക്കിയാൽ, എന്റെ അസൗകര്യം മൂലം ഞാൻ വാരത്തിനു കൊടുത്ത ഭൂമി, ഒരു കൊല്ലത്തേക്കു് ഞാൻ വാരത്തിനു് ഒരാളെ ഏല്പിച്ചതു് ആ വാരക്കാരനു് സ്ഥിരാവകാശം വിട്ടുകൊടുക്കണമെന്നു വരുന്നതു് ഒരു തരത്തിലും നീതിയല്ല. എനിക്കു് ഭൂമിയിൽ കൃഷി ചെയ്യണമെന്നുള്ള ആഗ്രഹമുണ്ടു്; തൽക്കാലം അതിനു് സൗകര്യമില്ലാത്തതുകൊണ്ടു മാത്രമാണു് മറ്റൊരാളെ ഏല്പിച്ചതു്; അതിന്റെ പേരിൽ എനിക്കു ഭൂമി നഷ്ടപ്പെടുന്നതു് കഷ്ടമാണു്. അതുപോലെതന്നെ ഒരു വസ്തു ഉടമസ്ഥൻ സുഖക്കേടു മൂലം തന്റെ ഭൂമി വാരത്തിനു് കൊടുത്തുവെന്നു വരും. അങ്ങനെ കൊടുക്കുന്ന ഭൂമി അയാൾക്കു് ഒഴിപ്പിക്കാൻ സാധിക്കുകയില്ലെന്നു വന്നാൽ അതും ഈ നിയമത്തിന്റെ ഒരു പോരായ്മയായിരിക്കും. യഥാർത്ഥ കർഷകനാണോ, അയാൾ കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന ആളാണോ എന്നു പരിശോധിക്കണം; അങ്ങനെയുള്ളവർക്കു വസ്തു ഒഴിപ്പിക്കാൻ സൗകര്യം കൊടുക്കണം. ആറു കൊല്ലം തുടർച്ചയായിട്ടു് ഒരാൾ വസ്തുവിൽ സ്വന്തമായിട്ടു് കൃഷി നടത്തിയിട്ടില്ലെങ്കിൽ തീർച്ചയായിട്ടും അയാൾ കൃഷി ചെയ്യാൻ താൽപര്യമുള്ളയാളല്ല എന്നു മനസ്സിലാക്കാം. എന്നാൽ, ഒരു കൊല്ലത്തേക്കു് വാരത്തിനു കൊടുക്കുന്ന ഭൂമി തിരിയെ കിട്ടാൻ നിവൃത്തിയില്ലെന്നു വരുന്നതു ശരിയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഒരു കൊല്ലത്തേക്കു് വാരത്തിനു കൊടുക്കുന്നതും, പാട്ടത്തിനു കൊടുക്കുന്നതുമായിട്ടു് എന്താണു് വ്യത്യാസം?

ശ്രീ. ടി. എ. തൊമ്മൻ: വാരവും, പാട്ടവുമായിട്ടുള്ള വ്യത്യാസം അതിനുണ്ടു്. വാരം വെറും ഒരു ലൈസൻസാണെന്നും, പാട്ടം അതല്ലെന്നും മനസ്സിലാക്കണം. പാട്ടവും, വാരവും തമ്മിൽ ലീസും, ലൈസൻസും തമ്മിലുള്ള വ്യത്യാസമുണ്ടു്. പാട്ടക്കാരനു് ഭൂമിയുടെ കൈവശാവകാശം കിട്ടും; നേരെ മറിച്ചു് വാരക്കാരനു് ഭൂമിയിൽ കൃഷി ചെയ്യാനെ അനുവാദമുള്ളൂ; വസ്തുവിന്റെ അവകാശം ഉടമസ്ഥനാണു്. കൃഷി ചെയ്യുന്നതിനുള്ള അവകാശം മാത്രമേ വാരക്കാർക്കുള്ളൂ. അവർക്കു് കൈവശാവകാശം കിട്ടുന്നില്ല. ഇതാണു് അതു തമ്മിലുള്ള വ്യത്യാസം. സർ, തിരുവിതാംകൂർ പ്രദേശത്തു് ഇങ്ങനെ നിലം പലരും വാരത്തിനു് ഏൽപ്പിച്ചിട്ടുണ്ടു്. വിദേശങ്ങളിൽ ഉദ്യോഗമുള്ള പലരും അവരുടെ നിലം വാരത്തിനു കൊടുത്തിട്ടുണ്ടായിരിക്കും. ഉദ്യോഗസ്ഥന്മാർ പലപ്പോഴും സ്വദേശത്തുനിന്നും മാറി താമസിക്കേണ്ടി വരുന്നതുകൊണ്ടു് വസ്തുക്കൾ വാരത്തിനു് ഏൽപ്പിക്കുകയാണു് പതിവു്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

സുഖക്കേടുമൂലവും മററും ഇങ്ങനെ വാരക്കാരെ വസ്തു ഏൽപ്പിച്ചിട്ടുള്ളവർ അനവധിയുണ്ടു്. ഈ നിയമം ഇങ്ങനെ പാസായാൽ അവരോടെല്ലാം വലിയ നീതികേടായിരിക്കും ചെയ്യുക. സർ, ഈ ഭേദഗതി സ്വീകരിച്ചാൽ ഈ കുഴപ്പം ഉണ്ടാകാതെ കഴിക്കാം. ഇതു സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ: ആറു കൊല്ലം എന്നു അവധി വയ്ക്കാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. ടി. ഏ. തൊമ്മൻ: 1957 ഏപ്രിൽ 11-ാം തീയതി എന്നു് ഒരു തീയതി നിശ്ചയിക്കാനുള്ള കാരണം എന്താണു്; അതു പോലെ ഒരു തീയതിവച്ചെന്നേയുള്ളു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ശ്രീ. തൊമ്മന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഭേദഗതിയിൽ 'ലാൻഡ്' എന്നുള്ള വാക്കു് ശരിയായിരിക്കുമോ എന്നു് എനിക്കു് സംശയമുണ്ടു്. 'ലാൻഡ്' എന്നുള്ള സ്ഥലത്തു് 'നിലം' എന്നു ചേർക്കേണ്ടിവരുമെന്നു് തോന്നുന്നു. ഏതായാലും ഭേദഗതിയിൽ പറയുന്നതു് മതസ്ഥാപനങ്ങളുടെയും, ധർമ്മസ്ഥാപനങ്ങളുടേയും സ്ഥാനികളുടേയും കീഴിലുള്ള എല്ലാ വാരക്കാർക്കും സ്ഥിരാവകാശം കൊടുക്കണമെന്നും, സീലിംഗിൽ കവിഞ്ഞു ഭൂമിയുള്ള ഭൂവുടമകളുടെ കീഴിലുള്ള വാരക്കാർക്കും കാലപരിഗണന കൂടാതെ സ്ഥിരാവകാശം കൊടുക്കണമെന്നും സീലിംഗിനു് താഴെ മാത്രമുള്ള ഭൂഉടമകൾ വാരത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വാരക്കാർ 6 കൊല്ലം തുടർച്ചയായി കൃഷി ചെയ്താൽ മാത്രമേ അവർക്കു സ്ഥിരാവകാശം കൊടുക്കാവൂ എന്നുമാണു്. വളരെയധികം ഭൂമികളിൽ ഇന്നു കൃഷി ചെയ്യുന്ന വാരക്കാർക്കു് ഈ ഭേദഗതികൊണ്ടുതന്നെ സ്ഥിരാവകാശം കിട്ടും. സീലിംഗിനു് താഴെയുള്ള ഭൂഉടമകൾ കൊടുത്തിട്ടുള്ള വാരത്തിനെ സംബന്ധിച്ചുമാത്രമേ റെസ്ട്രിക്ഷൻ ഉള്ളു. അങ്ങനെയുള്ള വാരക്കാർ ഈ രാജ്യത്തു അധികമുണ്ടാകുമെന്നു വിശ്വസിക്കാൻ ന്യായമില്ല. സീലിംഗ്‌വരെമാത്രം ഭൂഉടമയുള്ള ആളുകൾ അധികം പേരും വാരത്തിനു് കൊടുത്തിരിക്കാൻ ഇടയില്ല. ചെറിയ ചെറിയ ഭൂഉടമകൾ ഉള്ളഭൂമി നേരിട്ടു കൃഷി ചെയ്യുന്നവരായിരിക്കും. അങ്ങനെ നോക്കുമ്പോൾ വളരെ ചുരുക്കം ഭൂമിമാത്രമേ ഇങ്ങനെയുള്ള വാരക്കാർ കൈവശംവച്ചു് കൃഷി ചെയ്യുന്നതായി കാണുകയുള്ളു. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചു് തുടർച്ചയായി 6 കൊല്ലമെങ്കിലും കൃഷി ചെയ്താൽമാത്രമേ സ്ഥിരാവകാശവും ഉടമാവകാശവും വാങ്ങാനുള്ള അവകാശം കൊടുക്കാൻ പാടുള്ളു എന്നു മാത്രമാണു് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഈ വകുപ്പിൽ എഴുതിച്ചേർത്തിരിക്കുന്നതുപോലെ ഒരു പ്രത്യേക തീയതി വച്ചാൽ അതിനെതിരായി ധാരാളം ന്യായങ്ങൾ പറയാനുണ്ടു്. ഒരു പ്രത്യേക തീയതി വച്ചാൽ ആ തീയതിയിൽ വാരക്കാർ കൃഷി ചെയ്തിരുന്നുവെന്നു തെളിയിക്കാൻ ബുദ്ധിമുട്ടുണ്ടു്. 6 കൊല്ലം തുടർച്ചയായി കൃഷി ചെയ്തിരുന്നു എന്നു തെളിയിക്കാനും ബുദ്ധിമുട്ടുണ്ടു്. എങ്ങനെയായാലും വാരക്കാർക്കു് ഒരു രേഖയുണ്ടെങ്കിൽ രണ്ടു കേസ്സിലും ഒരു പ്രയാസവുമില്ല. ഏപ്രിൽ 11-ാം തീയതി എന്നു വച്ചാലും 6 കൊല്ലം തുടർച്ചയായി കൃഷി ചെയ്യണമെന്നുവച്ചാലും രേഖയുള്ളതിനെ സംബന്ധിച്ചു് തർക്കമുണ്ടാവുകയില്ല. രേഖ ഇല്ലാത്ത വാരത്തെ സംബന്ധിച്ചാണു് ഈ വകുപ്പു പാസ്സായിക്കഴിഞ്ഞാൽ തർക്കമുണ്ടാകുന്നതു്. തർക്കമുണ്ടായാൽ കോടതിയിൽ പോകണം. കോടതിയിൽ പോയാൽ തെളിവിനെ ആശ്രയിച്ചാണു് കാര്യങ്ങൾ തീരുമാനിക്കുന്നതു്. ഇന്നത്തെ സാഹചര്യത്തിൽ കോടതിയിൽ തെളിവു കൊടുത്തു കാര്യങ്ങൾ സ്ഥാപിക്കാൻ കൂടുതൽ സൗകര്യം ഈ രാജ്യത്തു് രേഖയില്ലാതെ കൃഷി ചെയ്യുന്ന വാരക്കാർക്കായിരിക്കയില്ല; നേരെമറിച്ചു് ഭൂഉടമകൾക്കായിരിക്കും. രേഖകൾ ഇല്ലാത്ത സന്ദർഭങ്ങളിൽ സാക്ഷികളുടെ തെളിവിനെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അങ്ങനെ തെളിവു കൊടുക്കാൻ കൂടുതൽ സൗകര്യം ഭൂഉടമകൾക്കായതുകൊണ്ടു് വാരക്കാരെ സംബന്ധിച്ചിടത്തോളം തെളിയിച്ചു കൊണ്ടുവരാൻ പ്രയാസമാണു്. ആ നിലയിൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന 1957 ഏപ്രിൽ 11-ാം തീയതികൊണ്ടും യാതൊരു പ്രയോജനവും ഇല്ലാതിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

കയാണ്. നേരെമറിച്ച് 6 കൊല്ലത്തെ തുടർച്ചയായ കൈവശമെന്നു പറഞ്ഞാൽ തെളിയിക്കാൻ ഒരു പ്രത്യേക തീയതിയിൽ കൃഷി ചെയ്തിരുന്നു എന്നു തെളിയിക്കുന്നതിനേക്കാൾ കുറച്ചു സൗകര്യമുണ്ട്. കാരണം തുടർച്ചയായി കൃഷി ചെയ്യുന്നതു കണ്ടുപിടിക്കാൻ വലിയ പ്രയാസമുണ്ടാവുകയില്ല. ഒരു കൊല്ലം പോയി കൃഷിചെയ്തു പോന്നു എന്നുള്ളതു തെളിയിക്കാൻ വളരെ വിഷമമാണ്. കുറെ നാൾ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ കൃഷിചെയ്ത പ്രദേശത്തുള്ളവർക്ക് അതു അറിയാൻ കഴിയും. അതുകൊണ്ട് വലിയ ദോഷം വരാത്ത നിലയിൽ, കൃഷി ചെയ്യുന്ന വാരക്കാർക്ക് എന്തെങ്കിലും ആനുകൂല്യം കിട്ടണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഒരു പ്രത്യേക തീയതിയെന്നു നിശ്ചയിക്കാതെ കുറച്ചുകാലം കൃഷി ചെയ്യുന്നവർ എന്നു വയ്ക്കുന്നതായിരിക്കും നല്ലതു്. 1957 ഏപ്രിൽ 11-ാം തീയതിക്കു മുമ്പ് വരെ തുടർച്ചയായി കൃഷി ചെയ്തിട്ടുള്ള ആളുകൾ കാണും. അങ്ങനെയുള്ളവരെ, ഈ നിയമം വരാൻ പോകുന്നു എന്നു അറിഞ്ഞുകൊണ്ടു മാററി മറെറാരാളെ കൃഷി ഏല്പിച്ചാൽ അതിനുമുമ്പ് കൃഷി ചെയ്തിരുന്ന ആളിന്റെ കാര്യം കഷ്ടമാകും. അങ്ങനെയുള്ള അനീതിയും വരരുതെന്നു വിചാരിച്ചാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ആർഡിനൻസ് വന്നശേഷം കുറെ വാരക്കാരെ ഒഴിവാക്കിയിട്ടുണ്ടാകുമെന്നു് ഇവിടെ പറയുകയുണ്ടായി. അങ്ങനെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അവരെ തിരിച്ചുകൊണ്ടുവരുവാൻ ഈ വകുപ്പുകൊണ്ടു സാധ്യമല്ല. ഈ വകുപ്പുകൊണ്ട് കുറച്ചു നീതി ലഭിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഒരു പ്രത്യേക തീയതി എന്നു പറയാതെ അതിനു മുമ്പു തുടർച്ചയായി കൃഷി ചെയ്തിട്ടുള്ള ആളുകൾക്ക് സൗകര്യം ലഭിക്കത്തക്കവണ്ണമുള്ള ഈ ഭേദഗതി സ്വീകരിക്കേണ്ടതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: 1957 ഏപ്രിൽ 11-ാം തീയതി വിളവിറക്കിയിട്ടുണ്ടെന്നു തെളിയിച്ചാലും അയാൾ പിന്നെ 6 കൊല്ലം തുടർച്ചയായി കൃഷി ചെയ്തുവെന്നു തെളിയിക്കണമെന്നല്ലേ പറയുന്നതു്?

ശ്രീ. കെ. കെ. വിശ്വനാഥൻ: 6 കൊല്ലം തുടർച്ചയായി കൃഷി ചെയ്തുവെന്നു തെളിയിക്കണം. അതിനുമുമ്പു കൃഷിചെയ്ത ആളെ മാററി ഈ തീയതിക്കു് കൃഷി ചെയ്തയാൾക്കു് സ്ഥിരാവകാശം കൊടുക്കണമെന്നു പറയുന്നതു് അനീതിയാണെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇവിടെ വെറും പാട്ടക്കാരനു് ഫിക്സിററി ഇല്ലായിരുന്നു. അവിടെയും ഈ പ്രിൻസിപ്പിൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇല്ല. വെറും പാട്ടക്കാരെ സംബന്ധിച്ചിടത്തോളം ഇതിനു മുമ്പുതന്നെ ഒന്നുകിൽ ഫിക്സിററി കൊടുത്തിട്ടുണ്ട്. അല്ലെങ്കിൽ ഫിക്സിററി കൊടുക്കണമെന്നുള്ള ഉദ്ദേശത്തിൽ അവരുടെ പേരിൽ എല്ലാ കേസ്സുകളും തടഞ്ഞു വച്ചിട്ടുണ്ട്. അതുകൊണ്ട് അവർ തുടർച്ചയായി കൈവശം വച്ച് കൃഷി ചെയ്തു വരികയാണ്.

Shri E. P. Poulose: Sir, I had moved amendment No. 299. Now I seek permission of the House to withdraw
12 Noon] Amendment No. 299 and to speak in support of Amendment No. 295 moved by Shri T. A. Thomman.

Mr. Speaker: Yes.

Shri E. P. Poulose: In part (ii) of the amendment I suggest that the words "varomdar who cultivates either by himself or by his predeces or in interest" may be added at the end. As regards the landlord this stipulation made. So in the case of varomdar, also it becomes necessary to add "either by himself or his predecessor in interest". If the other provision is necessary

LIBRARY ARCHIVES Kerala Legislative Assembly

this also is necessary. In the case of a varomdar, the possession on the 11th day of April 1957 shall be the criterion for conferring the right of ownership upon him. It is neither the logical nor sound view. Mr. E. P Gopalan has been complaining that it is very hard on the part of a varomdar who was in possession of a land on the 11th day of April 1957 to be completed to go before a Court to prove that he was in possession of land on the 11th of April 1957. He should also go to the Court to prove that he was in possession of land for a continuous period of six years. People who are in possession of land on the 11th day of April 1957 has been protected by the Stay of Eviction Proceedings Act. I say that such things should not be taken as the criterion to influence the House to decide the principle on which permanency of tenancy right is to be.

Secondly, as has been pointed out by Mr. Thommen, in certain cases neither the varomdar nor the owner of the land who gives the land on varom contemplated to give permanent rights to the varomdar. There may be sudden emergencies as that the owner himself may not have a pair of cattle for the agricultural operations in a particular season. All these contingencies will influence the landowner to entrust the plot of land for cultivation to another person. These eventualities will take place in future also. If the position is that even after coming into force of this Act the landowner is prevented from giving his land to another person for varom cultivation without the risk of that person getting permanent rights, I do not know why only because a person happens to be a varomdar on the 11th day of April 1957, he should be allowed permanent rights. But it may be asked is it not unjust that if a person continues as a varomdar for a period of six years, he is entitled to protection. My answer is this. Since the Stay of Eviction Act, 1948, it has been the practice of some jenmies to convert very many leases into varom tenancies. They thought that only leases would be entitled to special protection and that varom would be excluded. So there are very many instances where leases have been converted into varom tenancies after the Stay of Eviction Act of 1948. So, taking into consideration some of these cases, it is necessary to give some protection to varom tenants who have been so evicted. As Mr. Gopalan has pointed out, in this matter some concession ought to be shown to the tenants.

The other amendment that I have suggested relates to sub-clause (2). It says:

> "Notwithstanding anything contained in any law or in any contract, custom or usage to the contrary an Odacharthudar or a person claiming under him who was actually cultivating on the 11th day of April, 1957, the land or any portion of the land to which the odacharthu relates shall have fixity of tenure in respect of the land or the portion of the land so cultivated."

2/671/V.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

In this case also, after the 11th April 1957 transfers might have taken place. A person who was in bona fide possession of a property under an odacharthu might have transferred his tenure to another person. In such circumstances there is no reason why the new odacharthudar is not entitled to this protection. So I suggest that instead of limiting it to case of holdings possessed by an odacharthudar on the 11th day of April 1957, the following amendment may be accepted. Instead of "who was actually cultivating on the 11th day of April, 1957", the following may be substituted: "at the commencement of this Act", so that if actually a person is in possession of the holding under an odacharthu agreement on the date of commencement of this Act, that may be recognised as tenancy.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, എന്റെ 298-ാമത്തെ ഭേദഗതിയെ സംബന്ധിച്ചു് ഞാൻ സംസാരിക്കുകയാണു്. അതോടൊപ്പം ശ്രീ. തൊമ്മന്റെ (295-ാമത്തെ) ഭേദഗതിയെ ഞാൻ പിന്താങ്ങുകയും ചെയ്യുന്നു. വാരക്കാർക്കു് ഫിക്സിററി കൊടുക്കുമ്പോൾ, കുറഞ്ഞ പക്ഷം ആറു വർഷമെങ്കിലും അവരുടെ കൈവശത്തിൽ വാരം ഉണ്ടായിരിക്കണമെന്നുള്ളതാണു് എന്റെ പ്രധാനമായ ഭേദഗതി. ഭൂനയബില്ലിന്റെ പരിഗണനയിൽ നാം വളരെയധികം കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. അതിലേററവും പ്രധാനമായ കാര്യം കൃഷി ചെയ്യുന്ന കൈവശക്കാർക്കു് ഭൂമി കൊടുക്കുകയെന്നുള്ളതാണു്. അതിനെ പ്രതിപക്ഷത്തിരിക്കുന്ന ആരുംതന്നെ എതിർക്കുകയില്ലെന്നാണു് എന്റെ വിശ്വാസം. കുറച്ചുനാളെങ്കിലും, ഭൂമി കൈവശംവച്ചു് അനുഭവിച്ചു് കൃഷി ചെയ്യുന്നയാളിനെമാത്രമേ ടെനൻറായി സ്വീകരിക്കാവൂ എന്ന തത്വം നേരത്തെ സ്വീകരിക്കുവാൻ ഗവണ്മെൻറു് ശ്രമിച്ചിരുന്നെങ്കിൽ ഈ കുഴപ്പം ഉണ്ടാകുമായിരുന്നില്ല. കൈവശമുണ്ടായിരിക്കണം, ഉടമസ്ഥന്റെ അംഗീകാരത്തോടുകൂടിയുള്ള കൈവശവുമായിരിക്കണം. അങ്ങനെ കൈവശം ഉണ്ടായിരിക്കേണ്ടതു് രേഖാമൂലമായുള്ള കരാർ മുഖാന്തരമായിരിക്കണം. ഇതിനെ സംബന്ധിച്ചു് ചില ഭേദഗതികൾ ഞാൻ നേരത്തെ അയച്ചിരുന്നെങ്കിലും അതു് അവതരിപ്പിക്കുവാൻ എനിക്കു് സാധിച്ചില്ല.

സർ, തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഒരു വ്യത്യസ്തനിലയാണുള്ളതു്. ഇവിടെ കുടിയാന്മാർക്കു് സ്ഥിരാവകാശം കൊടുക്കണമെന്നുള്ളതു് രാഷ്ട്രീയപാർട്ടിക്കാർ എന്തു പറഞ്ഞാലുംശരി, തിരുവിതാംകൂറിലെ കൃഷിക്കാർക്കു് ഇന്നു് അതൊരു നൂതന ആശയമാണെന്നുള്ളതു് നിഷേധിക്കാൻ പാടില്ലാത്ത ഒരു വസ്തുതയാണു്. ഇന്നലെവരെ പാട്ടത്തിനോ, അല്ലെങ്കിൽ വാരത്തിനോ കൊടുത്തിരുന്ന ഭൂമി അയാളുടെ കൈവശത്തിൽനിന്നും മാറി, ഉടമസ്ഥാവകാശത്തിൽനിന്നും മാറി, കുടിയാനു് സ്ഥിരാവകാശമായി മാറുന്നു എന്നതു് തിരുവിതാംകൂറിൽ ഒരു പുത്തൻ ആശയമായിട്ടാണു് നിൽക്കുന്നതു്. ഇവിടെ നിയമം പാസ്സാക്കാം, ഒന്നോ രണ്ടോ പേരുടെ ഭൂരിപക്ഷമുണ്ടെങ്കിൽ, ഏതു പാർട്ടിക്കാർക്കു് വേണമെങ്കിലും നിയമം പാസ്സാക്കാം. പക്ഷേ, ഈ നിയമം പാസ്സാകുന്നപക്ഷം നാലഞ്ചു മാസത്തിനുള്ളിൽ ഈ രാജ്യത്തു് എന്തെല്ലാമാണു് നടക്കാൻ പോകുന്നതെന്നു് കണ്ടുതന്നെ അറിയണം. ഭൂനിയമത്തോടു് ഞാൻ എതിരല്ല. പക്ഷേ ഒരു ഭൂനിയമം ഉണ്ടാകുമ്പോൾ അതിനുമുമ്പുണ്ടായിരുന്ന പാരമ്പര്യത്തേയും, വിശ്വാസത്തേയും കണക്കിലെടുത്തുകൊണ്ടും അതേയവസരത്തിൽ കുടിയാനു് സ്ഥിരാവകാശവും, സംരക്ഷണവും ലഭിക്കുന്നതിനുള്ള ഉറപ്പു നൽകിക്കൊണ്ടുംവേണം നിയമം ഉണ്ടാക്കാൻ. അതിലേക്കുള്ള ഒരു ശ്രമമായിരിക്കണം നിയമകർത്താക്കൾക്കും, ഗവണ്മെൻറിനും ഉണ്ടാകേണ്ടതു്. സർ, 1954 മുതൽ മലബാറിലെ കുടിയാന്മാർക്കു് വസ്തുവിൽ സ്ഥിരാവകാശം കിട്ടിക്കാണും. അതുപോലെതന്നെ കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

യിലെ കുടിയാനവന്മാൎക്കും മുമ്പുതന്നെ കിട്ടിയിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂറിൽ ഇതു് പുത്തൻപ്രസ്ഥാനമാണു്. അങ്ങനെ പുത്തനായ ഒരു പ്രസ്ഥാനം കൊണ്ടുവരുമ്പോൾ സാധാരണക്കാരന്റെ വികാരങ്ങളെ ക്ഷോഭിപ്പിക്കുവാനും ഒരു സംഭ്രാന്തി ഉളവാക്കുവാനും പര്യാപ്തമായ ഒരു ബില്ലാണോ കൊണ്ടുവരേണ്ടതു്? ഒരു ഭാഗത്തുള്ള രാഷ്ട്രീയപാർട്ടികളിൽത്തന്നെ ഇക്കാര്യത്തെ സംബന്ധിച്ചു് വിവിധ അഭിപ്രായഗതികളും, വിവിധ വികാരഗതികളുമാണു് ഉള്ളതെന്നു് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ശ്രീ. കണാരൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ മന്ത്രി എതിർക്കുകയാണു്. ഇവിടെ കോവാപ്പറേറ്റീവ് ഫാമിംഗിനെപ്പററി ചോദിക്കുമ്പോൾ ഭൂമി നാഷനലൈസ് ചെയ്യണമെന്നു വാദിക്കുന്ന ഒരു പാർട്ടിയല്ലേ കോൺഗ്രസ്സ് പാർട്ടിയെന്നും, അവർ കോവാപ്പറേറ്റീവ് ഫാമിംഗിനെപ്പററി ഇത്ര വീറോടു വാദിക്കുന്നതെന്തിനാണെന്നും, എതിർപക്ഷത്തുനിന്നും ചോദിക്കുകയുണ്ടായി. ഗോപിനാഥപിള്ള ഉൾപ്പെടെയുള്ള ഇവിടത്തെ കോൺഗ്രസ്സ്പാർട്ടി ഭൂമി നാഷനലൈസ് ചെയ്യണമെന്നു് പറയുന്നില്ല. അപ്പുറം ചിന്താക്കുഴപ്പങ്ങൾ എവിടെയും ഉണ്ടു്. ഒരു പാട്ടക്കാരനു് വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുമ്പോൾ എന്തുകൊണ്ടു് അതു് വാരക്കാരനു് കൊടുക്കുന്നില്ലെന്നാണു് ശ്രീ. ഈ. ചന്ദ്രശേഖരൻനായരുടെ ചോദ്യം. എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ കുറച്ചു കാലത്തേക്കുമാത്രം ഒരു വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്ന ഒരു പാട്ടക്കാരനു് ആ വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുവാൻ പാടില്ല എന്ന വിചാരമായിരുന്നു എനിക്കു് ആദ്യകാലത്തുണ്ടായിരുന്നതു്. പക്ഷേ, ഇപ്പോൾ ഞാൻ അങ്ങനെ പറയുന്നില്ല. എന്നാൽ വാരക്കാരനെ സംബന്ധിച്ചു് നില അതല്ല. യാതൊരു കോടതിയുമോ, നിയമസംഹിതയോ, വാരക്കാരന്റെ പൊസഷനെ സംബന്ധിച്ചു് വസ്തുവിൽ സ്ഥിരതയുണ്ടെന്നു് പറഞ്ഞിട്ടില്ല. പാട്ടക്കാരനാണെങ്കിൽ വസ്തുവിന്മേലുള്ള കൈവശാവകാശം അവനാണു്. നേരെമറിച്ചു്, വാരക്കാരനു് ആ വസ്തുവിൽ ലീഗലായ പൊസഷൻ ഇല്ല. ആ വസ്തുവിൽ നൈയാമികമായ കൈവശാവകാശമുള്ളതു് വസ്തു ഉടമസ്ഥനാണു്. കോടതികൾ അങ്ങനെയാണു് അഭിപ്രായപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടാണു് ഞാൻ പറയുന്നതു്, വാരക്കാരെ സംബന്ധിച്ചു് പാട്ടക്കാരിൽനിന്നും വ്യത്യസ്തമായ രീതിയിൽ പരിഗണിക്കേണ്ടതുണ്ടെന്നു്. താൽക്കാലികമായി വസ്തു കൈവശം വച്ചു് കൃഷി ചെയ്യുക എന്ന തത്വത്തെ മുറുകെ പിടിച്ചാലും ശരി, വാരക്കാരനെ സംബന്ധിച്ചിടത്തോളം ആ തത്വം മുറുകെ പിടിക്കേണ്ട ആവശ്യമില്ല. എല്ലാ വാരക്കാരേയും സംബന്ധിച്ചിടത്തോളം ഇങ്ങനെ വേണമെന്നു് ഞാൻ പറയുന്നില്ല. സ്വകാര്യവ്യക്തികളുടേതല്ലാത്ത വാരക്കാൎക്കു് ഈ തത്വം നിഷ്കർഷയായി പാലിക്കേണ്ടതുണ്ടു്. ഒരു മതസ്ഥാപനത്തെ സംബന്ധിച്ചാകട്ടെ, ദേവസ്വങ്ങളെ സംബന്ധിച്ചാകട്ടെ എന്റെ ഭേദഗതി ബാധകമാക്കണമെന്നു് എനിക്കഭിപ്രായമില്ല. വ്യക്തികളുടേതല്ലാത്ത സ്ഥാപനങ്ങളുടെയും, ദേവസ്വങ്ങളുടെയും മററും വകയായുള്ള ഭൂമി കൃഷി ചെയ്യുന്ന വാരക്കാരെ സംബന്ധിച്ചിടത്തോളം ആറു കൊല്ലത്തെ കൃഷി ചെയ്യണം എന്ന വ്യവസ്ഥ വേണമെന്നു ഞാൻ പറയുന്നില്ല. കാരണം മതസ്ഥാപനങ്ങൾക്കു് ഈ ഭൂമിപോയാലും അതിന്റെ ആവശ്യത്തിനു് മതിയാംവണ്ണം പണം വേറെ വിധത്തിൽ കൈവശം വരുമെങ്കിൽ വലിയ കുഴപ്പങ്ങളൊന്നുമില്ല. സാധാരണക്കാരുടെ വൈകാരികമായ ചൈതന്യത്തെ ബന്ധിക്കുന്ന കാര്യമാണു് ഭൂമി കൈവശം വിട്ടുപോവുകയെന്നതു്. വ്യക്തിയുടെ കീഴിലുള്ള വാരക്കാരെ സംബന്ധിച്ചിടത്തോളം സ്ഥിരാവകാശം കൊടുക്കുമ്പോൾ കുറഞ്ഞതു് 1957 ഏപ്രിൽ 11-ാം തീയതിക്കുമുമ്പു് തുടർച്ചയായി ആറു വർഷക്കാലമെങ്കിലും കൈവശം വച്ചിരിക്കണമെന്നുള്ള ഒരു തത്വം സ്വീകരിക്കണം. ഈ സമ്മേളനത്തിൽതന്നെ ഈ ബിൽ പാസ്സായി ഉടനെ നടപ്പിലായിക്കാണണമെന്നാഗ്രഹിക്കുന്ന ഒരാളാണു ഞാൻ. പക്ഷേ ഈ രാജ്യത്തെ സാധാരണക്കാരുടെ വികാരത്തെ മാനിക്കാതെ ഒരു ഭൂനയബിൽ പാസ്സാക്കുകയാണെങ്കിൽ, ഈ തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രക്ഷോഭണം ഉണ്ടാകുന്നതാണു്. വലിയ പ്രക്ഷോഭണം ഉണ്ടായി അതിനെ തടയുവാൻ ആ കാർത്തരീതിയിൽ [illegible]

2/671/V

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

നടമാട്ടുവാൻ നിങ്ങൾക്കാഗ്രഹമില്ലെങ്കിൽ ഈ രീതിയിലുള്ള ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് എല്ലാവർക്കും സ്വീകാര്യമായ നിലയിൽ ഒരു നിയമം നിർമ്മിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. സി. എ. മാത്യു: സർ, ശ്രീ. ടി. എ. തൊമ്മൻ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഭേദഗതിയെ അനുകൂലിച്ച് സംസാരിക്കുന്നതിനുമുമ്പ്, എനിക്കുമുമ്പ് ഇവിടെ പ്രസംഗിച്ച ശ്രീ. ഗോപിനാഥപിള്ള പ്രകടമാക്കിയ പല അഭിപ്രായങ്ങളോടും ഈ ഭാഗത്തുള്ള ആളുകൾക്ക് യോജിപ്പില്ലെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഭൂമി പാട്ടമായും കൈവശമുള്ളവർക്ക് സ്ഥിരാവകാശം കൊടുക്കണമെങ്കിൽ കൂടുതൽ കാലം ആ ഭൂമി കൈവശം വച്ചിട്ടുണ്ടായിരിക്കണം എന്നുള്ളത് എന്റെ വ്യക്തിപരമായ ഒരു ചിന്താഗതിയാണ്. അതുപോലെ മററു ഭൂനയസംബന്ധമായിട്ടുള്ള പല നടപടിക്രമങ്ങളെ സംബന്ധിച്ചും അദ്ദേഹം ഇവിടെ ഉന്നയിച്ച അഭിപ്രായങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിപരമായിട്ടുള്ള അഭിപ്രായങ്ങളായിട്ടുമാത്രമേ പരിഗണിക്കുവാൻ പാടുള്ളു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: വ്യക്തിപരമായ അഭിപ്രായങ്ങളാണെന്ന് പറഞ്ഞിട്ടാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കരയോഗത്തിന്റെ അഭിപ്രായമാണോ?

ശ്രീ. സി. എ. മാത്യു: അതെനിക്കറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ അഭിപ്രായമാകാം.

ശ്രീ. എം. നാരായണക്കുറുപ്പ്: കരയുന്ന യോഗത്തിന്റെ അഭിപ്രായമാണ്.

ശ്രീ. സി. എ. മാത്യു: അദ്ദേഹം പറഞ്ഞ അഭിപ്രായം അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമാണെന്ന് ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. വാരക്കാരെ സംബന്ധിച്ചിടത്തോളം 6 വർഷക്കാലം തുടർച്ചയായി ഭൂമി കൈവശം വച്ച് കൃഷി ചെയ്ത ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കാവു എന്ന ഭേദഗതി ഈ ഭാഗത്തുനിന്ന് അവതരിപ്പിക്കുമ്പോൾ നിയമം നിർമ്മിക്കുന്ന ആ ഭാഗത്തുള്ള ആളുകൾ പറയുന്നു ഒരു കൊല്ലമെങ്കിലും പാട്ടമായും വസ്തു കൈവശം വച്ചിട്ടുള്ള ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കുവാൻ പാടുള്ളു എന്ന്. വാരക്കാരെ സംബന്ധിച്ചിടത്തോളം ഒരു കൊല്ലത്തിൽ കൂടുതൽ ആ അവകാശം വേണമെന്നു പറയുന്നതു് എന്തു പരിഗണനവച്ചുകൊണ്ടാണെന്ന് ചോദിക്കുകയുണ്ടായി.

വാരവും പാട്ടവും സംബന്ധിച്ചുള്ള വ്യത്യാസത്തെ സംബന്ധിച്ച് പലതും ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. പാട്ടത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ പാട്ടത്തിന് വാങ്ങുന്ന ആൾക്ക് വസ്തുവിൽ പരിപൂർണ്ണമായ കൈവശാവകാശമുണ്ട്. എന്നാൽ വാരത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വസ്തു ഉടമസ്ഥനും, വാരക്കാരനും കൂട്ടായിട്ടുള്ള കൈവശമാണ് ഉള്ളതെന്നാണ് നിയമവിദഗ്ദ്ധന്മാരുടെ അഭിപ്രായം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അതു് അംഗീകരിക്കുന്നുണ്ടോ?

ശ്രീ. സി. എ. മാത്യു: നോട്ടീസ് വേണം. (ചിരി). അങ്ങനെ ഒരു റൂളിംഗ് വരെ ഹൈക്കോടതിയിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ നിയമവശത്തെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. അതിന്റെ നിയമവശത്തെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടാവാം. പാട്ടവും വാരവും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ടെന്നുള്ളതു് തീർച്ചയാണ്. അതുപോലെ ഈ നാട്ടിലെ വാരക്കാരെ സംബന്ധിച്ചിടത്തോളവും, പാട്ടക്കാരെ സംബന്ധിച്ചിടത്തോളവും എത്ര[illegible]

ലാണ് അങ്ങനെ ഒരവകാശം ഉണ്ടായിട്ടുള്ളത് എന്ന് നാം ചിന്തിക്കേണ്ടതാണ്. സാധാരണ ഒരു വസ്തു ഉടമസ്ഥന് എക്കാലത്തും കൃഷി ചെയ്യുവാൻ സൗകര്യമില്ലാതെ വരുമ്പോഴാണ് പാട്ടത്തിന് കൊടുക്കുന്നത്. തൊടുപുഴ, മീനച്ചിൽ, മൂവാറ്റുപുഴ മുതലായ സ്ഥലങ്ങളിൽ ഉടമസ്ഥന് കൃഷി ചെയ്യുവാൻ സൗകര്യമില്ലാതെ വരുമ്പോൾ വസ്തു പാട്ടത്തിന് കൊടുത്ത് ആ പാട്ടം കൊണ്ട് അയാളുടെ കുടുംബം ജീവിക്കുവാൻ മാർഗ്ഗം നേടുകയാണ് ചെയ്യുന്നത്. വാരത്തിനു കൊടുക്കുന്നത് അങ്ങനെയല്ല. സന്ദർഭവശാൽ രണ്ടോ മൂന്നോ കൊല്ലം കൃഷി നേരിട്ട് ചെയ്യുവാൻ നിവൃത്തിയില്ലാതെ വരുമ്പോഴാണ് വാരത്തിന് കൊടുക്കുന്നത്. വിത്ത്, അതുപോലെ വളം മുതലായവ വാരക്കാരന് കൊടുത്ത് വാരത്തിന് കൃഷി നടത്തുന്ന വസ്തു ഉടമസ്ഥന്മാരുണ്ട്. മറ്റൊരു സംഗതി വാരക്കാരെ സംബന്ധിച്ചിടത്തോളമുണ്ട്. വസ്തു ഉടമസ്ഥന് നേരിട്ട് തേവി കൃഷി ചെയ്യുവാൻ സൌകര്യക്കുറവ് ഉള്ളതുകൊണ്ട് കൃഷി വാരത്തിന് ഏല്പിച്ച് നടത്തിക്കുന്നുണ്ട്. കൃഷിയെ സംബന്ധിച്ചുള്ള ചുമതലകൾ മൊത്തത്തിൽ വസ്തു ഉടമസ്ഥനുകൂടി ഉണ്ടായിരിക്കത്തക്ക വിധത്തിൽ കൃഷി നടത്തുകയാണ്. വാരക്കാരനും, വാരകൃഷി ഉടമസ്ഥനും കൈവശാവകാശത്തെ സംബന്ധിച്ചിടത്തോളം ചില അവകാശമുണ്ട്. പാട്ടക്കാരൻ ഒരു കൊല്ലം വസ്തു കൈവശം വച്ച് കൃഷി ചെയ്യണം എന്നു പറയുന്നുണ്ട്. അതുപോലെ വാരക്കാരൻ ആറു വർഷം തുടർച്ചയായി കൃഷി ചെയ്യണമെന്നുള്ള തത്വം സ്വീകരിക്കണമെന്നാണ് പറയുന്നത്. അതിൽ എന്തു തത്വമാണ് അടങ്ങിയിട്ടുള്ളത് എന്നു ചോദിച്ചാൽ, അതിൽ അടങ്ങിയിട്ടുള്ള തത്വം ഞാൻ നേരത്തെ പറഞ്ഞതിൽനിന്ന് വ്യക്തമാകും എന്നു വിശ്വസിക്കുന്നു. വസ്തു ഉടമസ്ഥനെ സംബന്ധിച്ചിടത്തോളം തുടർച്ചയായി കൃഷി ചെയ്യുവാനുള്ള സൗകര്യം ഇല്ലാ എന്നുള്ള നിലയിൽ ഉടമസ്ഥന്റെ അവകാശം നഷ്ടപ്പെടാത്ത വിധത്തിൽ ആണ് വാരത്തിന് കൊടുക്കുന്നത്. ആറു കൊല്ലം ഒരാൾ തുടർച്ചയായി വാരത്തിന് കൊടുത്താൽ പിന്നീട് ആ വസ്തു വീണ്ടെടുത്ത് കൃഷി ചെയ്യാനുള്ള അവകാശം വസ്തു ഉടമസ്ഥന് ഉണ്ടായിരിക്കരുത്. ആറു കൊല്ലം തുടർച്ചയായി ഒരു വാരക്കാരൻ കൃഷി ചെയ്തുകഴിയുമ്പോൾ അങ്ങനെയുള്ള വാരക്കാരന് ഒരു പ്രത്യേക പരിഗണന നൽകണം. എന്നു കരുതിയാണ് ഇങ്ങനെ പറയുന്നത്. 1957 ഏപ്രിൽ 11-ാം തീയതിക്കുമുമ്പ് വാരകൃഷി നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുത്തിരിക്കുകയാണ്. ചിലപ്പോൾ ആ തീയതിക്ക് കൃഷിയുണ്ടായിരുന്ന ആളുകൾക്ക് ഇന്ന് കൃഷി ഉണ്ടായിരിക്കുകയില്ല. അതിനുമുമ്പ്, രണ്ടുകൊല്ലം മുമ്പ് ഒരാൾ കൃഷി ചെയ്തിരുന്നു. അതിനുശേഷം ആ വസ്തു പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ ആർക്കാണ് അതിൽ സ്ഥിരാവകാശം കിട്ടുന്നത് എന്ന് ഈ ക്ലാസ്സ് വച്ച് നിർണ്ണയിക്കുവാൻ പ്രയാസമാണ്. ഈ രണ്ടുകൊല്ലക്കാലത്തിനിടയ്ക്ക് ഒരാൾക്ക് വാരത്തിനോ, പാട്ടത്തിനോ കൊടുക്കുകയാണെങ്കിൽ ആർക്കാണ് സ്ഥിരാവകാശം കൊടുക്കേണ്ടത് എന്നുള്ളതും ഇവിടെ വ്യക്തമല്ല.

ശ്രീ. ഇടിക്കുള: ഇപ്പോൾ ആ കൃഷി വാരത്തിന് കൃഷി ചെയ്യുന്നോ, പാട്ടത്തിന് കൃഷി ചെയ്യുന്നോ എന്നു നോക്കി കൃഷി ചെയ്യുന്നതനുസരിച്ചുള്ള അവകാശം കൊടുക്കുന്ന കാര്യത്തെപ്പററി അന്വേഷിക്കാമോ?

ശ്രീ. സി. ജെ. മാത്യു: വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു. (ചിരി)

ശ്രീ. സി. സി. അപ്പുപ്പൻ: 'നോട്ടീസ് വേണം' എന്നു പറഞ്ഞത് മന്ത്രി എന്നുള്ള നിലയിലാണോ?

ശ്രീ. സി. ജെ. മാത്യു: ഇവിടെ നടക്കുന്ന പതിവ് അനുസരിച്ചു പറഞ്ഞുവെന്നേയുള്ളു. വാരക്കാരെ സംബന്ധിച്ചിടത്തോളവും പാട്ടത്തെ സംബന്ധിച്ചിടത്തോളവും വ്യത്യസ്തമായ പരിഗണന വയ്ക്കേണ്ടത് ആവശ്യമാണ്. വാരത്തിന് കൊടുക്കുന്നത് പ്രത്യേക ചില മുററുപാട്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ്. അതുകൊണ്ട് ആറു കൊല്ലം തുടർച്ചയായി വാരത്തിന് കൃഷി ചെയ്യുന്ന ആളുകൾക്ക സ്ഥിരാവകാശം കൊടുക്കാവൂ. മതസ്ഥാപനങ്ങളുടെ വസ്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

ക്കാം വാരത്തിന് കൃഷി ചെയ്യുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കണം എന്നു പറയുന്നുണ്ട്. നേരിട്ട് കൃഷി ചെയ്യുവാനുള്ള സൗകര്യം മതസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകയില്ല. അതുകൊണ്ട് മതസ്ഥാപനങ്ങളുടെ വസ്തുക്കൾ കൃഷി ചെയ്യുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കുന്നതിൽ വിരോധമില്ല.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: പാവപ്പെട്ട മതസ്ഥാപനങ്ങളെ എന്തിനാണ് ഉപദ്രവിക്കുന്നത്?

ശ്രീ. സി. എ. മാത്യു: വാരത്തിന് കൊടുക്കുന്നതും പാട്ടത്തിന് കൊടുക്കുന്നതും വ്യത്യസ്തമായ പരിഗണന വച്ചുകൊണ്ടാണെന്ന് ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. മതസ്ഥാപനത്തിന് നേരിട്ട് കൃഷി ചെയ്യുവാൻ സാദ്ധ്യമല്ല. ആരെക്കൊണ്ടെങ്കിലും കൃഷി ചെയ്യിച്ചേ പറ്റുകയുള്ളു. അതുകൊണ്ട് മതസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വാരത്തിന് കൃഷി നടത്തുന്ന ആളുകൾക്ക് സ്ഥിരാവകാശം കൊടുക്കുകയും സീലിംഗിന് മീതെ ഉള്ള ആളുകളുടെ വാരക്കാരനാണെങ്കിൽ, ഒരു കൊല്ലം കൃഷി ചെയ്തിട്ടുള്ള വാരക്കാരനാണെങ്കിൽ സ്ഥിരാവകാശം കൊടുക്കുകയും സീലിംഗിന് താഴെയുള്ള വാരക്കാരെ സംബന്ധിച്ചിടത്തോളം തുടർച്ചയായി ആറു കൊല്ലം കൃഷി ചെയ്തിരിക്കണം എന്ന വ്യവസ്ഥ അംഗീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: സർ, ആറുകൊല്ലം തുടർച്ചയായി വാരക്കൃഷി നടത്തുന്ന ആളുകൾക്കേ സ്ഥിരാവകാശം കൊടുക്കാവൂ എന്നുള്ള ഭേദഗതിയെ എതിർക്കുന്നതിന് എനിക്കതിയായ സന്തോഷമുണ്ട്. ശ്രീ. ടി. എ. തൊമ്മൻ ഈ കാര്യത്തെപ്പറ്റി പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഈ ആറു കൊല്ലം എന്നു പറയുന്നതിൽ 6-ന്റെ വിശുദ്ധി എന്താണെന്നു പറയാമോ എന്ന് ഞാൻ ചോദിച്ചതിന് തൃപ്തികരമായി ഉത്തരം പറയാതെ അദ്ദേഹം ഉരുണ്ടുകളിക്കുകയാണുണ്ടായത്. ആറു വർഷം തുടർച്ചയായി കൈവശമുള്ള വാരംദാരന്മാർക്ക് സ്ഥിരാവകാശം കൊടുക്കാമെന്ന് വളരെ ഔദാര്യപൂർവ്വം സമ്മതിക്കുന്ന കോൺഗ്രസ്സ് സുഹൃത്തുക്കളുടെ സമ്മതത്തിന്റെ പിന്നിൽ യാതൊരു ആത്മാർത്ഥതയും കാണാൻ കഴിയുന്നില്ല. 1955-ൽ പ്ലാനിംഗ് കമ്മിഷന്റെ ലാൻഡ് റിഫാം പാനലി (Land Reform Parnel)-ലെ അംഗങ്ങൾ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചപ്പോൾ വാരക്കൃഷിക്കാർക്ക് സ്ഥിരാവകാശം കൊടുക്കുന്ന കാര്യത്തെപ്പറ്റി അന്നത്തെ മന്ത്രിമാരുമായി ചർച്ച നടത്തുകയുണ്ടായി. വാരംദാർക്ക് സ്ഥിരാവകാശം യാതൊരു കാരണവശാലും അനുവദിച്ചുകൂടാ എന്ന് അന്നത്തെ മന്ത്രിമാർ ഏകകണ്ഠമായി അഭിപ്രായപ്പെടുകയാണുണ്ടായത്. ഇക്കാര്യത്തെപ്പറ്റി ലാൻഡ് പാനൽ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം ശ്രീ. ഇ. പി. പൗലോസിന്റെ മുമ്പിൽ ഇപ്പോൾ ഇരിക്കുന്ന പുസ്തകത്തിന്റെ താളുകൾ മറിച്ചുനോക്കിയാൽ കാണാൻ കഴിയുന്നതാണ്.

ശ്രീ. ഇ. പി. പൗലോസ്: എന്റെ മുമ്പിൽ ഒരു പുസ്തകം ഇരിക്കുന്നു; ഇരിക്കുന്ന പുസ്തകം വേറെയാണ്.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: ശ്രീ. പൗലോസ് പറയുന്നത് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ മുൻവശം ഇരിക്കുന്ന പുസ്തകം ലാൻഡ് പാനലിന്റെ റിപ്പോർട്ടാണെന്നാണ് ഞാൻ ധരിച്ചത്. എന്നാൽ ആ റിപ്പോർട്ട് ലൈബ്രറിയിലുണ്ട്. ആ റിപ്പോർട്ട് കാണാത്തതുകൊണ്ടായിരിക്കും ശ്രീ. പൗലോസ് വാരംദാരുടെ താല്പര്യത്തിനെതിരായി ഇവിടെ സംസാരിച്ചതെന്ന് ഞാൻ കരുതുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: എന്തഭിപ്രായമാണ് അതിൽ പറഞ്ഞിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: വാരംദാരക്ക് സ്ഥിരാവകാശം കൊടുക്കുന്നതിന് കാൺഗ്രസ്സ് മന്ത്രിമാർ എതിരായിരുന്നു എന്ന്. അങ്ങനെ വാരംദാരുടെ താല്പര്യങ്ങൾക്കെതിരായി എപ്പോഴും നിന്നിട്ടുള്ള ഒരു കക്ഷി ഇപ്പോൾ 'ആറു വർഷ ന്യായവും' കൊണ്ടുവരുന്നതു് എത്രത്തോളം ആത്മാർത്ഥതയോടുകൂടിയാണെന്ന് സ്വയം ചോദിച്ചാൽമതി. സർ, ഈ ആറു വർഷം തുടർച്ചയായി കൃഷിചെയ്തിരിക്കണമെന്നുള്ള കണ്ടിഷൻകൊണ്ട് ഒററ വാരംദാർക്കുപോലും പ്രയോജനം സിദ്ധിക്കുകയില്ലെന്ന് മററാരെയുംകാൾ നല്ലവണ്ണം അറിയാവുന്ന ആളാണ് ശ്രീ. വിശ്വനാഥൻ.

ശ്രീ. കെ. കെ. വിശ്വനാഥൻ: പത്തു വർഷം എന്ന് ആദ്യം ഈ ബില്ലിൽ വച്ചിരുന്നതു് ആത്മാർത്ഥതയില്ലാത്തതുകൊണ്ടാണോ?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: അതു് കരടു ബില്ലിലല്ലേ? ശ്രീ. ടി. എ. തൊമ്മൻ വാരക്കൃഷിക്കാർക്ക് എതിരായി ഇവിടെ വാദിച്ചതു് വളരെ ആത്മാർത്ഥമായിട്ടാണ്. സ്വന്തമായ കുറച്ചു ഭൂമി വാരക്കൃഷിക്ക് മററാരെ ഏല്പിച്ചിട്ട് വക്കീൽപ്പണിക്കു പോകുന്ന അദ്ദേഹത്തിനു് യുക്തമെന്നു തോന്നുമ്പോൾ വാരക്കൃഷിക്കാരനെ ഒഴിപ്പിക്കാനായി ചെല്ലുന്ന അവസരത്തിൽ വാരക്കൃഷിക്കാരൻ തനിക്കു് ഭൂമിയിൽ സ്ഥിരാവകാശം ഉണ്ടെന്നും മററും പറഞ്ഞാൽ എങ്ങനെ സഹിക്കാൻ കഴിയും?

ശ്രീ. ടി. എ. തൊമ്മൻ: വക്കീൽപ്പണിയെക്കാൾ കൃഷിയാണു് പ്രധാനം.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: അദ്ദേഹത്തിനു പേരിനുമാത്രമേ വക്കീൽപ്പണിയുള്ളു എന്നറിയിച്ചതിനു നന്ദി. സർ, അദ്ദേഹത്തിനു പ്രത്യേകമായി ചില സൗജന്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതിൽ എനിക്കു് യാതൊരു പരാതിയുമില്ല. പക്ഷേ, ശ്രീ. വിശ്വനാഥന്റെ യുക്തിയാണു് എനിക്കു് ദുർഗ്രഹമായിത്തീർന്നിരിക്കുന്നതു്. ഒരു വാരക്കാരനെ സംബന്ധിച്ചിടത്തോളം ഒരു വർഷം കൈവശംവച്ചിരുന്നു എന്ന വസ്തുത തെളിയിക്കാൻ പ്രയാസമുള്ളതുകൊണ്ട് "ആറു വർഷം തുടർച്ച"യായി കൈവശമുള്ളവർക്കു മാത്രം സ്ഥിരാവകാശം കിട്ടണമെന്നാണ് അദ്ദേഹത്തിന്റെ വാദം. സാക്ഷികളെയും മററും ട്രൈബ്യൂണലിന്റെ മുമ്പാകെയോ, കോടതിയിലോ കൊണ്ടുപോയി കൈവശാവകാശം തെളിയിക്കുക എന്നതു് പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ദുർവ്വഹമായ ഒരു കാര്യമാണു്. എന്നാൽ ഒരു വർഷം കൈവശമായിരുന്നു എന്ന വസ്തുത ബോദ്ധ്യപ്പെടുത്താൻ നിവൃത്തിയില്ലാത്ത ഒരുവനു് എങ്ങനെ ആറു വർഷം തുടർച്ചയായി കൈവശം ഉണ്ടായിരുന്നുവെന്നു് തെളിയിക്കുവാൻ കഴിയുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. സർ, നമ്മുടെ നാട്ടിൽ ഭൂപരിഷ്കരണനിയമം വരാൻപോകുന്നു എന്നു കേൾക്കാൻ തുടങ്ങിയിട്ടു് കുറച്ചുകാലമായി. ഇതിനെ മുന്നു് സ്വാർത്ഥമതികളായ ഒട്ടേറെ ഭൂവുടമകൾ ഒട്ടേറെ ഒഴിപ്പിക്കലുകൾ നടത്തിയിട്ടുണ്ടു്. എല്ലാ സംസ്ഥാനങ്ങളിലും ഈ അനുഭവം ഉണ്ടായിട്ടുണ്ടു്. ഒഴിപ്പിക്കൽ നിരോധിക്കപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിൽതന്നെ നടത്തിയിട്ടുള്ള അന്വേഷണങ്ങളുടെ ഫലമായി വൻതോതിലുള്ള ഒഴിപ്പിക്കലുകൾ നടന്നിട്ടുള്ളതായി ലാൻഡ് റീഫോം പാനൽ അതിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. പഞ്ചാബിലും പെപ്സുവിലും ഒഴിപ്പിക്കൽ നിരോധനത്തെ അവഗണിച്ചു് ഒഴിപ്പിക്കലുകൾ നടന്നിട്ടുണ്ടു്. ബീഹാറിലും പശ്ചിമബംഗാളിലും ക്രാപ്പ് ഷെയറേഴ്സിനെ (Crop Sharers) ഒഴിപ്പിച്ചിട്ടുണ്ടു്. ബോംബെയിൽ 1948-നും 1951-നും ഇടയ്ക്കു് പ്രൊട്ടക്റ്റഡ് ടെനൻറ് (Protected tenants)-സിന്റെ എണ്ണം 17 ലക്ഷത്തിൽനിന്നും 13.6 ലക്ഷമായി കുറഞ്ഞു. അതായതു്, ഇരുപതു ശതമാനം കുറവു്. പ്രൊട്ടക്റ്റഡ് ടെനൻസിന്റെ കൈവശമുള്ള ആകെ ഭൂമിയിൽ അവിടെ 18 ശതമാനത്തോളം കുറവുണ്ടായി. ഹൈദ്രാബാദ് ഗവൺമെന്റ് നടത്തിയിട്ടുള്ള അന്വേഷണത്തിൽ 1951 മുതൽ 1955 വരെയുള്ള കാലഘട്ടത്തിൽ പ്രൊട്ടക്റ്റഡ് ടെനൻറ്സിന്റെ എണ്ണവും അവരുടെ കൈവശമുള്ള ഭൂമിയും യഥാക്രമം 57 ശതമാനവും 59 ശതമാനവും നിരക്കിനു് കുറഞ്ഞതായി വെളിപ്പെടുകയുണ്ടായി.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവനന്തപുരത്തെ വാരംദാരന്മാരുടെ കണക്ക് രേഖപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ക്രോപ്പ് ഷെയറേഴ്സിനു ബംഗാളിൽ അവകാശം കൊടുത്തിട്ടുണ്ടെന്നറിയാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതിനകത്തു പല ന്യൂനതകളുമുണ്ട്.

ശ്രീ. സി. എ. മാത്യു: മദ്രാസിലെ കണക്കനുസരിച്ച് എത്ര ശതമാനം കുറഞ്ഞിട്ടുണ്ട്?

ശ്രീ. ടി. എ. തൊമ്മൻ: നമ്മുടെ ഗവണ്മെന്റ് ഇവിടെ അധികാരത്തിൽ വന്നതിനുശേഷം എത്രയെണ്ണം ഒഴിപ്പിച്ചിട്ടുണ്ടെന്നു പറയാൻ സാധിക്കുമോ?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ. സാവകാശം ലഭിക്കുന്നപക്ഷം ലഭ്യമായ എല്ലാ കണക്കുകളും ഞാൻ പറയാം. നമ്മുടെ സംസ്ഥാനത്തു ഇക്കാര്യത്തിൽ പ്രത്യേകിച്ച് ഒരു സർവ്വെ നടന്നിട്ടുള്ളതായറിവില്ല. ഏതായാലും ഇവിടെയും ഒഴിപ്പിക്കലുകൾ നടന്നിട്ടുണ്ടെന്നുള്ളതു് തർക്കമററ സംഗതിയാണ്. ഇവിടുത്തെ വലിയ ഉടമകളും മോശക്കാരാവാൻ തരമില്ലല്ലോ. അക്കണക്കിനു് തുടർച്ചയായി ആറു വർഷം കൈവശം വച്ചിരിക്കുക എന്ന ഒരു മുന്നുപാധി സ്വീകരിക്കുന്നതു് വാരംദാരെ സംബന്ധിച്ചിടത്തോളം തീർത്തും ദോഷകരമായി പരിണമിക്കുകയേ ഉള്ളു. അപ്പോൾ ആറുവർഷമെന്നു് കട്ടംപിടി പിടിക്കുന്നതു് വാരംദാർക്കു് ഫിക്സിററി കൊടുക്കരുതെന്നു് മറെറാരു വിധത്തിൽ പറയലാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ബില്ലിൽ ആദ്യം പത്തുവർഷം എന്നെഴുതിയതു് എന്തുദ്ദേശത്തോടുകൂടിയാണ്?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: കരടുബില്ല് പൂർണ്ണമായിരുന്നു എന്നു് ആരും അവകാശപ്പെടുന്നില്ലല്ലോ. അതുകൊണ്ടു തന്നെയാണല്ലോ ബില്ലിന്റെ സമഗ്രമായ പരിശോധനയ്ക്കു് സെലക്റ്റ് കമ്മിററിയെ ഏർപ്പെടുത്തിയതു്. അതുപോലെതന്നെ സർ, കഴിഞ്ഞപ്രാവശ്യം ഞാൻ കുടികിടപ്പുകാരുടെ അവകാശങ്ങളെപ്പററി സംസാരിച്ചപ്പോൾ പറഞ്ഞ ചില കാര്യങ്ങൾ ഇവിടെ ഒന്നുകൂടി ആവർത്തിക്കുകയാണ്. ഉടമാവകാശത്തിനു് രണ്ട് ആസ്പെക്റ്റ്സ് (aspects) ഉണ്ട്. ഒന്നു് പൊസിഷന (possession) മായി ബന്ധപ്പെട്ടതും മററൊന്നു് ഇൻകം (Income) മായി ബന്ധപ്പെട്ടതും. ഒരു വസ്തു ഉടമസ്ഥൻ തന്റെ വസ്തു വാരത്തിനോ, പാട്ടത്തിനോ മറെറാരാളെ ഏല്പിച്ചാൽ അയാളുടെ കൈവശാവകാശത്തിൽ വാരക്കാരനെയോ പാട്ടക്കാരനെയോ പങ്കാളിയാക്കുകയാണ് ചെയ്യുക. അങ്ങനെ പൊസ്സഷൻ ഷെയർ ചെയ്തു കഴിഞ്ഞതിനുശേഷം പ്രസ്തുത വാരക്കാരനെയോ പാട്ടക്കാരനെയോ നിർദ്ദാക്ഷിണ്യം ഒഴിപ്പിക്കുവാൻ ശല്യം ചെയ്യുന്നതിനുള്ള അവകാശം വേണമെന്നു പറയുന്നതു് ധാർമ്മികമായി തെററായ ഒരു വാദഗതിയാണ്. ഈ വാരക്കാരന്റെയോ, പാട്ടക്കാരന്റെയോ ന്യായമായ അവകാശങ്ങൾക്കു വിധേയമായി മാത്രമേ വസ്തു ഉടമസ്ഥന്റെ അവകാശങ്ങളെ പരിഗണിക്കാൻ പാടുള്ളു.

[Deputy Speaker in the Chair]

സർ, ശ്രീ. തൊമ്മന്റെ ഉദാഹരണംതന്നെ എടുക്കാം. അദ്ദേഹം എം. എൽ. എ. ആയി തിരഞ്ഞെടുക്കപ്പെട്ട് തിരുവനന്തപുരത്തേക്കു പുറപ്പെടുന്നതിനു മുമ്പാണ് തന്റെ നിലം വാരക്കൃഷിക്കു് മറെറാരാളെ ഏല്പിക്കുന്നതു്. ഇപ്പോൾ ചിലർ ആരംഭിച്ചിരിക്കുന്ന ഏതോ 'കതിരപ്രക്ഷോഭണം' വഴിയി ല്ലാത്തപക്ഷം സാധാരണ ഗതിയിൽ അഞ്ചുവർഷത്തേക്കു് ശ്രീ. തൊമ്മനു് തന്റെ നിലം സ്വന്തമായി കൃഷിചെയ്യുന്നതിനു് സാദ്ധ്യമായിവരികയില്ല. 'കതിര' വരാത്തപക്ഷം അദ്ദേഹം അഞ്ചുവർഷവും എം. എൽ. എ. ആയി ഇരിക്കേണ്ട ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: എന്താണ് 'കതിർപ്രക്ഷോഭണം' എന്നു പറഞ്ഞാൽ?

ശ്രീ. പൊന്നറ ജി. ശ്രീധർ: ആവശ്യമില്ലാതെ ഈ ചോദ്യങ്ങൾ ചോദിക്കുന്നതെന്തിനാണ്? പറയുന്നതിന് അപ്പോഴപ്പോൾ മറുപടി ഈ അംഗത്തിനിന്നും പ്രസംഗിക്കുമ്പോൾ കൊടുക്കാമല്ലോ.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: ശ്രീ. പൊന്നറ ശ്രീധർക്ക് വിരോധമായതുകൊണ്ട് ഉത്തരം പറയാൻ വിഷമമുണ്ട്. എന്നാൽ ശ്രീ. കുഞ്ഞിരാമൻനമ്പ്യാരോടുള്ള ബഹുമാനംകൊണ്ട് ഉത്തരം പറയാതിരിക്കാനും തരമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കതിരപ്പുറത്ത് പ്രക്ഷോഭണം ഇവിടെ വരുന്നുണ്ടോ?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: വരുന്നെന്നും കതിരയെ മുഖ്യമന്ത്രിയുടെ മുറിയിൽ കെട്ടിയേ അടങ്ങൂ എന്നും കേട്ടു.

ശ്രീ. പി. ടി. ചാക്കോ: ആ കതിരപ്പുറത്തു വന്നാണോ മെമ്പറെ പിടിച്ചുകൊണ്ടുപോയത്?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: എന്നെ പിടിച്ചുകൊണ്ടുപോകാൻ ആരും വളർന്നിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: അഴിച്ചുവിട്ട കതിര വടക്കോട്ടാണ് പോയതെന്നറിയാമോ?

ശ്രീ. എം. നാരായണക്കുറുപ്പ്: രാജ്യത്തിന്റെ വിസ്തൃതി വടക്കോട്ടാണെന്നറിയാമോ?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: കതിരയുടെ കാലേക്കൂടെന്നല്ലാതെ എന്തു പറയാനാണ്?

സർ, സൗകര്യംപോലെ കൃഷിക്കാരനിൽനിന്ന് വസ്തു ഒഴിപ്പിക്കണമെന്നാഗ്രഹമുള്ളവർ നിയമത്തിന്റെ തലനാരിഴ കീറി വാരക്കാരന് കേവലം ടെലൻസിയുടെ സ്റ്റാറ്റസ് മാത്രമേ ഉള്ളൂ എന്നും മറ്റും പറയുന്നതിൽ തെറ്റില്ല. ഇതെല്ലാം കോടതികളിൽ പറയാൻ പറ്റിയതാണ്. എന്നാൽ ഭൂമിയിൽ അദ്ധ്വാനിക്കുന്നവന്റെ അവകാശാധികാരങ്ങൾക്ക് കാലോചിതമായി രൂപം കൊടുക്കുന്ന ഒരു ബില്ലിന്റെ ചർച്ചാവേളയിൽ ഇത്തരം വാദങ്ങൾ അസ്വീകാര്യങ്ങളാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഉത്തരം പറയാതിരിക്കുവാൻവേണ്ടിയിട്ട് അത്ര ബുദ്ധിശൂന്യനല്ല ഞാൻ. ഇത് അസംബ്ലിയാണെന്നും പറയേണ്ടത് എന്താണെന്നും അറിയാത്ത ഒരുമാതിരി ചന്തപ്പി…രെപ്പോലെ പറയുന്നവരെ ഇവിടെ അയച്ചവരെ വേണം പറയാൻ.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറയുന്നത് കതിരയെപ്പറ്റിയാണോ, അഴിച്ചുവിട്ട കഴുതയെപ്പറ്റിയാണോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: കഴുതകൾ ആ പ്രദേശത്തുനിന്നൊക്കെ വിട്ടുപോന്നു. കഴുതകളെല്ലാം അവിടെനിന്നും ഇവിടെ ചില ജോലികളെല്ലാം ഉണ്ടെന്നുപറഞ്ഞു പോന്നു. ഇപ്പോൾ അവിടെ നല്ല മൃഗങ്ങളാണുള്ളത്. ഏതായാലും കതിരയുടെയും കഴുതയുടെയും കാര്യമല്ല പറയുന്നത്. എന്റെ ഭേദഗതി 307:

37986

[ശ്രീ. പൊന്നറ ജി. ശ്രീധർ]

In clause 4 (1), parts 1 and 2 be redrafted as follows :—

"(1) Every varamdar who was cultivating any nilam continuously for a period of ten years preceding the enactment of this legislation, or

(2) where any nilam was not under cultivation on that date, the varamdar who so cultivated the nilam continuously for a period of twelve years before the cultivation season immediately preceding the date of enactment of this legislation" എന്നാണ്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ അമെൻഡുമെൻറുകൾ മൂവ് ചെയ്യേണ്ട സമയത്തില്ലായിരുന്നു. ഇപ്പോൾ മൂവ് ചെയ്യാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: നിർഭാഗ്യവശാൽ മൂവ് ചെയ്യേണ്ട സമയത്തിവിടെയില്ലായിരുന്നു. ആറു വർഷത്തിൻെറ കാര്യത്തിൽ ഇത്രയും കോലാഹലം നടന്നിരിക്കെ, എൻെറ ഭേദഗതിയുടെ കാര്യം പറയുമ്പോൾ എന്തായിരിക്കും! ഏതായാലും ഈ പാതിവാരം കൊടുക്കുന്നത് ഇവിടെ മാത്രമല്ല, പഞ്ചാബിലും പെപ്സുവിലും മദ്ധ്യപ്രദേശത്തും ഒക്കെ നടക്കുന്നുണ്ടെന്ന് പറഞ്ഞു. അവിടെ ക്രാപ്പ് ഷെയറേഴ്സ് എന്നും മററുമാണ് പറയുന്നത്. അങ്ങനെയുള്ള പേരുകൾ ക്രാപ്പ് ഷെയറിംഗ് എന്നും മററും എഴുതിയിരിക്കുന്നു മാത്രമാണ്. വാരംദാർ എന്ന് ഹിന്ദുസ്ഥാനിയിൽ ഇവിടെ എഴുതിച്ചേർത്തിരിക്കുന്നു. അത് വലുതായ കുഴപ്പത്തിനു കാരണമാണ്. ഇവിടെ ഇത് വെറും പാതിവാരക്കാരൻ എന്നാണ് പറയുന്നത്. പിന്നെ പറമ്പ എന്ന് എഴുതിവച്ചിരിക്കുന്നു. പറമ്പ എന്ന് മലയാളത്തിൽ എവിടെയാണുള്ളത്? പറമ്പ് എന്ന് എഴുതിച്ചേർത്താൽ കൊള്ളാം. എന്തിനാണ് ഈ പറമ്പ, വാരംദാർ എന്നൊക്കെ എഴുതിച്ചേർത്തിരിക്കുന്നത്? ഈ നാട്ടിൽ വാരംദാർ എന്നു പറഞ്ഞാൽ പാതിവാരക്കാരനാണ്. ഇവിടത്തെ കാര്യം പറയുമ്പോൾ വടക്കേ ഇൻഡ്യയിലെ ക്രാപ്പ് ഷെയറർ എന്നാണ്.........

ശ്രീ. സി. അച്യുതമേനോൻ: ശ്രീധർ എന്നുള്ളത് മലയാളമാണോ, ഹിന്ദുസ്ഥാനിയാണോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: വളരെ ചെറുപ്പമായിരുന്ന കാലത്ത് അങ്ങനെ ഒരു പേരു വയ്ക്കുന്നതൊരു മിടുക്കാണെന്നു തോന്നി. പക്ഷെ, അത് ഇപ്പോഴും ഔദ്യോഗിക റെക്കാർഡുകളിലും മററും അങ്ങനെതന്നെയിരിക്കുന്നു. ഇനി അതു മാററണമെന്നുണ്ടെങ്കിൽ അഞ്ചു രൂപ കൊടുക്കണം. ഏതായാലും അത് പത്തോ പതിനേഴോ വയസ്സിൽ തുടങ്ങിയതാണ്. അത് ഇഷ്ടപ്പെട്ടിട്ടല്ല; അത് മാററുന്നില്ല എന്നുള്ളതേയുള്ളു. ഈ കേരളത്തിലെ സ്ഥിതി ഇൻഡ്യയിലെ മററു ഭാഗങ്ങളുമായി നോക്കുമ്പോൾ വളരെ വ്യത്യാസമുണ്ടെന്ന് മനസ്സിലാക്കണം. ഇന്നി കേരളത്തിൽ തിരുവിതാംകൂറിലുള്ളതുപോലെ ഇത്രയും വലിയ ചെറുകിട ഉടമസ്ഥന്മാരുണ്ടോ എന്നു സംശയമാണ്. ഇവിടുത്തേതു കഴിഞ്ഞാൽപ്പിന്നെ ചെറുകിട ഉടമസ്ഥന്മാർ ബംഗാളിലേ ഉള്ളു. പക്ഷേ, ബംഗാളിലും ഉടമസ്ഥാവകാശം വസ്തു ഉടമസ്ഥന്മാർക്കാണ്. വളരെ കുറച്ചു ഭൂമിയേ മററു കൈവശം വച്ചുകാണുകയുള്ളു.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച 8 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 1 P. M. to meet again at 8 A. M. on Monday, the 11th May 1959.

LIBRARY ARCHIVES Kerala Legislative Assembly